# പഞ്ചായത്ത്‌രാജ്

പുസ്തകം 52 ◆ ലക്കം 7 | പഞ്ചായത്ത് വകുപ്പ് പ്രസിദ്ധീകരണം | ഒക്ടോബർ 2012

PALLIATIVE CARE

## സാന്ത്വനപരിചരണം കേരളത്തിൽ

**കേരളത്തിലെ ജനങ്ങളിൽ 0.3 മുതൽ 0.4 ശതമാനം ആളുകൾ സാന്ത്വന പരിചരണം ആവശ്യമുള്ളവരാണ്. ഇതനുസരിച്ച് പാലിയേറ്റീവ് പരിചരണം ആവശ്യമുള്ള ഒന്നേകാൽ ലക്ഷത്തോളം രോഗികൾ കേരളത്തിലുണ്ട്.**








# ഉള്ളടക്കം


5 എഡിറ്ററുടെ പേജ്

6 മാധ്യമങ്ങളിലെ സ്ത്രീ
ഡോ. എം കെ മുനീർ

8 മഹാത്മജിയും ഗ്രാമസ്വരാജും
കെ. ശശിധരൻ നായർ



10 യുവജന നയവും പങ്കാളിത്ത ജനാധിപത്യവും
എൻ. സുരാജ്



12 സാന്ത്വന പരിചരണം കേരളത്തിൽ
ഡോ. സുരേഷ് കുമാർ



14 കാരുണ്യ കൂട്ടായ്മയിലെ വിസ്മയം
ഉമ്മർ അറയ്ക്കൽ

20 കിടപ്പിലായ രോഗികളുടെ തൊഴിൽപരമായ പുനരധിവാസം
പി. ഫൈസൽ




24 പാലിയേറ്റീവ് പരിചരണം: ഇടുക്കി മാതൃക
അഡ്വ. അലക്സ് കോഴിമല

26 സജിയുടെ കണ്ണുകളിലെ തിളക്കം മറ്റനേകം കണ്ണുകളിലും ഉണ്ടാവട്ടെ....
ഡോ. അഞ്ജു മറിയം ജോൺ

28 പാലിയേറ്റീവ് പരിചരണം: സന്നദ്ധ-സർക്കാർ മേഖലകളുടെ പ്രാധാന്യം
ഡോ. മാത്യൂ നമ്പേലി



30 ഒരു നാടിന്റെ ജനകീയ സാന്ത്വന യാത്ര...
ഒ. ജ്യോതിഷ്



32 തണലിന്റെ സാന്ത്വനങ്ങളിലൂടെ....
അശോകൻ പി.ജി & രാജപ്പൻ

34 ഇ-ഗവേണൻസ് ന്യൂസ്



35 പെൺകൂട്ടായ്മയുടെ വിജയപഥം
അജിത് വെണ്ണിയൂർ



38 ഗ്രാമോത്സവമായി ഗ്രാമയാത്ര
പഞ്ചായത്ത് ന്യൂസ് സർവ്വീസ്

42 വാർത്തകൾ വിശേഷങ്ങൾ

# കത്തുകൾ



## ഉയരം കുറഞ്ഞതും അത്യുൽപ്പാദനശേഷിയുള്ളതുമായ തെങ്ങിൻതൈകൾ വെച്ചുപിടിപ്പിക്കണം

ആഗസ്റ്റ് ലക്കം പഞ്ചായത്ത് രാജ് മാസികയിൽ വി.എസ്. ലാലി എഴുതിയ ലേഖനം ശ്രദ്ധേയമായി. കരിക്കിൻ വെള്ളം ഒരു ഉത്തമ പാനീയമാണെന്നും അതിൽ മനുഷ്യശരീരത്തിന് ആവശ്യമായ പല ഘടകങ്ങളും അടങ്ങിയിട്ടുണ്ടെന്നും കരിക്കിന്റെ ഉപയോഗം വർദ്ധിപ്പിച്ച് നാളികേര കൃഷി ആദായകരമാക്കാനുള്ള വഴികളും നിർദ്ദേശിക്കുന്ന ലേഖനം എന്തുകൊണ്ടും ശ്രദ്ധിക്കപ്പെടേണ്ടത് തന്നെയാണ്. എന്നാൽ ഇത് എങ്ങനെ നടപ്പിലാകും? നമ്മുടെ കേരളത്തിൽ ഉയരം കൂടിയതും വേണ്ടത്ര കായ്ഫലം ഇല്ലാത്തതുമായ തെങ്ങിൻ തോട്ടങ്ങളാണ് ഒട്ടുമിക്കതും. ഇത്തരം തെങ്ങിൽ കയറി കരിക്ക് ഇറക്കുക പ്രയാസമേറിയതും ചെലവ് കൂടിയതുമാണ്. തമിഴ്നാട്ടിലാവട്ടെ ലോറിയുമായി തെങ്ങിൻ തോപ്പിൽ പോയി സ്വയം കരിക്കിൻ കുല വെട്ടി ലോറിയിൽ നിക്ഷേപിക്കാം. അത്രയും ഉയരം കുറഞ്ഞതാണ് അവിടങ്ങളിലെ തോട്ടങ്ങൾ. മാത്രമല്ല, അത്യുൽപ്പാദനശേഷി കൂടിയതുമായ തെങ്ങുകളും. ഈ മാതൃക നമ്മുടെ കേരളത്തിലും നടപ്പിലാക്കാൻ ശ്രമിച്ചാൽ മാത്രമേ ലേഖനത്തിൽ പറഞ്ഞ കാര്യങ്ങൾ പ്രാവർത്തികമാക്കാൻ കഴിയൂ.

***മുഹമ്മദ് വാവാട്ട്***, പാഴൂർ പി.ഒ., കോഴിക്കോട്

# പുലാമന്തോളിന് കേന്ദ്രസർക്കാർ പുരസ്കാരം




*കേന്ദ്ര സർക്കാരിന്റെ വയോ ശ്രേഷ്ഠ സമ്മാൻ പുരസ്ക്കാരത്തിലെ മികച്ച പഞ്ചായത്തിനുള്ള അവാർഡ് കേന്ദ്ര ആഭ്യന്തര വകുപ്പുമന്ത്രി സുശീൽകുമാർ ഷിൻഡെയിൽ നിന്ന് പുലാമന്തോൾ ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് എം.കെ. റഫീഖയും സെക്രട്ടറി കെ. സിദ്ദിഖും ഏറ്റുവാങ്ങുന്നു.*

കേന്ദ്ര സർക്കാരിന്റെ 2012ലെ വയോ ശ്രേഷ്ഠ സമ്മാൻ പുരസ്ക്കാരത്തിലെ മികച്ച പഞ്ചായത്തിനുള്ള അവാർഡ് മലപ്പുറം ജില്ലയിലെ പുലാമന്തോൾ ഗ്രാമപഞ്ചായത്തിന് ലഭിച്ചു. അന്താരാഷ്ട്ര വയോജന ദിനമായ ഒക്ടോബർ 1ന് ന്യൂഡൽഹിയിലെ വിജ്ഞാൻ ഭവനിൽ നടന്ന ചടങ്ങിൽ പഞ്ചായത്ത് പ്രസിഡന്റ് എം.കെ. റഫീഖയും സെക്രട്ടറി കെ. സിദ്ധിഖും കേന്ദ്ര അഭ്യന്തരമന്ത്രി സുശീൽകുമാർ ഷിൻഡെയിൽ നിന്നും പുരസ്ക്കാരം ഏറ്റുവാങ്ങി. വയോജന ക്ഷേമരംഗത്ത് മികച്ച പ്രവർത്തനം കാഴ്ചവെച്ചതിനാണ് പുലാമന്തോൾ പഞ്ചായത്തിന് അവാർഡ് ലഭിച്ചത്.

കിടപ്പിലായ രോഗികൾക്ക് സാന്ത്വന ചികിത്സ നൽകുന്ന പരിരക്ഷ പദ്ധതി, പ്രമേഹം, പ്രഷർ, ആസ്തമ ബാധിച്ച രോഗികൾക്കു സൗജന്യമായി മരുന്ന് നൽകുന്ന സ്നേഹകിരണം പദ്ധതി, സൗജന്യ തിമിര ശസ്ത്രക്രിയ ക്യാമ്പ്, വൃദ്ധ ജനാരോഗ്യ പരിപാലനം, കണ്ണട, ഹിയറിംഗ് എയ്ഡ്, വാട്ടർബെഡ് മുതലായ സഹായ ഉപകരണങ്ങളുടെ വിതരണം, ആശ്രയ തുടങ്ങിയ പദ്ധതികൾ നടപ്പാക്കിയതാണ് പഞ്ചായത്തിന് പുരസ്ക്കാരം നേടാൻ സഹായകമായത്.

**പഞ്ചായത്ത് രാജ്**
പഞ്ചായത്ത് വകുപ്പ് പ്രസിദ്ധീകരണം

ഒക്ടോബർ 2012
പുസ്തകം 52
ലക്കം 7
വാർഷിക വരിസംഖ്യ: ₹ 120
www.lsgkerala.gov.in

**ഉപദേശക സമിതി**

ചെയർമാൻ
**ഡോ. എം.കെ. മുനീർ**
പഞ്ചായത്ത് വകുപ്പ് മന്ത്രി

അംഗങ്ങൾ
**വി.എസ്. സെന്തിൽ**, ഐ.എ.എസ്.
പ്രിൻസിപ്പൽ സെക്രട്ടറി,
തദ്ദേശസ്വയംഭരണവകുപ്പ്

**എ. ഫിറോസ്**
ഡയറക്ടർ
ഇൻഫർമേഷൻ & പബ്ലിക് റിലേഷൻസ് വകുപ്പ്

**പി.ടി. മാത്യു**
പ്രസിഡന്റ്
കേരള ഗ്രാമപഞ്ചായത്ത് അസോസിയേഷൻ

**ജി. രാജീവ്**
സെക്രട്ടറി, പ്രസ് ക്ലബ്ബ്, തിരുവനന്തപുരം

**ജി. ഹരികൃഷ്ണൻ**
പബ്ലിസിറ്റി ഓഫീസർ, പഞ്ചായത്ത് വകുപ്പ്

കൺവീനർ
**എസ്. ലളിതാംബിക**, ഐ.എ.എസ്.
പഞ്ചായത്ത് ഡയറക്ടർ

എഡിറ്റർ
**എസ്. ലളിതാംബിക**, ഐ.എ.എസ്.
e-mail: directorofpanchayat@gmail.com
Ph: 0471-2323286

അസിസ്റ്റന്റ് എഡിറ്റർ
**ജി. ഹരികൃഷ്ണൻ**
e-mail: pub.off@gmail.com
Ph: 0471-2321280

കവർ ഡിസൈൻ & ലേ ഔട്ട്
എ.ബി.സി. കളർ സിസ്റ്റംസ്

ലേഖകരുടെ അഭിപ്രായം
സർക്കാരിന്റേതായിരിക്കണമെന്നില്ല.
അവയുടെ പൂർണ്ണമായ ഉത്തരവാദിത്വം
ലേഖകർക്ക് മാത്രമായിരിക്കും.
പരസ്യങ്ങളുടെ ഉള്ളടക്കത്തിലും
പഞ്ചായത്ത്രാജിന് ഉത്തരവാദിത്വമില്ല.

**മേൽവിലാസം**
എഡിറ്റർ
പഞ്ചായത്ത് രാജ് മാസിക
പഞ്ചായത്ത് ഡയറക്ടറേറ്റ്, മ്യൂസിയം പി.ഒ.
തിരുവനന്തപുരം - 695033.

*എഡിറ്ററുടെ പേന*

# മരണത്തിന്റെ ഗുണമേന്മ

ജീവിതത്തിന്റെ ഗുണമേന്മപോലെ *(Quality of life)* ഇന്ന് വളരെയധികം ചർച്ച ചെയ്യപ്പെടുന്ന വിഷയമാണ് മരണത്തിന്റെ ഗുണമേന്മയും *(Quality of Death)*. ദീർഘകാലരോഗങ്ങളാലും മാറാരോഗങ്ങളാലും ദുരിതമനുഭവിക്കുന്ന രോഗികൾ, ആസന്നമരണരായ രോഗികൾ, വാർദ്ധക്യസഹജമായ രോഗങ്ങളാൽ ജീവിതം ദുഷ്ക്കരമായി തീർന്നവർ തുടങ്ങിയവരുടെ ശിഷ്ടകാല ജീവിതത്തിൽ വേദനയും കഷ്ടപ്പാടും കഴിയാവുന്നിടത്തോളം അകറ്റി അവർക്ക് ആശ്വാസമേകുന്ന പാലിയേറ്റീവ് പരിചരണ *(Palliative care)* ചികിത്സയുടെ പ്രസക്തി ഇന്ന് വളരെയധികം വർദ്ധിച്ചിരിക്കുകയാണ്.

2010ൽ ഇക്കണോമിസ്റ്റ് ഇന്റലിജൻസ് യൂണിറ്റ് സാന്ത്വന പരിചരണവുമായി ബന്ധപ്പെട്ട മേഖലയിൽ ലോകത്തിലെ 40 രാഷ്ട്രങ്ങളെ പട്ടികപ്പെടുത്തിയപ്പോൾ അതിൽ ഇന്ത്യയുടെ റാങ്കിംഗ് നാല്പതായിരുന്നു. ബ്രിട്ടൺ 7.9 പോയിന്റ് ലഭിച്ച് ഒന്നാമതെത്തിയപ്പോൾ 1.9 ആയിരുന്നു ഇന്ത്യയ്ക്ക് ലഭിച്ച സ്കോർ. എന്നാൽ ഇന്ത്യയിൽ നടക്കുന്ന പാലിയേറ്റീവ് പ്രവർത്തനങ്ങളുടെ മൂന്നിൽ രണ്ടും ജനസംഖ്യയുടെ മൂന്ന് ശതമാനം മാത്രമുള്ള കേരളത്തിലാണെന്നുള്ളതാണ് ശ്രദ്ധേയമായ കാര്യം.

2008ൽ കേരള സർക്കാർ പ്രഖ്യാപിച്ച പാലിയേറ്റീവ് പരിചരണ നയമാണ് കേരളത്തിലെ പാലിയേറ്റീവ് പ്രവർത്തനങ്ങൾക്ക് അടിത്തറയിട്ടതും ദിശാബോധം നൽകിയതും. ഇതിനനുസൃതമായി സർക്കാർ പുറപ്പെടുവിച്ച തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ ആഭിമുഖ്യത്തിൽ നടപ്പാക്കേണ്ട പ്രവർത്തനങ്ങളുടെ മാർഗ്ഗരേഖ ഇക്കഴിഞ്ഞ ആഗസ്റ്റിൽ സമഗ്രമായി പരിഷ്ക്കരിച്ചിരിക്കുകയാണ്. പുതുക്കിയ മാർഗ്ഗരേഖ പ്രകാരം പന്ത്രണ്ടാം പദ്ധതിക്കാലയളവിൽ ഗ്രാമപഞ്ചായത്തുകളും മുനിസിപ്പാലിറ്റികളും കോർപ്പറേഷനുകളും അനിവാര്യമായും നടപ്പാക്കേണ്ട ഒരു പദ്ധതിയായി പാലിയേറ്റീവ് പരിചരണം മാറിയിരിക്കുന്നു. സംസ്ഥാനത്തെ പകുതിയിലധികം തദ്ദേശഭരണ സ്ഥാപനങ്ങളും ഇപ്പോൾ തന്നെ പാലിയേറ്റീവ് പദ്ധതി ഏറ്റെടുത്ത് നടപ്പാക്കി വരുന്നുണ്ട്. ബാക്കി സ്ഥാപനങ്ങൾ ഈ സാമ്പത്തിക വർഷം മുതൽ പദ്ധതി നടപ്പാക്കി തുടങ്ങും.

ഓരോ തദ്ദേശസ്ഥാപനവും അവയുടെ പരിധിയിലുള്ള, ദീർഘകാല രോഗങ്ങളാലും മാറാരോഗങ്ങളാലും ദൈനംദിന കാര്യങ്ങൾക്ക് പരസഹായം ആവശ്യമായ നിലയിൽ വീടുകളിൽ ദുരിതമനുഭവിക്കുന്നവരെ കണ്ടെത്തി ഹോംകെയർ ഉൾപ്പെടെയുള്ള പരിചരണ സംവിധാനം ഒരുക്കേണ്ടതാണ്. രോഗികൾക്ക് ആവശ്യമായ വാട്ടർബെഡ്, വീൽ ചെയർ, കമോഡ് തുടങ്ങിയവ കഴിവതും പൊതുസമൂഹത്തിന്റെയും സന്നദ്ധ സംഘടനകളുടെയും സഹായത്താൽ ലഭ്യമാക്കുന്നതിന് മുൻഗണന നൽകണം. പെൻഷന് അർഹതയുള്ള രോഗികൾക്ക് അവ ലഭ്യമാക്കുന്നതിനുള്ള നടപടികൾ തദ്ദേശഭരണസ്ഥാപനങ്ങൾ സ്വീകരിക്കണം. തൊഴിൽ ചെയ്യാൻ ശേഷിയുള്ള രോഗികളെ തൊഴിൽപരമായി പുനരധിവസിപ്പിക്കുന്നതിനുതകുന്ന പ്രോജക്ടുകൾ തദ്ദേശഭരണ സ്ഥാപനങ്ങൾ ഏറ്റെടുക്കണം. രോഗിയുടെ പരിചരണംപോലെ തന്നെ പ്രധാനമാണ് രോഗികൾ അംഗങ്ങളായുള്ള കുടുംബങ്ങളുടെ പ്രശ്നങ്ങളും. ഇത്തരം കുടുംബങ്ങളിലെ കുട്ടികളുടെ വിദ്യാഭ്യാസം, ഭക്ഷണം തുടങ്ങിയ കാര്യങ്ങൾ പൊതുസമൂഹത്തിന്റെ കൂടി സഹായത്തോടെ പരിഹരിക്കുന്നതിന് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ നേതൃത്വം നൽകണം. പാലിയേറ്റീവ് കെയർ ഒരു തുടർപദ്ധതിയായി എല്ലാ വർഷവും നടപ്പാക്കേണ്ടതാണ്. പ്രോജക്ടിന് അംഗീകാരം ലഭിച്ചില്ലെങ്കിൽകൂടിയും ഏപ്രിൽ മാസം മുതൽ പദ്ധതി നടപ്പാക്കുന്നതിനുള്ള ചെലവ് വികസന ഫണ്ടിൽ നിന്നും വഹിക്കുന്നതിന് സർക്കാർ നിർദ്ദേശം നൽകിയിട്ടുണ്ട്. സംരക്ഷിക്കാൻ ആരോരുമില്ലാത്ത കിടപ്പിലായ രോഗികളെ പരിചരിക്കുന്നതിനുള്ള സംവിധാനം ഏർപ്പെടുത്താൻ പ്രത്യേകം ശ്രദ്ധിക്കണം.

മാനവരാശിയുടെ ചരിത്രത്തിൽ ആദ്യമായി ജനസംഖ്യയിൽ 65 വയസ്സുകഴിഞ്ഞവരുടെ എണ്ണം 5 വയസ്സിനു താഴെയുള്ളവരുടെ എണ്ണത്തേക്കാൾ വർദ്ധിക്കുവാൻ പോവുകയാണ്. വരുംവർഷങ്ങളിൽ ഇതു സംഭവിക്കുമെന്നാണ് കണക്കുകൾ സൂചിപ്പിക്കുന്നത്. ആയുർദൈർഘ്യത്തിന്റെ കാര്യത്തിൽ ഇന്ത്യൻ സംസ്ഥാനങ്ങളുടെ മുൻനിരയിലാണ് കേരളം. മനുഷ്യന്റെ ആയുർദൈർഘ്യവർദ്ധന ആരോഗ്യമേഖലയുടെ വളർച്ചയുടെ സൂചിക കൂടിയാണ്. പ്രായാധിക്യത്തെ തുടർന്നുള്ള സങ്കീർണ്ണവും ചികിത്സയ്ക്ക് ചെലവേറിയതുമായ രോഗങ്ങൾ ദരിദ്ര-സമ്പന്ന വ്യത്യാസമെന്യേ കേരളത്തിൽ സർവ്വസാധാരണമാവുകയാണ്. ആരോഗ്യരംഗത്തെ പേരുകേട്ട കേരള മോഡലിന് ഇന്ന് ഭീഷണികൾ നിരവധിയാണ്. മലപ്പുറം, ഇടുക്കി, പാലക്കാട് ജില്ലകൾ പാലിയേറ്റീവ് പരിചരണ രംഗത്ത് മാതൃകാപരമായ പ്രവർത്തനങ്ങൾ നടത്തിവരുന്നുണ്ട്. അതു കേരളം മുഴുവൻ വ്യാപിപ്പിക്കണം. നമ്മുടെ ആരോഗ്യരംഗത്തെ നേട്ടങ്ങളിൽ പൊൻതൂവലായി മാറട്ടെ പാലിയേറ്റീവ് പരിചരണം.

# മാധ്യമങ്ങളിലെ സ്ത്രീ



**ഡോ. എം.കെ. മുനീർ**
പഞ്ചായത്ത് സാമൂഹ്യക്ഷേമ വകുപ്പ് മന്ത്രി

മുപ്പത്തിയെട്ട് ലക്ഷം വനിതകളുടെ ഉയർത്തെഴുന്നേൽപ്പിലൂടെയും ശാക്തീകരണത്തിലൂടെയും പരിവർത്തനത്തിന്റെ ഒരു പുതിയ ചരിത്രം എഴുതിച്ചേർത്ത കഥയാണ് കുടുംബശ്രീയുടേത്. ലക്ഷക്കണക്കിന് സഹോദരിമാരുടെ അനുഭവസാക്ഷ്യങ്ങൾ നമുക്ക് നേർ സാക്ഷ്യങ്ങളായി മാറുകയാണ്. ലോകത്തിന്റെ ഏത് വേദിയിലും മാധ്യമ ചർച്ചയ്ക്ക് വിഷയമാകാവുന്ന ഈ അനുഭവകഥനം സ്ത്രീശാക്തീകരണത്തിലെയും മുന്നേറ്റത്തിലെയും ഒരു സുവർണ്ണ അധ്യായമാണ്. മാധ്യമങ്ങൾക്ക് ഇനി ഞങ്ങളെ കണ്ടില്ല കേട്ടില്ല എന്ന് പറയാൻ കഴിയില്ല.

നൈരന്തര്യം അവകാശപ്പെടാവുന്ന നിരവധി പ്രസ്ഥാനങ്ങൾ ലോകത്തില്ല. പല പ്രസ്ഥാനങ്ങളും ഭ്രൂണരൂപത്തിൽ ജന്മമെടുക്കുകയും വളരുകയും വികസിക്കുകയും പൊലിയുകയും ചെയ്തിട്ടുണ്ട്. ലോകഗതി മാറ്റിമറിച്ച പ്രസ്ഥാനങ്ങൾ പോലും അവയുടെ ദൗത്യം പൂർത്തിയാക്കുകയോ പൂർത്തിയാക്കാതിരിക്കുകയോ ചെയ്തിട്ട് യവനികയ്ക്ക് പിന്നിലേക്ക് മാറുകയുണ്ടായി. എന്നാൽ വനിതാപ്രസ്ഥാനങ്ങളുടെ സ്ഥിതി അതല്ല. അവ നിരന്തര പോരാട്ടത്തിലാണ്, അവകാശ സമരങ്ങളിലാണ്. ഈ പ്രസ്ഥാനങ്ങളുടെ അടിസ്ഥാന ലക്ഷ്യം സ്ത്രീ ജീവിതത്തിന്റെ ഗുണമേന്മ ഉയർത്തുക എന്നത് തന്നെയാണ്. ഗുണമേന്മ ഉയരാൻ ശക്തീകരണം സാധിതമാകണം. ഈ പ്രക്രിയ സ്ത്രീകളിലോ അവരുടെ പ്രസ്ഥാനങ്ങളിലോ മാത്രം ഒതുങ്ങുന്നതല്ല. സാമൂഹിക-സാമ്പത്തിക-രാഷ്ട്രീയ രംഗങ്ങളിൽ പോലും ചലനങ്ങൾ സൃഷ്ടിക്കുന്നതാണ്.

വനിതാപ്രസ്ഥാനങ്ങൾക്ക് മാധ്യമങ്ങൾ വേണ്ടത്ര പിന്തുണ നൽകുന്നുണ്ടോ? സമൂഹത്തിൽ മാധ്യമങ്ങളുടെ സ്വാധീനവും വ്യാപ്തിയും അതിവിപുലമാണ്. സമകാലിക ഇന്ത്യൻ രാഷ്ട്രീയം പരിശോധിച്ചാൽ പല പ്രസ്ഥാന നായകരെയും ആരാധനാമൂർത്തികളെയും സൃഷ്ടിക്കുകയും സംഹരിക്കുകയും ചെയ്യുന്നതിൽ മാധ്യമങ്ങൾ വലിയ പങ്ക് വഹിച്ചതായി കാണാം. എന്നാൽ വനിതകൾക്ക് സമൂഹത്തിൽ കുറേക്കൂടി വിശിഷ്ടമായ സ്ഥാനം നേടിക്കൊടുക്കാൻ മാധ്യമങ്ങൾക്ക് സമർത്ഥമായി ഇടപെടാൻ കഴിയുന്ന മേഖലകൾ ഉണ്ട്.

വനിതകൾ വിവിധ രംഗങ്ങളിൽ നേരിടുന്ന അവഗണന, പാർശ്വവൽക്കരണം, വ്യക്തിത്വത്തെ മാനിക്കാതിരിക്കൽ, അവർക്കെതിരായ അതിക്രമം, ലിംഗവിവേചനം, സാമൂഹിക പങ്കാളിത്തത്തിലെ തുല്യതയില്ലായ്മ ഇവയിലേക്കൊക്കെ മാധ്യമങ്ങൾക്ക് ഫോക്കസ് ചെയ്യാൻ കഴിയണം. കുടുംബിനി എന്നതിനപ്പുറം അവൾക്ക് സ്വന്തം ശബ്ദവും വ്യക്തിത്വവും കരുത്തും ഉണ്ടെന്ന് സമൂഹത്തിനാകെ ബോധ്യപ്പെടണം. നമ്മുടെ പുരാണങ്ങളിൽ സ്ത്രീ ശക്തിയുടെ പര്യായമായിരുന്നു. ശാക്തീകരണം എന്ന വാക്ക് കേവലാർത്ഥത്തിൽ സ്ത്രീയുടെ ശാക്തീകരണമായി മാറുന്നു.

സമൂഹത്തിൽ സ്ത്രീയുടെ സ്റ്റാറ്റസ് ഉയരുമ്പോൾ മാത്രമേ ലിംഗവിവേചനത്തിന് അന്ത്യമാവുകയുള്ളു. തങ്ങളുടെ ചിന്താധാരകൾ വിനിമയം ചെയ്യപ്പെടുക എന്നത് സ്ത്രീ പദവി ഉയർത്തുന്നതിനുള്ള അനിവാര്യ ഘടകമാണ്. ഈ വിനിമയം സാധ്യമാകുന്നതിലും മാധ്യമങ്ങളാണ് പ്രധാന പങ്കുവഹിക്കേണ്ടത്. സമൂഹത്തിൽ പരിവർത്തനം സൃഷ്ടിക്കാൻ കെൽപുള്ളവർ സ്ത്രീകളാണ് എന്ന അവബോധം അവരിൽ സൃഷ്ടിക്കാൻ മാധ്യമങ്ങൾക്ക് കഴിയും. പുരുഷ മേധാവിത്വത്തെ ചോദ്യം ചെയ്യാനും കീഴടക്കാനും കഴിയുമെന്ന് സമീപകാല സംഭവങ്ങൾ തെളിയിച്ചിട്ടുണ്ട്. ലൈബീരിയയിൽ വനിതാപ്രസ്ഥാനം നിലവിലെ ഭരണം അട്ടിമറിച്ച് ഭരണം പിടിച്ചെടുത്തത് നമുക്കറിയാം. പുരുഷ മേധാവിത്തത്തെ കീഴ്പ്പെടുത്തിയ ഉജ്ജ്വലമായ ഒരു ഏട് ലൈബീരിയൻ വനിതകൾ ചരിത്രത്തിൽ എഴുതിച്ചേർക്കുകയായിരുന്നു. പ്രസ്ഥാന നായിക ലിമാ ബോവെ അധികാരം ഏൽക്കുകയും പിന്നീട് നൊബേൽ സമ്മാനാർഹയാവുകയും ചെയ്തു.

മാധ്യമങ്ങളുടെ ശീലങ്ങൾക്ക് ഗ്ലോബലൈസേഷൻ, കച്ചവട സാമ്പത്തികശാസ്ത്രം, പുത്തൻ സാങ്കേതിക വിദ്യ എന്നിവ വലിയ മാറ്റം വരുത്തിയിട്ടുണ്ട്. നേരത്തെ അത് വെറുമൊരു റിപ്പോർട്ടിംഗ് ഉപകരണം മാത്രമായിരുന്നുവെങ്കിൽ ഇന്ന് പൊതുജനാഭിപ്രായം സ്വരൂപിക്കാനും രൂപം നൽകാനും സ്വാധീനിക്കാനും കഴിയുന്ന ചൈതന്യവത്തും സുശക്തവുമായ മാധ്യമമായിരിക്കുന്നു. അനന്ത സാധ്യതകൾ അതിന് മുന്നിൽ ഉണ്ട്. ഈ സാധ്യതകൾ സ്ത്രീ ശാക്തീകരണത്തിനായി പ്രയോജനപ്പെടുത്തേണ്ടിയിരിക്കുന്നു.

സ്ത്രീകേന്ദ്രീകൃതമായ പൈങ്കിളി സീരിയലുകളിലും സ്ത്രീകേന്ദ്രീകൃതമായ പരസ്യങ്ങളിലും പ്രത്യക്ഷപ്പെടുന്ന സ്ത്രീയല്ല യഥാർത്ഥ സ്ത്രീ എന്ന ശക്തമായ സന്ദേശം സമൂഹത്തിൽ വ്യാപകമാകണം. വാണിജ്യ താത്പര്യങ്ങളോടൊപ്പം സാമൂഹിക താത്പര്യങ്ങളും പരിഗണിക്കപ്പെടണം. ജനാധിപത്യത്തിന്റെയും സ്ത്രീസമത്വത്തിന്റെയും ശാക്തീകരണം യാഥാർത്ഥ്യമാവാൻ ഇതാവശ്യമാണ്. വനിതകളുടെ വിജയഗാഥകൾ ഉയർത്തിക്കാട്ടുക എന്നത് അവർ ശാക്തീകരിക്കപ്പെടുന്നു എന്ന അവബോധം കൂടി പകർന്നു നൽകുന്ന ഒന്നാണ്. സ്ത്രീക്ക് മുന്നേറാനുള്ള തടസ്സവും അവസര നിഷേധവും തസ്നീം അഹ്മർ എന്ന ലണ്ടനിലെ ഒരു മാധ്യമ ഗവേഷണ സ്ഥാപന അദ്ധ്യക്ഷ വിശേഷിപ്പിക്കുന്നത് “Women fall prey to the glass ceiling and sticky floor phenomena” എന്നാണ്. മുന്നിലെ glass ceiling മുന്നേറാൻ തടസ്സം നിൽക്കുന്നു. എന്നാൽ തടസ്സം വ്യക്തമായി കാണുകയും ചെയ്യാം. വഴുതുന്ന തറയാകട്ടെ, അവളെ താഴെ വീഴ്ത്തുകയും ചെയ്യുന്നു. ഈ glass ceiling ഉം sticky floor ഉം വിജയകരമായി മറികടക്കുന്നിടത്താണ് സ്ത്രീയുടെ വിജയം.

സോഷ്യൽ മീഡിയയെ സ്ത്രീശാക്തീകരണത്തിന് ഫലപ്രദമായി ഉപയോഗിക്കാൻ കഴിയും. സ്ത്രീയെ അടിച്ചമർത്താൻ ലൈംഗികത ആയുധമാക്കുന്ന സമ്പ്രദായത്തിന് തടയിടാൻ സോഷ്യൽ മീഡിയയിലെ അഭിപ്രായ രുപീകരണത്തിലൂടെ സാധിക്കും. ടി.വി. പരസ്യങ്ങളിൽ സ്ത്രീയെ ചൂഷണം ചെയ്യുന്നത് ചോദ്യം ചെയ്യാനും കഴിയുക സോഷ്യൽ മീഡിയയ്ക്കാണ്. ഈ സാധ്യത ഉപയോഗപ്പെടുത്തണം.

38 ലക്ഷം വനിതകളുടെ ഉയർത്തെഴുന്നേൽപ്പിലൂടെയും ശാക്തീകരണത്തിലൂടെയും പരിവർത്തനത്തിന്റെ ഒരു പുതിയ ചരിത്രം എഴുതിച്ചേർത്ത കഥയാണ് കുടുംബശ്രീയുടേത്. ലക്ഷക്കണക്കിന് സഹോദരിമാരുടെ അനുഭവസാക്ഷ്യങ്ങൾ നമുക്ക് നേർ സാക്ഷ്യങ്ങളായി മാറുകയാണ്. ലോകത്തിന്റെ ഏത് വേദിയിലും മാധ്യമ ചർച്ചയ്ക്ക് വിഷയമാകാവുന്ന ഈ അനുഭവകഥനം സ്ത്രീശാക്തീകരണത്തിലെയും മുന്നേറ്റത്തിലെയും ഒരു സുവർണ്ണ അധ്യായമാണ്. മാധ്യമങ്ങൾക്ക് ഇനി ഞങ്ങളെ  കണ്ടില്ല കേട്ടില്ല എന്ന് പറയാൻ കഴിയില്ല. മാധ്യമങ്ങൾ കയ്യാളാൻ ഞങ്ങളും പ്രാപ്തരാണ് എന്നുകൂടി വിളംബരം ചെയ്യുന്നതാണ് ഈ രചനാ വിപ്ലവം. മാധ്യമങ്ങളേ ഇതിലേ.....ഇതിലേ....സന്ദേശം  അതാണ്. ■

*കുടുംബശ്രീയുടെ പതിനാലാം വാർഷികത്തോടനുബന്ധിച്ച് എറണാകുളത്ത് നടന്ന മാധ്യമ സംവാദത്തിൽ പഞ്ചായത്ത് സാമൂഹ്യക്ഷേമ വകുപ്പ് മന്ത്രി ഡോ. എം.കെ. മുനീർ നടത്തിയ ഉദ്ഘാടന പ്രസംഗത്തിൽ നിന്ന്*

**സ്ത്രീകേന്ദ്രീകൃതമായ പൈങ്കിളി സീരിയലുകളിലും സ്ത്രീകേന്ദ്രീകൃതമായ പരസ്യങ്ങളിലും പ്രത്യക്ഷപ്പെടുന്ന സ്ത്രീയല്ല യഥാർത്ഥ സ്ത്രീ എന്ന ശക്തമായ സന്ദേശം സമൂഹത്തിൽ വ്യാപകമാകണം. വാണിജ്യ താത്പര്യങ്ങളോടൊപ്പം സാമൂഹിക താത്പര്യങ്ങളും പരിഗണിക്കപ്പെടണം. ജനാധിപത്യത്തിന്റെയും സ്ത്രീ സമത്വത്തിന്റെയും ശാക്തീകരണം യാഥാർത്ഥ്യമാവാൻ ഇതാവശ്യമാണ്.**

പഞ്ചായത്ത് രാജ്

# മഹാത്മജിയും ഗ്രാമസ്വരാജും

കെ. ശശിധരൻ നായർ

**ഇന്ത്യയുടെ ആത്മാവ് ഗ്രാമങ്ങളിലാണെന്നും ഗ്രാമങ്ങൾ നശിച്ചാൽ ഇന്ത്യയുടെ നാശമാണ് ഫലമെന്നും മഹാത്മജി മുന്നറിയിപ്പ് നൽകി. സ്വയം സമ്പൂർണ്ണ ഗ്രാമസൃഷ്ടിയിലൂടെ മാത്രമേ രാഷ്ട്ര പുനർനിർമ്മാണം സാദ്ധ്യമാക്കാൻ കഴിയുകയുള്ളൂവെന്നും അദ്ദേഹം കണ്ടെത്തിയിരുന്നു.**

*"ക്രിസ്തു ദേവന്റെ പരിത്യാഗശീലവും, സാക്ഷാൽ*
*കൃഷ്ണനാം ഭഗവാന്റെ ധർമ്മരക്ഷോപായവും,*
*ബുദ്ധന്റെയഹിംസയും ശങ്കരാചാര്യരുടെ*
*ബുദ്ധിശക്തിയും, രന്തിദേവന്റെ ദയാവായ്പും,*
*ശ്രീഹരിശ്ചന്ദ്രനുള്ള സത്യവും, മുഹമ്മദിൻ*
*സ്ഥൈര്യവുമൊരാളിൽച്ചേർന്നു കാണണമെങ്കിൽ*
*ചെല്ലുവിൻ ഭഗവാന്മാരെൻ ഗുരുവിൽ നികടത്തി;*
*ലല്ലായ്കിലവിടത്തെ ചരിത്രം വായിക്കുവിൻ*

രാഷ്ട്രപിതാവായ മഹാത്മജിയെക്കുറിച്ച് മഹാകവി വള്ളത്തോൾ നാരായണമേനോൻ കുറിച്ച ഈ വരികൾക്കപ്പുറം ഒരു വിശദീകരണം ആവശ്യമുണ്ടെന്ന് തോന്നുന്നില്ല.

'എന്റെ ജീവിതമാണ് സന്ദേശം' എന്നു ലോകത്തോട് പറയാൻ ധൈര്യം കാട്ടിയ ഒരേയൊരു ജനനേതാവാണ് മഹാത്മാഗാന്ധി. സത്യമായിരുന്നു അദ്ദേഹത്തിന്റെ പ്രമാണം. സത്യമാണ് ഈശ്വരൻ എന്ന് തന്റെ സത്യാന്വേഷണ പരീക്ഷകളിലൂടെ കണ്ടെത്തുകയും അത് നമ്മെ പഠിപ്പിക്കുകയും ചെയ്തു. അഹിംസയും സഹനവുമായിരുന്നു അദ്ദേഹത്തിന്റെ ആയുധം. കോട്ടും സൂട്ടും ഉപേക്ഷിച്ച് അർദ്ധനഗ്നനായ ഫക്കീറായി, ഛിന്നഭിന്നമായിക്കിടന്ന ഭാരതത്തിലുടനീളം സഞ്ചരിക്കുകയും ജനങ്ങളോടൊപ്പം അവിടത്തെ കഷ്ടപ്പാടുകൾ സഹിച്ച് ജീവിക്കുകയും അവരെ ബോധവൽക്കരിക്കുകയും അവരെ കൂടെ നിർത്തി സൂര്യനസ്തമിക്കാത്ത ബ്രിട്ടീഷ് സാമ്രാജ്യത്വത്തിനെതിരെ സമരം ചെയ്യാൻ സജ്ജമാക്കുകയും ചെയ്തു മഹാത്മജി. തൊട്ടുകൂടായ്മക്കും തീണ്ടിക്കൂടായ്മക്കും എതിരെ പ്രവർത്തിച്ച് പ്രദേശത്തിനും ജാതിക്കും മതത്തിനും ഭാഷയ്ക്കുമുപരിയായി നാമെല്ലാം ഇന്ത്യാക്കാരാണെന്നും നമ്മുടെ ഐക്യമാണ് നമ്മുടെ ശക്തിയെന്നും അദ്ദേഹം നമ്മെ പഠിപ്പിച്ചു. നമ്മുടെ ആധുനികഭാരതത്തിന് അടിത്തറയായത് മഹാത്മാഗാന്ധിയുടെ ദീർഘവീക്ഷണമായിരുന്നു. അതുതന്നെയാണ് ഗാന്ധിജിയുടെ പ്രസക്തിയും .

അഹിംസാധിഷ്ഠിത സ്വരാജ് ആയിരുന്നു മഹാത്മജിയുടെ സ്വപ്നം. ഒരു ന്യൂനപക്ഷത്തിന്റെ അധികാരപ്രാപ്തികൊണ്ടു മാത്രം യഥാർത്ഥ സ്വരാജ്യം കൈവരുകയില്ലെന്നും അധികാരം ദുരുപയോഗപ്പെടുത്തുമ്പോൾ ചെറുത്തു നില്ക്കാനുള്ള ത്രാണി സാമാന്യ ജനങ്ങൾക്കുണ്ടായാൽ മാത്രമേ യഥാർത്ഥ സ്വരാജ് സാദ്ധ്യമാകൂവെന്നും അദ്ദേഹം നമ്മെ പഠിപ്പിച്ചു. അഹിംസാധിഷ്ഠിത സ്വരാജിൽ ജനങ്ങൾ അവരുടെ അവകാശങ്ങളെക്കുറിച്ച് അറിയുന്നതോടൊപ്പം കർത്തവ്യങ്ങളെക്കുറിച്ചും അറിയണമെന്നും അവകാശങ്ങൾ സമൂഹസേവനത്തിനായി വിനിയോഗിക്കണമെന്നും മഹാത്മജി ഉപദേശിച്ചു.

## ഗ്രാമസ്വരാജ്

ഇന്ത്യയുടെ ആത്മാവ് ഗ്രാമങ്ങളിലാണെന്നും ഗ്രാമങ്ങൾ നശിച്ചാൽ ഇന്ത്യയുടെ നാശമാണ് ഫലമെന്നും മഹാത്മജി മുന്നറിയിപ്പ് നൽകി. സ്വയം സമ്പൂർണ്ണ ഗ്രാമസൃഷ്ടിയിലൂടെ മാത്രമേ രാഷ്ട്ര പുനർനിർമ്മാണം സാദ്ധ്യമാക്കാൻ കഴിയുകയുള്ളൂവെന്നും അദ്ദേഹം കണ്ടെത്തുകയുണ്ടായി. മഹാത്മജിയെ സംബന്ധിച്ചിടത്തോളം ഗ്രാമസ്വരാജ് എന്നാൽ ഒരു സമ്പൂർണ്ണ റിപ്പബ്ലിക് ആണ്. ഒരു ഗ്രാമത്തിന്റെ മുഖ്യമായ ആവശ്യങ്ങൾക്ക് അയൽക്കാരെ ആശ്രയിക്കാതെ സ്വയം സജ്ജമാകണം. എന്നാൽ വളരെ ആവശ്യമായി വന്നാൽ മാത്രം അയൽഗ്രാമങ്ങളുമായി പരസ്പര സഹകരണത്തിലേർപ്പെടാവുന്നതാണ്. ഓരോ ഗ്രാമത്തിന്റെയും പ്രധാന താല്പര്യം ജനങ്ങൾക്കുള്ള പാർപ്പിടം, ആഹാരം, വസ്ത്രം എന്നിവ ലഭ്യമാക്കലാണ്. അതിനാൽ ആഹാരാവശ്യത്തിനുള്ള ഭക്ഷ്യവിളകളുടെ ഉല്പാദനം, വസ്ത്രങ്ങൾക്കാവശ്യമായത്ര പരുത്തികൃഷിയുടെ വ്യാപനം, കന്നുകാലി വളർത്തലിനാവശ്യമായ സാഹചര്യങ്ങൾ സജ്ജമാക്കൽ, ജനങ്ങൾക്ക് വിനോദത്തിലേർപ്പെടാനുള്ള വിനോദകേന്ദ്രങ്ങൾ ഒരുക്കൽ, കഞ്ചാവ്, പുകയില, കറുപ്പ് എന്നിവയൊഴികെയുള്ള കാർഷിക വിളകളുടെ കൃഷിയും ഉല്പാദന വർദ്ധനവും ഉറപ്പാക്കൽ, ഒരു ഗ്രാമത്തിനാവശ്യമായ വിദ്യാഭ്യാസ സ്ഥാപനങ്ങൾ, ഗ്രാമീണ നാടകശാല, കമ്മ്യൂണിറ്റി ഹാൾ എന്നിവ സ്ഥാപിക്കൽ, ശുദ്ധജല ലഭ്യതയ്ക്കായി നിയന്ത്രിതമായ രീതികളിൽ കിണറുകളും, കുളങ്ങളും നിർമ്മിക്കുക, എല്ലാവർക്കും അടിസ്ഥാന വിദ്യാഭ്യാസം ലഭ്യമാക്കുന്നതിനുള്ള വിദ്യാഭ്യാസ പദ്ധതികൾ രൂപീകരിക്കുക, അയിത്തം ഇല്ലാതാക്കുക, ജനങ്ങളിൽ ശുചിത്വബോധം ഉണ്ടാക്കുക, ഗ്രാമീണ, കാർഷിക, വ്യാവസായിക ഉൽപ്പന്നങ്ങൾ ക്രയവിക്രയം ചെയ്യുന്നതിനുള്ള കമ്പോളങ്ങൾ സ്ഥാപിക്കുക തുടങ്ങിയവ ഒരു ഗ്രാമത്തിലുണ്ടാകണമെന്ന് അദ്ദേഹം വിഭാവനം ചെയ്തിരുന്നു. അദ്ദേഹത്തിന്റെ ഈ സങ്കല്പങ്ങളെല്ലാം 1920–30 കാലഘട്ടത്തിലേതാണെന്നു കൂടെ ഓർക്കണം. നാട്ടുരാജ്യഭരണവും വിദേശ മേൽക്കോയ്മയും ഭാരതത്തിലുണ്ടായിരുന്ന കാലത്ത് ഇന്ത്യ മുഴുവൻ സഞ്ചരിച്ച് അനുഭവത്തിന്റെ അടിസ്ഥാനത്തിലുള്ള ആവശ്യങ്ങളാണ് അദ്ദേഹം ഉന്നയിച്ചത്. ഈ ചിന്തകളിൽ നിന്നും നാമധികമൊന്നും മുന്നേറിയിട്ടില്ല.

സത്യാഗ്രഹം, നിസ്സഹകരണം എന്നിവയിലൂന്നിയ അഹിംസ ഗ്രാമീണരുടെ പ്രമാണമാകണമെന്ന് അദ്ദേഹം ആഗ്രഹിച്ചു. ഗ്രാമീണരിൽ നിന്നും തെരഞ്ഞെടുക്കപ്പെടുന്നവർ ഗ്രാമസംരക്ഷകരായി നിർബന്ധിത സേവനം അനുഷ്ഠിക്കണമെന്ന് ഗാന്ധിജി നിർദ്ദേശിച്ചു. ചുരുങ്ങിയ നിർദ്ദിഷ്ട യോഗ്യതയുള്ള സ്ത്രീ–പുരുഷന്മാരടങ്ങിയ, വർഷം തോറും തെരഞ്ഞെടുക്കപ്പെടുന്ന അഞ്ച് അംഗങ്ങളടങ്ങിയ ഗ്രാമീണർ ഗ്രാമഭരണം നടത്തണമെന്ന് മഹാത്മജി ഉപദേശിച്ചു. ഈ ഭരണ സമിതിക്ക് പഞ്ചായത്തുകൾക്കാവശ്യമായ അധികാരവും അധികാര പരിധിയും ഉണ്ടായിരിക്കണം. നിയമ നിർമ്മാണവും ജുഡീഷ്യൽ അധികാരവും നിർവ്വഹണാധികാരവും ഈ സമിതികൾക്കുണ്ടാവണം. അഹിംസാനിയമം വ്യക്തികളെയും ഭരണകൂടത്തെയും ഭരിക്കണം. അങ്ങനെയായാൽ പരാശ്രയം കൂടാതെ ലോകശക്തിയെതന്നെ എതിർക്കുവാൻ ഈ ഭരണ സംവിധാനത്തിന് കഴിയുമെന്നും ഗാന്ധിജി ഉദ്ബോധിപ്പിച്ചു.

നഗരങ്ങളിലെപ്പോലെ സുഖസൗകര്യങ്ങളോടുകൂടി ജീവിക്കാൻ തക്കവണ്ണം ഗ്രാമങ്ങളെ പുനഃസംവിധാനം ചെയ്യണമെന്നും അദ്ദേഹം നിർദ്ദേശിച്ചു. ഗ്രാമങ്ങളിൽ നിലവിലുള്ള കൃഷി, വ്യവസായം എന്നിവ പ്രോത്സാഹിപ്പിക്കുന്നതിനും ഇവയ്ക്ക് കമ്പോളങ്ങൾ കണ്ടെത്താൻ സംവിധാനം വേണമെന്നും അദ്ദേഹം നിർദ്ദേശിച്ചു. ദൈവത്തെപ്പോലെ ക്ഷമിക്കുകയും സഹിക്കുകയും ചെയ്യുന്നവരാണ് ഗ്രാമീണരെന്നും, ഇതിനും ഒരതിരുണ്ടെന്ന് മറ്റുള്ളവർ മനസ്സിലാക്കണമെന്നും ഗാന്ധിജി ഉപദേശിക്കുന്നു. ഗ്രാമങ്ങളോടുള്ള കർത്തവ്യം നാം മറക്കുകയാണെങ്കിൽ, നാം സ്വയം നാശം വരുത്തിവെയ്ക്കുകയായിരിക്കുമെന്നും അദ്ദേഹം ഓർമ്മപ്പെടുത്തുന്നു.

നമ്മുടെ രാഷ്ട്രപിതാവിന്റെ 144–ാം ജന്മദിനമാണ് 2012 ഒക്ടോബർ 2. അദ്ദേഹം നമ്മെ വിട്ടുപിരിഞ്ഞിട്ട് 64 വർഷം കഴിഞ്ഞിരിക്കുന്നു. ഒക്ടോബർ 2നും ജനുവരി 30നും നാം അദ്ദേഹത്തെ സ്മരിക്കുന്നുണ്ട്. പക്ഷെ, അദ്ദേഹത്തിന്റെ സ്വപ്നങ്ങളെ നാം പലപ്പോഴും മറക്കുന്നു. ലക്ഷ്യത്തെപ്പോലെ മാർഗ്ഗവും കളങ്കരഹിതമാകണമെന്നതാണ് അദ്ദേഹത്തിന്റെ മതം.

മഹാത്മജിയുടെ സ്വപ്നമായിരുന്നു ഗ്രാമസ്വരാജ് അഥവാ സ്വയം സമ്പൂർണ്ണ ഗ്രാമം. ഗ്രാമസ്വരാജ് യാഥാർത്ഥ്യമാകുന്നതിനുവേണ്ടി കേന്ദ്രസംസ്ഥാന സർക്കാരുകൾക്ക് പരിമിതികളുണ്ടെങ്കിലും ഒട്ടേറെ കാര്യങ്ങൾ ചെയ്യുന്നുണ്ട്. ഗ്രാമസ്വരാജ് യാഥാർത്ഥ്യമാക്കുന്നതിനുള്ള ചുമതല ത്രിതല പഞ്ചായത്തുകൾക്കാണ്. അവയിൽ കൂടുതൽ ഉത്തരവാദിത്വം ഗ്രാമപഞ്ചായത്തുകൾക്കാണെന്ന് പ്രത്യേകം പറയേണ്ടതില്ലല്ലോ. ഇതിൽ ഗ്രാമസഭകൾക്ക് നിർണായക പങ്കാണ് വഹിക്കാനുള്ളത്. ഗ്രാമപഞ്ചായത്തുകൾ നേരെ ചൊവ്വേ പ്രവർത്തിക്കുന്നുവെന്ന് ഉറപ്പുവരുത്താനുള്ള ചുമതലയാണ് ഗ്രാമസഭകൾക്കുള്ളത്. കക്ഷിരാഷ്ട്രീയാടിസ്ഥനത്തിലുള്ള വേർതിരിവ് ഗ്രാമഭരണത്തിൽ നിന്ന് ഒഴിവാക്കണം. തെരഞ്ഞെടുക്കപ്പെട്ടവർ ആ മണ്ഡലത്തിലെ എല്ലാ ജനങ്ങളുടെയും പ്രതിനിധിയാണ്. അതിനായി വേർതിരിവ് ആവശ്യമില്ല. ഗ്രാമസ്വരാജ് യാഥാർത്ഥ്യമാക്കുന്നതിന് യഥാർത്ഥ ഭരണാധികാരികളായ ജനങ്ങളും ജനസേവകരായ ജനപ്രതിനിധികളും ഉദ്യോഗസ്ഥരും ഒറ്റമനസ്സോടെ പ്രവർത്തിക്കണം. ഈ ഗാന്ധിജയന്തി ദിനം നമ്മെ ഓർമ്മപ്പെടുത്തുന്നതും അതാണ്.

ലോകജനത ഏറ്റവും കൂടുതൽ ആദരിക്കുന്ന ഒരു വ്യക്തിത്വമാണ് നമ്മുടെ മഹാത്മജിയുടേത്. ഗ്രാമസ്വരാജ് അതിന്റെ അർത്ഥത്തിൽ യാഥാർത്ഥ്യമാക്കുക എന്നതാണ് രാഷ്ട്രപിതാവിനോടുള്ള നമ്മുടെ കടപ്പാടും ആദരവും.■



# യുവജന നയവും പങ്കാളിത്ത ജനാധിപത്യവും

എൻ. സുരാജ്



യുവജനങ്ങൾ ഇന്നിന്റെ ശക്തിയും നാളെയുടെ പ്രതീക്ഷയുമാണ്. ഏതൊരു രാഷ്ട്രത്തിന്റെയും വികസനം ആ രാജ്യത്തെ യുവശക്തിയുമായി ആഴത്തിൽ ബന്ധപ്പെട്ടിരിക്കുന്നു. വികസന പ്രക്രിയയിൽ യുവജനങ്ങളുടെ പങ്കും പങ്കാളിത്തവും വിശദമായി പരിശോധിക്കുകയും അതിന്റെ അടിസ്ഥാനത്തിൽ വ്യക്തവും ദിശാബോധവുമുള്ള ഒരു യുവജനനയം രൂപപ്പെടുത്തുകയും ചെയ്യുക എന്നത് മികച്ച ഭരണനിർവ്വഹണത്തിന് അനുപേക്ഷണീയമാണ്. ലോകത്തിലെ ഏറ്റവും യുവത്വമുള്ള രാജ്യങ്ങളുടെ മുൻനിരയിലാണ് ഇന്ത്യയുടെ സ്ഥാനം. ഇന്ത്യൻ യുവത്വത്തിന്റെ വികസന സ്ഥിതി തിട്ടപ്പെടുത്തുന്നതിനുവേണ്ടി ചെന്നൈയിലെ രാജീവ്ഗാന്ധി നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് യൂത്ത് ഡവലപ്മെന്റ് (RGNIYD) എന്ന സ്ഥാപനവും ടാറ്റാ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് സോഷ്യൽ സയൻസസ്സും (TISS) ചേർന്ന് യുവജന വികസന സൂചകങ്ങൾ രൂപപ്പെടുത്തുകയും അതിന്റെ അടിസ്ഥാനത്തിൽ ഇന്ത്യയുടെയും വിവിധ സംസ്ഥാനങ്ങളുടെയും വികസന സൂചികകൾ കണ്ടെത്തി പ്രസിദ്ധീകരിക്കുകയും ചെയ്തിട്ടുണ്ട്. ആരോഗ്യം, തൊഴിൽ, വിദ്യാഭ്യാസം, അടിസ്ഥാന സൗകര്യങ്ങൾ, ലിംഗനീതി, ജനാധിപത്യ പങ്കാളിത്തം എന്നീ ആറ് മേഖലകളിലായാണ് പ്രധാനമായും പഠനം നടത്തിയത്. ഈ മേഖലകളിലെ വികസനത്തിന്റെ സൂചികകൾ പ്രകാരം കേരളത്തിന്റെ സ്ഥാനം മുൻനിരയിൽ നാലാമതാണ്. മാത്രമല്ല, ഇന്ത്യൻ ശരാശരിയെക്കാൾ വളരെ മുകളിലാണ് കേരളത്തിന്റെ സ്ഥാനം എന്നതും ശ്രദ്ധേയമാണ്. ഇന്ത്യയുടെ സൂചിക മൂല്യം 0.453 ആണ്. സംസ്ഥാനങ്ങളുടെ റാങ്ക് നിലയിൽ ഒന്നാമത് ഹിമാചൽ പ്രദേശാണ്.

| | | |
|---|---|---|
| ഹിമാചൽ പ്രദേശ് | – 0.590 | (1) |
| ഗോവ | – 0.588 | (2) |
| ഡൽഹി | – 0.587 | (3) |
| കേരളം | – 0.579 | (4) |
| മഹാരാഷ്ട്ര | – 0.559 | (5) |

ഏറ്റവും പിന്നിലുള്ള രണ്ട് സംസ്ഥാനങ്ങൾ ഝാർഘണ്ടും (0.410) ബീഹാറുമാണ് (0.383). ഹിമാചൽ, ഗോവ, ഡൽഹി എന്നീ ചെറിയ സംസ്ഥാനങ്ങളെ ഒഴിവാക്കിയാൽ കേരളത്തിന്റെ സ്ഥാനം ഒന്നാമതാണെന്നും കാണേണ്ടിയിരിക്കുന്നു. കേരളത്തിന്റെ വികസന സാധ്യതകൾ പരമാവധി പ്രയോജനപ്പെടുത്തുന്നതിന് വേണ്ടി സമഗ്രവും കാലോചിതവുമായ യുവജന നയം സംസ്ഥാനത്ത് രൂപീകരിക്കേണ്ടതിന്റെ അനിവാര്യതയിലേക്കാണ് ഈ ഉയർന്ന വികസന സൂചകങ്ങൾ വിരൽ ചൂണ്ടുന്നത്. ഈ സാഹചര്യത്തിലാണ് സംസ്ഥാന സർക്കാർ പ്രസിദ്ധീകരിച്ചിരിക്കുന്ന യുവജനനയം 2012 ന്റെ കരട് രേഖ ഏറെ പ്രസക്തമാകുന്നത്. (www.youthkerala.org)

### യുവജനനയം 2012 (കരട്)

പ്രാദേശികവും ദേശീയവും അന്തർദ്ദേശീയവുമായി അതിദ്രുതം മാറുന്ന ലോക സാഹചര്യങ്ങൾക്ക് അനുപൂരകമായി യുവാക്കളുടെ വികസനവും യുവാക്കളിലൂടെ വികസനവും സാധ്യമാക്കുക എന്നതാണ് ഈ നയത്തിന്റെ സമീപനമെന്ന് ആമുഖത്തിൽ തന്നെ വ്യക്തമാക്കിയിട്ടുണ്ട്. യുവാക്കളുടെ വികസനവും യുവാക്കളിലൂടെ വികസനവും എന്ന കാഴ്ചപ്പാട് തികച്ചും അർത്ഥപൂർണ്ണവും ജനാധിപത്യപരവുമാണ്. കേരളത്തിൽ ജനിച്ചുവളർന്നവരും കേരളത്തിലോ പുറത്തോ ജീവിക്കുന്നവരും 18 വയസ്സ് പൂർത്തിയാവുകയും 40 വയസ്സ് തികയാത്തതുമായ ഇന്ത്യൻ പൗരത്വമുള്ളവരെയും കേരളീയരായ മാതാവിനോ പിതാവിനോ ജനിച്ചതും ഇന്ത്യൻ പൗരത്വമുള്ളവരെയും ആറുമാസത്തിൽ കുറയാത്ത കാലയളവിൽ കേരളത്തിൽ കുടിയേറി താമസിക്കുന്ന ഇതേ പ്രായത്തിലെ ഇന്ത്യൻ പൗരന്മാരെയും ആണ് കരട് നയത്തിൽ യുവജനങ്ങൾ എന്ന് നിർവചിച്ചിരിക്കുന്നത്. 2012 ലെ ദേശീയ യുവജനനയത്തിൽ (കരട്) 16 വയസ്സുമുതൽ 30 വയസ്സ് വരെയുള്ളവരെയാണ് യുവജനങ്ങൾ എന്നതിൽ ഉൾപ്പെടുത്തിയിട്ടുള്ളത്. അതിൽ നിന്നും വ്യത്യസ്തമായി 18 വയസ്സു മുതൽ 40 വയസ്സുവരെയുള്ളവരെ ഉൾപ്പെടുത്തിയത് കേരളീയ സാഹചര്യത്തിൽ തികച്ചും യുക്തിസഹവും പ്രായോഗികവുമാണ്. വികസന സമീപനത്തിന്റെ സൗകര്യത്തിന് വേണ്ടി യുവജനങ്ങളെ വ്യത്യസ്ത വിഭാഗങ്ങളായി തിരിച്ചിരിക്കുന്നതിൽ കുടിയേറ്റക്കാരായ യുവജനങ്ങളെ ഉൾപ്പെടുത്തിയിരിക്കുന്നു എന്നത് പ്രാധാന്യത്തോടെ കാണേണ്ട സവിശേഷതയാണ്. കേരളത്തിൽ നിന്നും ലോകത്തിന്റെ വിവിധ ഭാഗങ്ങളിൽ തൊഴിൽ ചെയ്യാനായി പോകുന്ന പ്രവാസി യുവജനങ്ങളെപ്പോലെ തന്നെ തൊഴിലിനായി കേരളത്തിലേക്ക് വന്നിട്ടുള്ള മറ്റ് ദേശക്കാരായവരെയും പ്രത്യേക പരിഗണന അർഹിക്കുന്ന വിഭാഗമായി കാണുന്നു എന്നത് ഭാരതീയ സംസ്കാരത്തിനും ഇന്ത്യൻ ഭരണഘടനയുടെ അന്തസ്സത്തയ്ക്കും അനുയോജ്യം തന്നെയാണ്. പ്രത്യേക പരിഗണന അർഹിക്കുന്ന വിഭാഗങ്ങൾക്കുവേണ്ടി പദ്ധതികൾ ആവിഷ്കരിക്കുമ്പോൾ അവരിൽ തന്നെ മുൻഗണന നൽകേണ്ടത് ആർക്കാണ് എന്നും കരട് നയത്തിൽ വ്യക്തമാക്കിയിട്ടുണ്ട്. തൊഴിൽരഹിതർ, ഭിന്നശേഷിയുള്ളവർ, മാരകരോഗത്തിനടിമപ്പെട്ടവർ, യുവതികൾ, കുറ്റവാസന, മൗലികവാദം തുടങ്ങിയ സാമൂഹിക വെല്ലുവിളികൾ നേരിടുന്നവർ, സാമ്പത്തികമായി പിന്നാക്കം നിൽക്കുന്നവർ എന്നീ ക്രമത്തിലാണ് മുൻഗണനാ മാനദണ്ഡം.

### പ്രയോഗതന്ത്രം

കാഴ്ചപ്പാടിനും ദൗത്യത്തിനും അനുപൂരകമായ വിധത്തിൽ വിവിധ മേഖലകൾ തിരിച്ച് ലക്ഷ്യങ്ങൾ വ്യക്തമാക്കിയിട്ടുണ്ട്. കൃഷി, മൃഗസംരക്ഷണം, തൊഴിൽ, വിദ്യാഭ്യാസം, കലയും സംസ്കാരവും, കായികവും ആരോഗ്യവും, സാമൂഹിക ധർമ്മം, തദ്ദേശ സ്വയംഭരണം, പൊതുവായുള്ളവ ഇങ്ങനെ ഒമ്പത് മേഖലകളായാണ് തിരിച്ചിട്ടുള്ളത്. ഓരോ മേഖലയിലും ലക്ഷ്യമാക്കുന്നത് എന്ത് എന്നും അത് യാഥാർത്ഥ്യമാക്കാനുള്ള പ്രയോഗതന്ത്രം ഏത് എന്നും വിശദീകരിക്കുന്ന 9-ാം ഖണ്ഡിക ഏറെ ശ്രദ്ധേയമാണ്. കാർഷിക മേഖലയിലേക്കും മൃഗസംരക്ഷണ മേഖലയിലേക്കും യുവാക്കളെ ആകർഷിക്കാൻ കഴിയുന്ന പദ്ധതികൾക്ക് രൂപം നൽകാൻ കഴിയുക എന്നത് കേരള വികസനത്തിൽ വലിയ മാറ്റങ്ങൾക്ക് കാരണമാകുന്നതാണ്. ആധുനിക സാങ്കേതിക വിദ്യകൾ പ്രാപ്യമാക്കുകയും അവ സംബന്ധിച്ച അറിവ് പകർന്നുകൊടുക്കുകയും അതിനുള്ള സൗകര്യങ്ങളും സഹായങ്ങളും ലഭ്യമാക്കുകയുമാണ് ആദ്യപടി. ഉൽപന്നങ്ങളെ മൂല്യവർദ്ധിത വസ്തുക്കളായി മാറ്റുകയും അവയ്ക്ക് വിപണന സൗകര്യങ്ങൾ സാധ്യമാക്കുകയും ചെയ്യുക എന്നത് അതിന്റെ തുടർച്ചയായി ഉണ്ടാവുകയും വേണം. കേരളത്തിലെ യുവജനങ്ങളിൽ പൊതുവെ ആരോപിക്കപ്പെടുന്ന അലസത, സംരംഭകത്വ മനോഭാവമില്ലായ്മ തുടങ്ങിയ ദൗർബല്യങ്ങളെ ഇല്ലാതാക്കാനും അവർക്ക് മൃദുലവൈദഗ്ദ്ധ്യങ്ങളും തൊഴിൽ നൈപുണ്യങ്ങളും ആർജ്ജിക്കാനുള്ള പരിപാടികൾ ആവിഷ്കരിക്കാനും നയത്തിൽ വിഭാവന ചെയ്തിട്ടുണ്ട്. വിദ്യാഭ്യാസത്തിന് ദിശാബോധം, പഠനത്തിനോടൊപ്പം തൊഴിൽ പരിശീലനം, സംരംഭകത്വ മിഷൻ, നൈപുണ്യ വികസന മിഷൻ തുടങ്ങി അനവധി ആശയങ്ങൾ ഈ നയം മുന്നോട്ടു വയ്ക്കുന്നുണ്ട്.

**സുതാര്യവും അഴിമതിരഹിതവുമായ ഭരണസംവിധാനവും പരിസ്ഥിതി സൗഹൃദപരവും സുസ്ഥിരവുമായ വികസന പ്രവർത്തനവും പൗരന്റെ അവകാശമാണെന്ന ബോധം യുവജനങ്ങളിൽ വളർത്താനും യുവജനങ്ങളുടെ കൂട്ടായ്മകൾ ശക്തിപ്പെടുത്താനും തൊഴിലന്വേഷകൻ എന്ന നിലയിൽ നിന്ന് തൊഴിൽസ്യഷ്ടാക്കളും തൊഴിൽദാതാക്കളുമായി കേരളീയ യുവജനങ്ങളെ ശാക്തീകരിക്കാനും ലക്ഷ്യമിടുന്ന ഈ നയം ലളിതവും സമഗ്രവുമാണ്.**

### യുവജനങ്ങളും തദ്ദേശഭരണസ്ഥാപനങ്ങളും

കേരളത്തിലെ യുവജന വികസനസൂചിക ഉയർന്നിരിക്കുന്നതിന്റെ പ്രധാന കാരണങ്ങളിൽ ഒട്ടും അപ്രധാനമല്ലാത്തതാണ് തദ്ദേശഭരണ സ്ഥാപനങ്ങളുടെ പങ്ക്. അധികാരവികേന്ദ്രീകരണവും സുശക്തമായ പ്രാദേശികഭരണവും കേരളത്തിന്റെ വലിയ ശക്തിയാണ്. എന്നാൽ ജനാധിപത്യത്തെ അഗാധവൽക്കരിക്കുന്നതിൽ അതിപ്രധാന പങ്ക് വഹിക്കുന്ന ഗ്രാമസഭായോഗങ്ങളിൽ യുവജനങ്ങളുടെ പങ്കാളിത്തം താരതമ്യേന കുറവാണ്. പ്രത്യക്ഷ ജനാധിപത്യത്തിന്റെ വേദികളായ ഗ്രാമസഭകളിലേക്ക് യുവജനങ്ങളെ ആകർഷിക്കാൻ കഴിയുന്ന പദ്ധതികളും പരിപാടികളും ആവിഷ്ക്കരിക്കുകയും, സുസ്ഥിര വികസനത്തിന്റെ പണിപ്പുരകളായി ഗ്രാമസഭകളെ മാറ്റുകയും വേണം. യുവജനങ്ങൾ അമൂല്യമായ ഊർജ്ജത്തിന്റെ ഉറവിടങ്ങളും തദ്ദേശ ഭരണസ്ഥാപനങ്ങൾ സത്ഭരണത്തിലേക്കുള്ള വാതിലുകളുമാണ്. ഈ ശക്തിസ്രോതസ്സുകളെ ഗുണകരമായി പ്രയോജനപ്പെടുത്തുന്നതിനുള്ള ക്രിയാത്മക നിർദ്ദേശങ്ങൾ ഈ നയം മുന്നോട്ടുവയ്ക്കുന്നുണ്ട്. ബ്ലോക്ക് പഞ്ചായത്തുകൾ, നഗരസഭകൾ എന്നിവ കേന്ദ്രീകരിച്ച് യുവജനകേന്ദ്രങ്ങൾ സ്ഥാപിക്കും എന്നതാണ് ഇതിൽ പ്രധാനപ്പെട്ടത്. യുവാക്കൾക്കുവേണ്ടി നടപ്പാക്കുന്ന വിവിധ പരിപാടികളുടെ ബ്ലോക്കുതല ഏകോപനം, യൂത്ത് ബാങ്ക്, യൂത്ത് ലേബർ ബാങ്ക്, കൗൺസിലിംഗ്, കരിയർ ഗൈഡൻസ്, നൈപുണ്യ വികസനം, സംരംഭകത്വ വികസനം, വിപണനം എന്നിവയൊക്കെ ഒരു കുടക്കീഴിൽ വരുന്ന വിധത്തിൽ ഒരു ബ്ലോക്കുതല റിസോഴ്സ് സെന്ററായി ഇതിനെ മാറ്റാൻ കഴിയണം. തദ്ദേശ ഭരണസ്ഥാപനങ്ങൾ തയ്യാറാക്കുന്ന പദ്ധതിരേഖയിൽ ഒരു യുവജനഘടക പദ്ധതി കൂടി ഉണ്ടാവണം; ഇതിനായി നിശ്ചിത ശതമാനം തുക വകയിരുത്തണം; ഗ്രാമസഭകളിൽ യുവജന പങ്കാളിത്തം വർദ്ധിപ്പിക്കണം; വർഷത്തിൽ ഒരിക്കലെങ്കിലും യുവജന ഗ്രാമസഭകൾ ചേരണം തുടങ്ങി ഒട്ടേറെ നൂതന നിർദ്ദേശങ്ങളാണ് നയത്തിൽ വിഭാവന ചെയ്തിട്ടുള്ളത്. കേരളത്തിന് അനുയോജ്യമായ യുവജന വികസന സൂചകങ്ങൾ രൂപപ്പെടുത്തുക, അവയുടെ അടിസ്ഥാനത്തിൽ ഗ്രാമതലത്തിലും ബ്ലോക്കുതലത്തിലും വികസന സൂചികകൾ തയ്യാറാക്കുക, കാലാകാലങ്ങളിൽ അവ പരിഷ്കരിക്കുക, വിവിധ വകുപ്പുകളുടെ പദ്ധതി രൂപീകരണത്തിന് പ്രയോജനകരമായ രീതിയിൽ അവ ലഭ്യമാക്കുക, നൂതന വികസന പദ്ധതികൾ ആവിഷ്കരിക്കുക തുടങ്ങിയ കാര്യങ്ങൾക്കായി ഒരു യുവജനപഠന ഗവേഷണ കേന്ദ്രം സ്ഥാപിക്കും, സംസ്ഥാന ബജറ്റ് യുവജന സൂഹൃദപരമാക്കും, മുഖ്യമന്ത്രിയുടെ അദ്ധ്യക്ഷതയിലുള്ള സമിതി യുവജന പദ്ധതികളുടെ ആസൂത്രണവും വിലയിരുത്തലും നടത്തും തുടങ്ങിയ നിർദ്ദേശങ്ങളും ഏറെ പ്രതീക്ഷ നൽകുന്നതാണ്.

സുതാര്യവും അഴിമതിരഹിതവുമായ ഭരണസംവിധാനവും പരിസ്ഥിതി സൗഹൃദപരവും സുസ്ഥിരവുമായ വികസന പ്രവർത്തനവും പൗരന്റെ അവകാശമാണെന്ന ബോധം യുവജനങ്ങളിൽ വളർത്താനും യുവജനങ്ങളുടെ കൂട്ടായ്മകൾ ശക്തിപ്പെടുത്താനും തൊഴിലന്വേഷകൻ എന്ന നിലയിൽ നിന്ന് തൊഴിൽസൃഷ്ടാക്കളും തൊഴിൽദാതാക്കളുമായി കേരളീയ യുവജനങ്ങളെ ശാക്തീകരിക്കാനും ലക്ഷ്യമിടുന്ന ഈ നയം ലളിതവും സമഗ്രവുമാണ്. പ്രായോഗികവും യാഥാർത്ഥ്യബോധമുള്ളതും സുശക്തവുമായ ഈ നയം എത്രത്തോളം കാര്യക്ഷമതയോടെ നടപ്പാക്കാൻ കഴിയുന്നു എന്നതാണ് ഏറെ പ്രധാനം. യുവജനനയം 2012ന്റെ കരട് വിശദമായി ചർച്ച ചെയ്യപ്പെടുമെന്നും ഇത് കേരള വികസനത്തിൽ സുപ്രധാന ചുവടുവയ്പാകുമെന്നും പ്രത്യാശിക്കാം. ■

*ലേഖകൻ പഞ്ചായത്ത് വകുപ്പിൽ ജോയിന്റ് ഡയറക്ടറും പട്ടികവർഗ്ഗക്ഷേമവും യുവജനകാര്യവും വകുപ്പുമന്ത്രിയുടെ അഡിഷണൽ പ്രൈവറ്റ് സെക്രട്ടറിയുമാണ്.*





പഞ്ചായത്ത് രാജ്

# സാന്ത്വന പരിചരണം കേരളത്തിൽ

ഡോ. സുരേഷ് കുമാർ




**കേരളത്തിലെ ജനങ്ങളിൽ 0.3 മുതൽ 0.4 ശതമാനം ആളുകൾ സാന്ത്വന പരിചരണം ആവശ്യമുള്ളവരാണ്. ഇതനുസരിച്ച് പാലിയേറ്റീവ് പരിചരണം ആവശ്യമുള്ള ഒന്നേകാൽ ലക്ഷത്തോളം രോഗികൾ കേരളത്തിലുണ്ട്.**

ചികിത്സിച്ച് മാറ്റാൻ പറ്റാത്ത രോഗങ്ങൾ മൂലം കഷ്ടപ്പെടുന്നവർ, ദീർഘകാലമായി കിടപ്പിലായ രോഗികൾ, ആസന്നമരണരായ രോഗികൾ, വാർദ്ധക്യസഹജമായ രോഗങ്ങൾ കൊണ്ട് ജീവിതം ദുഷ്ക്കരമായ വൃദ്ധജനങ്ങൾ തുടങ്ങിയവരുടെ ജീവിതത്തിൽ, രോഗലക്ഷണങ്ങൾക്ക് ശമനം, മാനസികവും സാമൂഹ്യവും ആത്മീയവുമായ പ്രശ്നങ്ങൾക്ക് ഒരളവോളമെങ്കിലും പരിഹാരം എന്നിവ വഴി ഗുണപരമായ ഒരു മാറ്റമുണ്ടാക്കുക എന്നതാണ് സാന്ത്വന പരിചരണം കൊണ്ട് ഉദ്ദേശിക്കുന്നത്. ജീവിതത്തിന്റെ ശിഷ്ടകാലം അതെത്ര ചെറുതോ വലുതോ ആയാലും കൂടുതൽ അർത്ഥപൂർണ്ണമാക്കുക എന്നതാണ് ഈ പരിചരണത്തിന്റെ ലക്ഷ്യം. രോഗിക്ക് ലഭിച്ചുകൊണ്ടിരിക്കുന്ന മറ്റു ചികിത്സകളുമായി സംയോജിപ്പിച്ച് രോഗിയുടെ ജീവിതത്തിന്റെ ഗുണനിലവാരം ഉയർത്തുക എന്നതാണ് സാന്ത്വന പരിചരണത്തിന്റെ രീതി.

താഴെപറയുന്ന വിഭാഗത്തിൽപ്പെടുന്ന രോഗികൾക്കാണ് പ്രധാനമായും പാലിയേറ്റീവ് കെയർ കൊണ്ട് മെച്ചമുണ്ടാകുന്നത്.

1. ചികിത്സിച്ച് സുഖപ്പെടുത്താനാവാത്ത ഘട്ടത്തിലെത്തിയ കാൻസർ രോഗികൾ.
2. വാർദ്ധക്യ സംബന്ധമായ വിവിധ രോഗങ്ങൾകൊണ്ട് കിടപ്പിലായ വൃദ്ധജനങ്ങൾ.
3. സാധാരണ നിലയിലേക്ക് തിരിച്ചുവരാൻ സാദ്ധ്യതയില്ലാത്ത പക്ഷാഘാത രോഗികൾ
4. എയ്ഡ്സ് രോഗികൾ
5. ജന്മനാലോ പിന്നീടോ ഉണ്ടായിട്ടുള്ള ചികിത്സിച്ചു മാറ്റാൻ പറ്റാത്ത ഞരമ്പു സംബന്ധമായ (ന്യൂറോളജിക്കൽ) ദീർഘകാല രോഗങ്ങൾ കൊണ്ട് കിടപ്പിലായ രോഗികൾ
6. ആസന്നമരണരായ രോഗികൾ
7. നട്ടെല്ലിനും മറ്റും ക്ഷതം സംഭവിച്ച് ജീവിതകാലം മുഴുവൻ കിടപ്പിലായ രോഗികൾ.



## കേരളത്തിലെ രോഗികൾ

ലഭ്യമായ കണക്കുകൾ സൂചിപ്പിക്കുന്നത് കേരളത്തിലെ ജനങ്ങളിൽ 0.3 മുതൽ 0.4 ശതമാനം ആളുകൾ സാന്ത്വന പരിചരണം ആവശ്യമുള്ളവരാണ് എന്നാണ്. ഇതനുസരിച്ച് പാലിയേറ്റീവ് പരിചരണം ആവശ്യമുള്ള ഒന്നേകാൽ ലക്ഷത്തോളം രോഗികൾ കേരളത്തിലുണ്ട്.

ഇതിൽ ഏതാണ്ട് പകുതിയോളം പേർ തീർത്തും കിടപ്പിലായവരോ പരസഹായം കൂടാതെ ദിനകൃത്യങ്ങൾ പോലും നിർവ്വഹിക്കാൻ പറ്റാത്തവരോ ആണ്. ഈ രോഗികളുടെ ജീവിതഭാരം ലഘൂകരിക്കാൻ എന്തൊക്കെ ഇടപെടലുകൾ സാദ്ധ്യമാവും എന്ന അന്വേഷണമാണ് ഈ രംഗത്ത് ചികിത്സാസംവിധാനങ്ങൾ വികസിപ്പിക്കാനുള്ള ദിശാനിർണ്ണയ ഉപാധി. പരിചരണം ആവശ്യമുള്ള രോഗികളിൽ ഭൂരിഭാഗവും ചലനശേഷി കുറഞ്ഞവരായതുകൊണ്ടും പരിചരണം ജീവിതകാലം മുഴുവൻ ആവശ്യമുള്ളവരായതുകൊണ്ടും ചികിത്സ കഴിയുന്നതും രോഗിയുടെ വീട്ടിലെത്തിച്ചു കൊടുക്കുക എന്നതാണ് പരമപ്രധാനം.

## കേരളത്തിലെ സാന്ത്വന പരിചരണ സംവിധാനം

ഇന്ത്യയിലെ പാലിയേറ്റീവ് പരിചരണ സംവിധാനങ്ങളിൽ 90 ശതമാനത്തിലധികവും കേരളത്തിലാണ്. പ്രധാനമായും മൂന്ന് ഏജൻസികളാണ് പരസ്പര പൂരകങ്ങളായി പാലിയേറ്റീവ് പരിചരണ രംഗത്ത് കേരളത്തിൽ പ്രവർത്തിക്കുന്നത്.

1. സന്നദ്ധ സംഘടനകൾ
2. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ
3. സംസ്ഥാന സർക്കാർ

പാലിയേറ്റീവ് പരിചരണ സംവിധാനങ്ങളുടെ വികാസവും ഏകോപനവും ലക്ഷ്യമാക്കി ആരോഗ്യകേരളം പദ്ധതിയുടെ പാലിയേറ്റീവ് പരിചരണ വിഭാഗം കഴിഞ്ഞ ആറു വർഷമായി ഈ രംഗത്ത് സജീവമായി പ്രവർത്തിച്ചുവരുന്നുണ്ട്.

മൂന്നു തലത്തിലായാണ് കേരളത്തിൽ പാലിയേറ്റീവ് പരിചരണ സംവിധാനം വികസിച്ചു വരുന്നത്.

### 1. പ്രാഥമിക ഗൃഹപരിചരണ സംവിധാനം:

തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെയും സന്നദ്ധ സംഘടനകളുടെയും ഗൃഹപരിചരണ സംവിധാനങ്ങൾ വഴിയാണ് പ്രാഥമിക പരിചരണം സാദ്ധ്യമാവുന്നത്. അതാതു പ്രദേശത്തു നിന്ന് തെരഞ്ഞെടുക്കപ്പെട്ട യുവതികളെ കുടുംബശ്രീയുടെ പിന്തുണയോടെ ആവശ്യമായ പരിശീലനം നൽകി കമ്മ്യൂണിറ്റി നഴ്സുമാരായി നിയമിച്ച് അവരെ മുൻനിർത്തിയാണ് ജനകീയ പിന്തുണയോടെ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ ഗൃഹപരിചരണ സംവിധാനങ്ങൾ വികസിപ്പിച്ചെടുക്കുന്നത്. ഈ ഗുണപരിചരണ പദ്ധതിയുടെ മേൽനോട്ടം അതാത് പ്രാഥമികാരോഗ്യ കേന്ദ്രത്തിലെ ഡോക്ടർക്കാണ്.

### 2. ഔട്ട്പേഷ്യന്റ് ക്ലിനിക്കുകൾ:

സന്നദ്ധ സംഘടനകളും പ്രാഥമികാരോഗ്യ കേന്ദ്രങ്ങളും പാലിയേറ്റീവ് പരിചരണത്തിലുള്ള രോഗികൾക്കു വേണ്ടി ഔട്ട് പേഷ്യന്റ് ക്ലിനിക്കുകൾ നടത്തുന്നുണ്ട്. താലൂക്ക്, ജില്ല, ജനറൽ ആശുപത്രികളിലും ഈ സംവിധാനം വികസിപ്പിച്ചുവരുന്നു. പ്രത്യേക പരിശീലനം ലഭിച്ച ഡോക്ടർമാരുടെ സേവനം രോഗികൾക്ക് ക്ലിനിക്കുകളിൽ ലഭ്യമാക്കുകയും ആവശ്യമുള്ളപ്പോൾ ഈ രോഗികളെ വീട്ടിൽ സന്ദർശിക്കുവാൻ സൗകര്യമുണ്ടാക്കുകയും ചെയ്യുന്നു.

### 2. കിടത്തി ചികിത്സയും പരിശീലന സൗകര്യവുമുള്ള സ്പെഷ്യലിസ്റ്റ് ചികിത്സാ സംവിധാനം

ചില സന്നദ്ധ സംഘടനകൾ വഴി നിലവിലുണ്ടായിരുന്ന ഈ സംവിധാനം ഇപ്പോൾ ഓരോ ജില്ലയിലും ഒരു സർക്കാർ ആശുപത്രിയിലെങ്കിലും നടപ്പാക്കാനുള്ള പരിശ്രമം സർക്കാർ തുടങ്ങിക്കഴിഞ്ഞിട്ടുണ്ട്. രോഗികൾക്ക് വിദഗ്ദ്ധ ചികിത്സ ലഭ്യമാക്കുന്നതോടൊപ്പം ഡോക്ടർമാരുടെയും നഴ്സുമാരുടെയും പാലിയേറ്റീവ് പരിചരണ പരിശീലനത്തിനുള്ള കേന്ദ്രങ്ങളായാണ് ഇവ വികസിക്കുന്നത്.

## ചരിത്രം

കേരളത്തിലെ സാന്ത്വന പരിചരണ സംവിധാനം അതിന്റെ വളർച്ചയും ക്രിയാത്മകതയും കാരണം ഇതിനകം ആഗോള ശ്രദ്ധ പിടിച്ചുപറ്റി കഴിഞ്ഞിട്ടുണ്ട്. 1993ൽ ആരംഭിച്ച ഈ സംവിധാനത്തിന്റെ വളർച്ച പരിശോധിച്ചാൽ മൂന്നു പ്രധാന ഘട്ടങ്ങൾ വ്യക്തമാണ്. 1993 മുതൽ 2000 വരെയുള്ള കാലഘട്ടം പ്രധാനമായും സ്ഥാപനങ്ങളിലൂന്നിയുള്ള പരിചരണത്തിന്റെ കാലഘട്ടമായി കണക്കാക്കാം. വിപുലമായ ജനപങ്കാളിത്തത്തോടെ പാലിയേറ്റീവ് പരിചരണം ഒരു ജനകീയ സംരംഭമായി വികസിച്ചത് 2000 ആണ്ടിനുശേഷമാണ്. "സാന്ത്വനമേകാൻ അയൽക്കണ്ണികൾ" എന്ന് നാമകരണം ചെയ്യപ്പെട്ട ഈ പ്രസ്ഥാനം കേരളത്തിലെ പാലിയേറ്റീവ് പരിചരണ രംഗത്ത് ഒരു വഴിത്തിരിവായി.

ഈ മേഖലയിൽ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെയും സർക്കാർ സംവിധാനങ്ങളുടെയും വിപുലമായ പങ്കാളിത്തത്തിനു കാരണമായത് 2008ൽ പ്രഖ്യാപിക്കപ്പെട്ട കേരള സർക്കാരിന്റെ പാലിയേറ്റീവ് പരിചരണ നയവും അതിനെ പിൻപറ്റി വന്ന ഉത്തരവുകളുമായിരുന്നു.

## പാലിയേറ്റീവ് പരിചരണനയം

2008ൽ കേരള സർക്കാർ പ്രഖ്യാപിച്ച പാലിയേറ്റീവ് പരിചരണനയം കേരളത്തിലെ സാന്ത്വന പരിചരണ സംവിധാനത്തിന്റെ വികാസത്തിന് വ്യക്തമായ മാർഗ്ഗനിർദ്ദേശങ്ങൾ നൽകി. ഗൃഹപരിചരണ സംവിധാനത്തെ കേന്ദ്രമാക്കിക്കൊണ്ട് വികസിപ്പിച്ചെടുക്കേണ്ട പരിചരണ സംവിധാനത്തെക്കുറിച്ചും ഈ മേഖലയിൽ സർക്കാർ സംവിധാനങ്ങളും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളും സന്നദ്ധ സംഘടനകളും ചേർന്ന് പ്രവർത്തിക്കേണ്ടതിനെപ്പറ്റിയും ഈ നയരേഖ വ്യക്തമായ മാർഗ്ഗനിർദ്ദേശം നൽകുന്നു. പാലിയേറ്റീവ് പരിചരണനയം നടപ്പാക്കാനായി ആരോഗ്യകേരളം രൂപം നൽകിയ പാലിയേറ്റീവ് പരിചരണ പദ്ധതിയുടെ പ്രവർത്തനങ്ങൾ നയരേഖയിലെ നിർദ്ദേശങ്ങൾ സമയബന്ധിതമായി നടപ്പാക്കുന്നുവെന്ന് ഉറപ്പുവരുത്തുന്നു. ഈ മേഖലയിൽ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ പങ്കും ഉത്തരവാദിത്വവും വ്യക്തമാക്കുന്ന തദ്ദേശസ്വയംഭരണ വകുപ്പിന്റെയും ആരോഗ്യവകുപ്പിന്റെയും ഉത്തരവുകൾ കേരളത്തിലെ പാലിയേറ്റീവ് പരിചരണ സംവിധാനത്തിന്റെ ക്രമമായ വികാസം ഉറപ്പുവരുത്തുന്നു.

## ഭാവി

നല്ലൊരു തുടക്കം കുറിക്കപ്പെട്ട ഈ ജനകീയ പദ്ധതി, കേരളത്തിലെ ആവശ്യക്കാരായ എല്ലാ രോഗികൾക്കും കൃത്യമായി സേവനങ്ങളെത്തിക്കുന്ന തരത്തിൽ വികസിപ്പിച്ചെടുക്കുക എന്നതാണ് ഇനിയുള്ള കർത്തവ്യം. ഇക്കാര്യത്തിൽ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് ഏറ്റവും പ്രധാനപ്പെട്ട പങ്കാണ് വഹിക്കാനുള്ളത്.■

*ലേഖകൻ
കോഴിക്കോട് ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് പാലിയേറ്റീവ് മെഡിസിൻ ഡയറക്ടറാണ്.
ഫോൺ: 9349113532*



ഉമ്മർ അറയ്ക്കൽ

# കാരുണ്യ കൂട്ടായ്മയിലെ വിസ്മയം

## മലപ്പുറം മാതൃക

സാന്ത്വന ചികിത്സാരംഗത്ത് കേരളത്തിനും ഇന്ത്യയ്ക്കും ലോകത്തിന് തന്നെയും മാതൃക കാണിച്ച മലപ്പുറം ഈ പുതിയ ആരോഗ്യശാഖയിൽ സാമൂഹ്യ പങ്കാളിത്തം വഴി വിസ്മയം സൃഷ്ടിച്ച് ശ്രദ്ധേയമാവുകയാണ്. രോഗിയും രോഗവും വ്യക്തിപരമോ കുടുംബപരമോ ആയ ഒരു പ്രശ്നമല്ലെന്നും മറിച്ച് ഇതൊരു സാമൂഹ്യ പ്രശ്നമാണെന്നും രോഗീ പരിചരണവും രോഗശമനത്തിനായുള്ള പ്രവർത്തനവും സാമൂഹ്യബാധ്യതയാണെന്നും വളരെ നേരത്തെ തിരിച്ചറിഞ്ഞ ജില്ലയാണ് മലപ്പുറം. ഈ തിരിച്ചറിവാണ് സാന്ത്വന ചികിത്സാ രംഗത്ത് ജനകീയ കൂട്ടായ്മകൾ രൂപപ്പെടുവാനും ശക്തിപ്പെടുവാനും നിമിത്തമായത്. അക്ഷരം പഠിക്കാൻ സ്കൂളിൽ പോവാനുള്ള അവസരം ലഭിക്കാത്ത ഹതഭാഗ്യരെതേടി അക്ഷരം പഠിപ്പിക്കുവാൻ അവരുടെ വീടുകളിലേക്ക് സമൂഹമൊന്നാകെ അന്വേഷിച്ച് ചെന്ന ''അക്ഷരകേരളം – സമ്പൂർണ്ണ സാക്ഷരതാ യജ്ഞം'' വിദ്യാഭ്യാസ രംഗത്തൊരു ബദൽ സമീപനമാണ് സംഭാവന ചെയ്തത്. രോഗം ബാധിച്ച് ചികിത്സ തേടി ഡോക്ടറെ കാണാൻ ആശുപത്രിയിലോ ഡോക്ടറുടെ വീട്ടിലോ ചെല്ലാൻ കഴിയാത്ത രോഗികൾക്ക് ഇത്തരമൊരു ആരോഗ്യ ബദൽ ആവർത്തിക്കുകയായിരുന്നു പാലിയേറ്റീവ് പ്രവർത്തനം വഴി മലപ്പുറത്തെ ആരോഗ്യ സന്നദ്ധ പ്രവർത്തകർ.




വീടുകളിൽ കിടപ്പിലായ രോഗികൾ, മാരക രോഗങ്ങൾ മൂലം കഷ്ടപ്പെടുന്നവർ തുടങ്ങിയവർക്ക് കേവലം മരുന്ന് മാത്രമല്ല ആശ്വാസവചനങ്ങളും സാന്ത്വന സ്പർശവും അവരുടെ രോഗത്തിന് ആശ്വാസം പകരാൻ സഹായിക്കുമെന്നുള്ള കാഴ്ചപ്പാടിലൂടെയാണ് ഡോക്ടറും നഴ്സുമല്ലാത്ത സാധാരണക്കാരൻ ആരോഗ്യ പ്രവർത്തകനായി മാറിയത്.

1996ലാണ് മലപ്പുറം ജില്ലയിലെ മഞ്ചേരിയിൽ ആദ്യമായി ആശുപത്രിക്ക് പുറത്ത് ജനകീയ പങ്കാളിത്തത്തോടെയുള്ള ആദ്യ പാലിയേറ്റീവ് ക്ലിനിക്ക് പ്രവർത്തനം തുടങ്ങുന്നത്. 1995–2000 കാലയളവിലെ പ്രഥമ ജില്ലാപഞ്ചായത്ത്, ജില്ലയിൽ പ്രവർത്തിച്ച് തുടങ്ങിയ പാലിയേറ്റീവ് യൂണിറ്റുകൾക്ക് രോഗികളെ വീടുകളിൽ ചെന്ന് പരിചരിക്കുവാൻ വാഹനം വാങ്ങി നൽകി. സംസ്ഥാനത്ത് ഇത്തരമൊരു നടപടി ആദ്യത്തേതായിരുന്നു. പാലിയേറ്റീവ് രംഗത്ത് പ്രവർത്തിക്കുന്ന സന്നദ്ധപ്രവർത്തകർക്ക് മലപ്പുറം ജില്ലാ പഞ്ചായത്തിന്റെ ഈ നടപടി വലിയ ആശ്വാസവും ആത്മവിശ്വാസവുമാണ് പകർന്നു നൽകിയത്. അന്നു മുതൽ ഇന്നുവരെയും 16 വർഷത്തോളമായി ജില്ലാ പഞ്ചായത്ത് പാലിയേറ്റീവ് ക്ലിനിക്കുകൾ വഴി രോഗികൾക്ക് മരുന്ന് വാങ്ങി നൽകിവരുന്നു.







*മലപ്പുറം ജില്ലാ പഞ്ചായത്ത് നടപ്പാക്കിയ 'പരിരക്ഷ പദ്ധതി' ജില്ലയിൽ സമ്പൂർണ്ണമായതിന്റെ പ്രഖ്യാപനം ആരോഗ്യവകുപ്പു മന്ത്രി വി.എസ് ശിവകുമാർ നടത്തുന്നു.*

കോഴിക്കോട് മെഡിക്കൽ കോളേജിനോടുനബന്ധിച്ച് മാത്രം പ്രവർത്തിച്ചുവന്ന പാലിയേറ്റീവ് പരിചരണ രീതി ജനകീയ പങ്കാളിത്തത്തോടെ ആശുപത്രി സംവിധാനത്തിന് പുറത്ത് ഫലപ്രദമായി നടപ്പിലാക്കുവാൻ കഴിയുമെന്ന് മലപ്പുറത്തിന്റെ അനുഭവം തെളിയിച്ചു. 1990കളുടെ അവസാനത്തിൽ നിലമ്പൂരിലും തിരൂരിലും തുടർന്ന് ജില്ലയിലെ ഓരോ പ്രദേശങ്ങളിലും പാലിയേറ്റീവ് സൊസൈറ്റികൾ നിലവിൽ വന്നു. ആരുടെയും സമ്മർദ്ദമില്ലാതെ സ്വയം പ്രചോദിതരായി സന്നദ്ധ പ്രവർത്തകരുടെ കൂട്ടായ്മകൾ ഈ രംഗത്ത് രൂപം കൊള്ളുകയായിരുന്നു. ജനപ്രതിനിധികൾ, അധ്യാപകർ, സാമൂഹ്യപ്രവർത്തകർ, മതപ്രബോധകർ തുടങ്ങി ഓട്ടോറിക്ഷാ ഡ്രൈവർമാരും ചുമട്ട് തൊഴിലാളികളുമടക്കം സമൂഹത്തിലെ എല്ലാവരും മത്സര ബുദ്ധിയോടെ ഈ സാമൂഹ്യ സംരംഭത്തിൽ കണ്ണി ചേർന്നു. ജില്ലാ പഞ്ചായത്തിന് പുറമെ മറ്റ് പ്രാദേശിക ഭരണകൂടങ്ങളും മരുന്ന്, വാട്ടർ ബെഡ്ഡ്, വീൽചെയർ തുടങ്ങി അവശരായ രോഗികൾക്ക് ആവശ്യമുള്ളതെല്ലാം നിർലോഭം വാങ്ങി നൽകി പ്രോത്സാഹിപ്പിച്ചു. സാമൂഹ്യ പ്രതിബദ്ധതയും സഹജീവി സ്നേഹവും കരുണയും ആർദ്രതയുമുള്ള മനസ്സിനുടമകളായ ജനങ്ങളാൽ സമ്പന്നമായ മലപ്പുറം ജില്ലയിൽ ആരുടെയും പ്രേരണയില്ലാതെ തന്നെ 32 പാലിയേറ്റീവ് ക്ലിനിക്കുകൾ ഇതിനകം രൂപം കൊണ്ടു.

### പരിരക്ഷ

മലപ്പുറത്തിന്റെ ഈ മാതൃക പഠിക്കുവാനും പകർത്തുവാനും ലോകത്തിന്റെ നാനാഭാഗത്തുള്ള ആരോഗ്യ പ്രവർത്തകർ രണ്ട് തവണ മലപ്പുറത്ത് വന്നു. 2004 നവംബറിൽ നാഷണൽ കോൺഫറൻസ് മഞ്ചേരിയിൽ നടന്നു. ഇന്ത്യയിൽ നിന്നും വിദേശത്തുനിന്നും വന്ന പ്രതിനിധികളടക്കം നൂറ് കണക്കിന് പാലിയേറ്റീവ് പ്രവർത്തകർ ഈ സെമിനാറിൽ പങ്കെടുത്തു. 26 രാഷ്ട്രങ്ങളിൽ നിന്നായ് 45ഓളം പ്രതിനിധികളാണ് 2008ൽ മഞ്ചേരിയിൽ തന്നെ നടന്ന അന്താരാഷ്ട്ര പാലിയേറ്റീവ് ശിൽപശാലയ്ക്കെത്തിയത്. മലപ്പുറം ജില്ലാ പഞ്ചായത്തും നൈബർഹുഡ് നെറ്റ്‌വർക്ക് ഇൻ പാലിയേറ്റീവ് കെയറിന്റെ കേരള ചാപ്റ്ററും കൂടിയാണ് ഈ അന്താരാഷ്ട്ര ശിൽപശാല സംഘടിപ്പിച്ചത്. അതിന് മുമ്പ് 2007 മാർച്ച് 25ന് ലോക ആരോഗ്യസംഘടനയുടെ കാൻസർ വിഭാഗം മേധാവി ഡോ. സെഡില്ലാ സെപുൽദേവയും സംഘവും മലപ്പുറം ജില്ലാ പഞ്ചായത്ത് സന്ദർശിക്കുകയുണ്ടായി. ജില്ലാ പഞ്ചായത്തിന്റെ നേതൃത്വത്തിൽ ദീർഘകാലമായി കിടപ്പിലായ രോഗികളെ വീടുകളിൽ ചെന്ന് പരിചരിക്കുന്നതിനായി ആരംഭിച്ച 'പരിരക്ഷ' എന്ന പരിപാടിയെക്കുറിച്ച് പഠിക്കുവാനാണ് ഇവർ വന്നത്. ഇവരുടെ സന്ദർശനത്തിന് ശേഷം 2007 ജൂലായ് മാസത്തിൽ ലണ്ടനിൽ നിന്ന് പ്രസിദ്ധീകരിക്കുന്ന ഹോസ്പൈസ് ഇൻഫർമേഷൻ ബുള്ളറ്റിന്റെ ഒന്നാം പേജ് വാർത്ത 'പരിരക്ഷ'യെ കുറിച്ചായിരുന്നു. ലോകത്തിലെ 40 രാഷ്ട്രങ്ങളിൽ സർക്കുലേഷനുള്ള ഈ പ്രസിദ്ധീകരണം വലിയ പ്രാധാന്യത്തോടെയാണ് മലപ്പുറത്തിന്റെ ഈ ആരോഗ്യ കൂട്ടായ്മയെക്കുറിച്ച് വാർത്ത കൊടുത്തത്.

പാലിയേറ്റീവ് ക്ലിനിക്കുകളുടെ ജില്ലാതല ഏകോപനവും പൊതുവേദിയുമായ മലപ്പുറം ഇനിഷ്യേറ്റീവ് ഇൻ പാലിയേറ്റീവ് കെയർ (എം.ഐ.പി), വളണ്ടിയർമാരെ വാർത്തെടുക്കുന്നതിനായി സ്ഥാപിച്ച കമ്മ്യൂണിറ്റി റിസോഴ്സ് സെന്റർ ഇൻ പാലിയേറ്റീവ് കെയർ (സി.ആർ.പി.സി), സാന്ത്വനമേകാൻ അയൽ കണ്ണികൾ – നൈബർ ഹുഡ് നെറ്റ്‌വർക്ക് ഇൻ പാലിയേറ്റീവ് കെയർ (എൻ.എൻ.പി.സി) തുടങ്ങിയവയെല്ലാം സാന്ത്വന


HOSPICE INFORMATION BULLETIN

Pariraksha - for those most in need

# വൃക്ക രോഗികൾക്കൊരു അത്താണി

## കിഡ്നി പേഷ്യന്റ്സ് വെൽഫയർ സൊസൈറ്റി

പാവപ്പെട്ട രോഗികളെ പരിചരിക്കാനുള്ള മലപ്പുറത്തിന്റെ അടങ്ങാത്ത ആഗ്രഹത്തിന്റെയും അന്വേഷണത്തിന്റെയും ഭാഗമായ മറ്റൊരു കണ്ടെത്തലാണ് വൃക്കരോഗികൾ. മറ്റെല്ലാരോഗങ്ങളിൽ നിന്നും വ്യത്യസ്തമായി വൃക്കരോഗിയും കുടുംബവും അനുഭവിക്കുന്ന സാമ്പത്തികവും സാമൂഹ്യവുമായ പ്രശ്നങ്ങൾ വളരെ ഗുരുതരമായിരുന്നു. രോഗവിമുക്തിയെക്കുറിച്ച് വളരെ കുറഞ്ഞ പ്രതീക്ഷയോടെ ജീവിതാന്ത്യം വരെ തുടരുന്ന ചികിത്സയിലൂടെ രോഗിയുടെ കുടുംബത്തിന്റെ സാമ്പത്തികാടിത്തറ പൂർണ്ണമായും തകരുന്ന ദുരന്തപര്യവസാനമാണ് വൃക്കരോഗിയുടെ ബാക്കിപത്രം. വൃക്കരോഗം ബാധിച്ചവരെയും വൃക്കമാറ്റിവെച്ചവരെയും കണ്ടെത്തി അവരുടെ വിപുലമായ യോഗം വിളിച്ച് കിഡ്നി പേഷ്യന്റ്സ് വെൽഫെയർ സൊസൈറ്റി രൂപീകരിച്ച് 2007 മുതലാണ് ജില്ലാ പഞ്ചായത്ത് ഈ രംഗത്ത് പ്രവർത്തനം തുടങ്ങിയത്.



*മലപ്പുറം ജില്ലാ പഞ്ചായത്ത് കിഡ്നി പേഷ്യന്റ്സ് വെൽഫെയർ സൊസൈറ്റി ജനകീയ വിഭവ സമാഹരണക്യാംപയിൻ 2011 ന്റെ ഉദ്ഘാടനം പത്മശ്രീ ഡോ.പി.കെ.വാര്യരിൽനിന്ന് തുക സ്വീകരിച്ച് പാണക്കാട് ഹൈദരലി ശിഹാബ് തങ്ങൾ നിർവ്വഹിക്കുന്നു.*

ജില്ലാ പഞ്ചായത്തിലാണ് കിഡ്നി സൊസൈറ്റിയുടെ ഓഫീസ് പ്രവർത്തിക്കുന്നത്. സൊസൈറ്റി രൂപീകരണത്തിനും പ്രാരംഭ പ്രവർത്തനങ്ങൾക്കുമായി ജില്ലാ പഞ്ചായത്ത് 3 ലക്ഷം രൂപ അനുവദിച്ചു. തുടർന്ന് വൃക്കരോഗികളുടെ വിവര ശേഖരണം നടത്തി. ഡയാലിസിസ് നടത്തി കൊണ്ടിരിക്കുന്നവർക്ക് ഡയാലിസിസിന്റെ എണ്ണത്തിനനുസരിച്ച് മാസം തോറും 2000 രൂപ എന്ന തോതിൽ വർഷത്തിൽ 24000 രൂപ സാമ്പത്തിക സഹായം നൽകുന്ന പരിപാടിക്കാണ് തുടക്കം കുറിച്ചത്. വൃക്കരോഗികൾക്ക് വലിയ ആശ്വാസമായി മാറിയ ഈ സംരംഭത്തിലേക്ക് സഹായം തേടി കൊണ്ട് ഡയാലിസിസ് നടത്തിക്കൊണ്ടിരിക്കുന്നവരുടെ ഒഴുക്കായിരുന്നു. ഓരോ വർഷത്തെയും സാമ്പത്തിക ബാധ്യത ലക്ഷങ്ങളിൽ നിന്ന് കോടികളിലേക്കുയർന്നു. പഞ്ചായത്തിന്റെ ഫണ്ട് രോഗികൾക്ക് ഇപ്രകാരം സാമ്പത്തിക സഹായമായി അനുവദിക്കാൻ പറ്റില്ലെന്ന ഓഡിറ്റർമാരുടെ ഉടക്ക് വന്നതോടെ പദ്ധതി എങ്ങനെ മുന്നോട്ടു കൊണ്ടു പോവുമെന്ന് ആശങ്കയുണ്ടായി. സൊസൈറ്റി യോഗം ചേർന്ന് ഇതിനായി ജനകീയ കൂട്ടായ്മ രൂപപ്പെടുത്താൻ തീരുമാനിച്ചു. സംഭാവന തേടി ജില്ലാ പഞ്ചായത്ത് ജനങ്ങളെ സമീപിച്ചു. ജനങ്ങൾ രണ്ട് കൈയും നീട്ടി ഈ സംരംഭത്തെ സ്വീകരിച്ചു. വ്യക്തികൾ, സംഘടനകൾ, സ്ഥാപനങ്ങൾ, സർക്കാർ ജീവനക്കാർ, അധ്യാപകർ, കുട്ടികൾ എന്നിങ്ങനെ മലപ്പുറം ജില്ലയിലെ ആബാലവൃദ്ധം ജനങ്ങൾ ഈ സംരംഭത്തിൽ കണ്ണികളായി. ഗ്രാമ – ബ്ലോക്ക് പഞ്ചായത്തുകൾക്ക് തനത് ഫണ്ടിൽ നിന്ന് ചെറിയൊരു സംഭാവന ഈ സംരംഭത്തിലേക്ക് നൽകുവാൻ ഗവൺമെന്റ് അനുമതി നൽകി. സഹകരണ സ്ഥാപനങ്ങൾക്ക് കോമൺഗുഡ് ഫണ്ടിൽ നിന്ന് സംഭാവന നൽകാൻ സഹകരണ വകുപ്പ് അനുമതി നൽകി.

“നമുക്കൊരു ജീവൻ നൽകാനാവില്ല, ജീവൻ നിലനിർത്താൻ സഹായിക്കാം” എന്ന സന്ദേശവുമായി എല്ലാ വർഷങ്ങളിലും ജനകീയ വിഭവ സമാഹരണവും കരുണയുടെ കയ്യൊപ്പ്, പലതുള്ളി കാരുണ്യം തുടങ്ങിയ പേരുകളിൽ വിദ്യാർത്ഥികളിൽ നിന്നുള്ള വിഭവ സമാഹരണവും നടത്തികൊണ്ടാണ് ഈ സംരംഭം മുന്നോട്ട് പോവുന്നത്. വർഷത്തിലൊരിക്കൽ 1000 രൂപ നൽകാൻ തയ്യാറുള്ളവരിൽ നിന്ന് വാർഷിക വരിസംഖ്യ ശേഖരിച്ചും കൊണ്ടുള്ള വിഭവ സമാഹരണവും നടത്തുന്നുണ്ട്. മലപ്പുറത്ത് ഇത്തരം പ്രവർത്തനങ്ങൾക്കെല്ലാം പ്രചോദനവും പ്രോത്സാഹനവും നൽകി പിന്തുണച്ച ദിവംഗതനായ പാണക്കാട് സയ്യിദ് മുഹമ്മദലി ശിഹാബ് തങ്ങളാണ് ആദ്യ വാർഷിക വരിസംഖ്യ നൽകി ഈ സംരംഭത്തിന്റെ തുടക്കം കുറിച്ചത്. പ്രൈമറി ക്ലാസിൽ പഠിക്കുന്ന പിഞ്ചുമക്കൾ മുതൽ കോളേജിലെ മുതിർന്ന കുട്ടികളും അധ്യാപകരും ഗ്രാമപഞ്ചായത്ത് അംഗം തൊട്ട് പാർലമെന്റ് അംഗം വരെയുള്ള ജനപ്രതിനിധികളും സർക്കാർ ഓഫീസുകളിലെ അറ്റൻഡർ മുതൽ ജില്ലാകലക്ടർ വരെയുള്ള ഉദ്യോഗസ്ഥരും വിഭവ സമാഹരണ കാമ്പയിനിൽ കണ്ണികളായി കൊണ്ട് ഏറ്റവും ശ്രദ്ധേയമായ ജനകീയ സംരംഭമായി വൃക്കരോഗികൾക്കായുള്ള സാമൂഹ്യകൂട്ടായ്മ മാറിയിരിക്കുകയാണ്. പള്ളികൾ, ചർച്ചുകൾ, ക്ഷേത്രങ്ങൾ, വ്യാപാര – വ്യവസായ, വാണിജ്യ സ്ഥാപനങ്ങൾ, കെ.എസ്.ഇ.ബി, കെ.എസ്.ആർ.ടി.സി, കെ.ഡബ്ല്യു.എ, തുടങ്ങിയ പൊതുമേഖല സ്ഥാപനങ്ങളെല്ലാം അവിടുത്തെ ജീവനക്കാരിൽ നിന്ന് സംഭാവന ശേഖരിച്ച് നൽകിക്കൊണ്ട് ഈ കാരുണ്യ കൂട്ടായ്മയിൽ കൈക്കോർക്കുന്നുണ്ട്.



*മലപ്പുറം ജില്ലാ പഞ്ചായത്ത് കിഡ്നി പേഷ്യന്റ്സ് വെൽഫെയർ സൊസൈറ്റി ജനകീയ വിഭവ സമാഹരണ ക്യാംപയിനിൽ മികച്ച തുകസമാഹരിച്ച പഞ്ചായത്തുകളെ മന്ത്രി ഡോ. എം.കെ.മുനീർ ഉപഹാരം നൽകി ആദരിക്കുന്നു.*

2007ൽ 46 രോഗികൾക്ക് സഹായം നൽകിക്കൊണ്ട് പ്രവർത്തനം തുടങ്ങിയ കിഡ്നി സൊസൈറ്റി 2012ൽ 605 രോഗികൾക്ക് സഹായം കൊടുക്കുന്നുണ്ട്. വൃക്ക മാറ്റിവെച്ച രോഗികൾക്ക് അവർ കഴിച്ചുകൊണ്ടിരിക്കുന്ന ഏറ്റവും വില കൂടിയ മരുന്നും ഇപ്പോൾ വാങ്ങി കൊടുക്കുന്നുണ്ട്. വൃക്ക മാറ്റിവെച്ച 205 രോഗികൾക്കാണ് മരുന്ന് നൽകുന്നത്. ഡയാലിസിസ് നടത്തുന്നവർക്കുള്ള സഹായ വിതരണം, വൃക്കമാറ്റിവെച്ചവർക്കുള്ള മരുന്ന് വിതരണം, സഹായങ്ങൾ നൽകുന്നവരെക്കുറിച്ചുള്ള അന്വേഷണം നടത്തൽ തുടങ്ങിയ കാര്യങ്ങൾക്കെല്ലാം ജില്ലാ പഞ്ചായത്തിനെ സഹായിക്കുന്നത് പാലിയേറ്റീവ് ക്ലിനിക്കുകളാണ്. രോഗികൾക്കുള്ള സഹായം, മരുന്ന് എന്നിവ ക്ലിനിക്കുകൾ വഴിയാണ് വിതരണം നടത്തുന്നത്. 2007 ൽ ഈ പ്രവർത്തനം ആരംഭിച്ചതിന് ശേഷം 2012 സെപ്തംബർ വരെ 1.43 കോടി രൂപ സമാഹരിക്കാനായി.

രോഗികളുടെ എണ്ണം നാൾക്കുനാൾ വർദ്ധിക്കുന്നതിനാൽ ബോധവൽക്കരണത്തിനായി ഒരു ഡോക്യുമെന്ററി തയ്യാറാക്കി സ്കൂളുകളിലും പൊതുസ്ഥലങ്ങളിലും പ്രദർശനം നടത്തിക്കൊണ്ടിരിക്കുകയാണ്. സർക്കാർ ആശുപത്രികളോടു ചേർന്ന് ഡയാലിസിസ് സെന്ററുകൾ ഇല്ലാത്തതിനാൽ താലൂക്ക് ആസ്ഥാനങ്ങളിലും ബ്ലോക്ക് ആസ്ഥാനങ്ങളിലും സൗജന്യ ഡയാലിസിസ് സെന്ററുകൾ സ്ഥാപിക്കുവാനുള്ള പ്രവർത്തനങ്ങളും നടന്നുവരുന്നു. എം.പി.മാർ, എം.എൽ.എ.മാർ എന്നിവരുടെ പ്രാദേശിക വികസന ഫണ്ടും ആശുപത്രി വികസന ഫണ്ടും ഡയാലിസിസ് സെന്ററിനായി ലഭ്യമാക്കി കൊണ്ടിരിക്കുന്നു.

ചികിത്സാരംഗത്തെ മലപ്പുറത്തിന്റെ തനത് സംഭാവനകളാണ്.

2006–07 വർഷത്തിൽ മലപ്പുറം ജില്ലാ പഞ്ചായത്ത് തുടങ്ങിവെച്ച ‘പരിരക്ഷ’ എന്ന ഹോംകെയർ പദ്ധതിയാണ് കേരളത്തിന്റെ ആരോഗ്യമേഖലയിലെ പാലിയേറ്റീവ് പോളിസിയായി രൂപാന്തരപെട്ടത്. ഓരോ വർഷവും 25 വീതം ഗ്രാമ പഞ്ചായത്തുകളിൽ ‘പരിരക്ഷ’ പദ്ധതി ആരംഭിച്ച് ഘട്ടംഘട്ടമായി മലപ്പുറം ജില്ലയിലെ 100 പഞ്ചായത്തുകളിലും സമ്പൂർണ്ണമാക്കുവാനാണ് തീരുമാനിച്ചിരുന്നത്. ആസൂത്രണം ചെയ്തതു പോലെ തന്നെ 2011 ൽ ജില്ലയിൽ മുഴുവൻ പഞ്ചായത്തുകളിലും മുനിസിപ്പാലിറ്റികളിലും ‘പരിരക്ഷ’ സമ്പൂർണ്ണമാക്കാൻ കഴിഞ്ഞു.

കേരള സർക്കാരിന്റെ ആരോഗ്യ നയത്തിൽ പാലിയേറ്റീവ് കെയറിന് പ്രവേശനം ലഭിച്ചതും സന്നദ്ധ പ്രവൃത്തി മാത്രമായി നടന്നിരുന്ന ഈ പ്രവർത്തനത്തിന് ആരോഗ്യ വകുപ്പിന്റെ ഔദ്യോഗിക അംഗീകാരവും പിന്തുണയും ലഭിക്കുവാൻ അവസരമൊരുക്കിയതും മലപ്പുറത്ത് നടന്ന വ്യത്യസ്തങ്ങളായ പരിപാടികൾ വഴിയാണ്.

കാൻസർ രോഗികൾ, വൃദ്ധജനങ്ങൾ, ദീർഘകാല രോഗങ്ങൾ കൊണ്ട് ബുദ്ധിമുട്ടുന്ന കുട്ടികൾ, വൃക്കരോഗികൾ, എയ്ഡ്സ് ബാധിച്ചവർ, നട്ടെല്ലിന് ക്ഷതം സംഭവിച്ചവർ, മാനസിക രോഗികൾ എന്നിങ്ങനെ വ്യത്യസ്ത വിഭാഗങ്ങൾക്കായി ഗൃഹകേന്ദ്രീകൃതപരിചരണമടങ്ങുന്ന വിവിധങ്ങളായ പദ്ധതികളാണ് മലപ്പുറം ജില്ല ഈ രംഗത്ത് നടപ്പിലാക്കിക്കൊണ്ടിരിക്കുന്നത്. പാലിയേറ്റീവ് ക്ലിനിക്കുകൾക്ക് സ്വന്തം കെട്ടിടം, വാഹനം, ആംബുലൻസ് തുടങ്ങിയ എല്ലാ സൗകര്യങ്ങളുമുണ്ട്. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളെ എം.എൽ.എ.മാരും എം.പി.മാരും വ്യക്തികളും സ്ഥാപനങ്ങളും പിന്തുണച്ചതു കൊണ്ടാണ് ഈ നേട്ടം കൈവരിക്കാനായത്. വിദ്യാലയങ്ങളിൽ നിന്ന് പാലിയേറ്റീവ് ദിനത്തിൽ സംഭാവനകൾ നൽകി ഈ കാരുണ്യകൂട്ടായ്മയിൽ കുരുന്ന് മക്കൾ പോലും കണ്ണികളാവുന്നു എന്നത് മലപ്പുറത്തിന്റെ അപൂർവ്വതയാണ്.

**പരിരക്ഷയുടെ ഉപോൽപ്പന്നങ്ങൾ**

ഗ്രാമപഞ്ചായത്തുകളുടെ സഹായത്തോടെ ശക്തവും വ്യവസ്ഥാപിതവുമായ ഹോം കെയർ ജില്ലയിൽ ഒന്നാകെ നടന്നപ്പോഴാണ് പല കാരണങ്ങളാൽ വീടുകളിൽ നിന്ന് പുറത്തിറങ്ങാൻ കഴിയാത്തവരും അവരുടെ വീട്ടുകാരും അനുഭവിക്കുന്ന പ്രയാസങ്ങൾ ജനപ്രതിനിധികൾക്ക് ശരിക്കും ബോധ്യപ്പെട്ടത്. നീണ്ട കാലമായി വീട്ടിൽ നിന്ന് പുറത്തിറങ്ങാൻ പറ്റാത്ത സ്ഥിതിയായവരിൽ ചിലർ മാനസികരോഗികളായി മാറിയി



# പ്രതീക്ഷ

**18 വയസ്സിന് താഴെ പ്രായമുള്ള ശാരീരികവും മാനസികവും ബുദ്ധിപരവുമായ അവശത അനുഭവിച്ചു കൊണ്ടിരിക്കുന്ന കുട്ടികൾക്ക് വേണ്ടി മലപ്പുറം ജില്ലാ പഞ്ചായത്ത് ആരംഭിച്ച സംരംഭം**

18 വയസ്സിന് താഴെ പ്രായമുള്ള ശാരീരികവും മാനസികവും ബുദ്ധിപരവുമായ അവശത അനുഭവിച്ചുകൊണ്ടിരിക്കുന്ന കുട്ടികൾക്ക് വേണ്ടി മലപ്പുറം ജില്ലാ പഞ്ചായത്ത് ആരംഭിച്ച സംരംഭമാണ് "പ്രതീക്ഷ". പ്രത്യേക പരിഗണന അർഹിക്കുന്ന കുട്ടികൾക്ക് വേണ്ടിയുള്ള ഈ പദ്ധതിയുടെ ഭാഗമായി ബുദ്ധിപരമായ  വളർച്ച കുറവ്, ശാരീരികമായ വൈകല്യങ്ങൾ, മാനസിക വൈകല്യങ്ങൾ തുടങ്ങിയവയുള്ള കുട്ടികളുടെ കണക്കെടുപ്പ് നടത്തി. മലപ്പുറം ജില്ലയിൽ 18 വയസ്സിന് താഴെ പ്രായമുള്ള ഈ ഗണത്തിൽ പെടുന്ന പതിനൊന്നായിരിത്തിലധികം കുട്ടികളുണ്ട്. ജില്ലയിലെ 3 കേന്ദ്രങ്ങളിൽ (എടപ്പാൾ, എടവണ്ണ, മലപ്പുറം) കോഴിക്കോട് ഇംഹാൻസിന്റെ സഹായത്തോടു  കൂടി 'പ്രതീക്ഷാലയം' എന്ന പേരിൽ ഈ കുട്ടികളെ പരിശോധിക്കുന്നതിനും മറ്റുമായുള്ള കേന്ദ്രങ്ങളുടെ പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്.

ഘട്ടം ഘട്ടമായി ഈ കുട്ടികളെ പരിചരിക്കുവാനും പഠിപ്പിക്കുവാനും എന്തെങ്കിലുമൊക്കെ പരിശീലിപ്പിക്കുവാനും  കഴിയുന്ന രീതിയിലുള്ള കേന്ദ്രങ്ങൾ ജില്ലയിലെ 100 പഞ്ചായത്തുകളിലും സ്ഥാപിക്കുവാനാണ് പരിപാടി. ആദ്യഘട്ടത്തിൽ 25 പഞ്ചായത്തുകളിൽ 2012-13 വർഷത്തിൽ തന്നെ പദ്ധതി ആരംഭിക്കുന്നതാണ്. പ്രൈമറി സ്കൂളുകളിൽ കുട്ടികളുടെ കുറവ് മൂലം ഒഴിഞ്ഞ് കിടക്കുന്ന ക്ലാസ് മുറികൾ ഉപയോഗപ്പെടുത്തി ആവശ്യമായ അറ്റകുറ്റപണികൾ നടത്തി ഇത്തരം കുട്ടികളെ കൊണ്ടുവന്ന് പരിപാടി തുടങ്ങാനാണുദ്ദേശിക്കുന്നത്. ഭാവിയിൽ സ്ഥലം വാങ്ങി കെട്ടിടമുണ്ടാക്കി എല്ലാ പഞ്ചായത്തുകളിലും സ്പെഷ്യൽ സ്കൂളുകളോ ബഡ്സ് സ്കൂളുകളോ ആയി ഇവയെ മാറ്റും. ആരോഗ്യ - വിദ്യാഭ്യാസ - സാമൂഹ്യ ക്ഷേമ വകുപ്പുകളുടെ സഹായത്തോടെ നടപ്പിലാക്കുന്ന ഈ പദ്ധതി ജില്ലാ പഞ്ചായത്തും ജില്ലാ ഭരണകൂടവും സംയുക്തമായാണ്  സംഘടിപ്പിക്കുന്നത്. മാനസിക - ശാരീരിക വെല്ലുവിളി നേരിടുന്നവർക്കായി പദ്ധതി വിഹിതത്തിൽ നിന്ന് വകയിരുത്തുന്ന 5% തുക ഫലപ്രദമായി ഉപയോഗപ്പെടുത്തുവാൻ ഇതുവഴി സാധിക്കും. ഇത്തരം കുട്ടികൾ മൂലം കഷ്ടപ്പെടുന്ന രക്ഷിതാക്കൾക്ക് ഈ സംരംഭം വലിയൊരു ആശ്വാസമാവും. ഈ ഗണത്തിൽപെടുന്ന കുറെയേറെ കുട്ടികളെ ചികിത്സിച്ചും പരിശീലിപ്പിച്ചും മറ്റുള്ളവരെ പോലെ ജീവിതത്തിലേക്ക് തിരിച്ചുകൊണ്ട് വരാനും ഇതു വഴി സാധിക്കും. പാലിയേറ്റീവ് രംഗത്ത് മലപ്പുറത്ത് നടക്കുന്ന പ്രവർത്തനങ്ങളാണ് ഈ മേഖലയിലേക്ക് ശ്രദ്ധപതിപ്പിക്കുവാൻ ജില്ലാ പഞ്ചായത്തിനെ പ്രേരിപ്പിച്ചത്.

ട്ടുണ്ട്. വീടുകളിൽ കിടപ്പിലായ രോഗികൾമൂലം കുടുംബാംഗങ്ങൾക്ക് ജോലി ചെയ്യാനായി പുറത്ത് പോവാൻ കഴിയാതെ പട്ടിണി കിടക്കുന്ന സ്ഥിതിവിശേഷമുണ്ട്. പരിരക്ഷാപദ്ധതി വഴി കണ്ടെത്തിയ ഈ കാണാകാഴ്ചകൾ പുതിയ പരിപാടികൾക്ക് രൂപം നൽകുവാൻ പാലിയേറ്റീവ് പ്രവർത്തകരെ പ്രേരിപ്പിച്ചു. കിടപ്പിലായ രോഗികൾക്ക് തൊഴിൽ പരിശീലനം, അവരുടെ നേതൃത്വത്തിൽ തൊഴിൽ യൂണിറ്റുകൾ, വിവിധ ഉൽപ്പന്നങ്ങളുടെ നിർമ്മാണം, പട്ടിണി കിടക്കുന്ന കുടുംബങ്ങൾക്ക് അരിയും ഭക്ഷ്യവസ്തുക്കളും നൽകുന്ന പദ്ധതി, മാനസികരോഗികളായി മാറിയവർക്കായി പ്രത്യേക ചികിത്സാ കേന്ദ്രങ്ങൾ എന്നിങ്ങനെയുള്ള ഒട്ടനവധി പരിപാടികൾ പരിരക്ഷയുടെ ഉപോൽപ്പന്നങ്ങളായി വന്നവയാണ്.

**ഡേ കെയർ സെന്ററും തൊഴിൽ പരിശീലനവും**

കിടപ്പിലായ രോഗികൾക്കു വേണ്ടിയുള്ള ഡേ കെയർ സെന്റർ, അവർക്ക് തൊഴിൽ പരിശീലനം നൽകൽ എന്നിവയും പരിരക്ഷയുടെ ഭാഗമായുണ്ടായതാണ്. ജില്ലയിലെ 16 സ്ഥലങ്ങളിൽ ഇത്തരം ഡേകെയർ സെന്ററുകൾ രൂപം കൊണ്ടു. ഇവിടുന്ന് പരിശീലനം ലഭിച്ച കിടപ്പിലായ രോഗികൾ സോപ്പും കുടയും അതുപോലുള്ള ഉൽപ്പന്നങ്ങളുണ്ടാക്കി പാലിയം എന്ന വ്യാപാര നാമത്തിൽ വിപണിയിലിറക്കി.

**കമ്മ്യൂണിറ്റി മെന്റൽ ഹെൽത്ത് പ്രോഗ്രാം**

മാനസികമായി തകരാറുള്ളവർ വീടുകൾക്കകത്തെ ഇരുട്ടുമുറിയിൽ സ്വയം സൃഷ്ടിച്ച തടവറകളിൽ കഴിഞ്ഞ് കൂടുന്ന കാഴ്ചകൾ ഹൃദയഭേദകമായിരുന്നു. അത്തരം രോഗികളെ വീടുകൾക്ക് പുറത്തു കൊണ്ടുവന്ന് സാധാരണ ജീവിതത്തിലേക്ക് തിരിച്ചുകൊണ്ടു വരുന്നതിനായി ആരംഭിച്ച പരിപാടിയാണ് കമ്മ്യൂണിറ്റി മെന്റൽ ഹെൽത്ത് പ്രോഗ്രാം. കോഴിക്കോട് ഇംഹാന്റ്സിന്റെ സഹായത്തോടെ ജില്ലയിലെ 42 കേന്ദ്രങ്ങളിൽ ഈ സെന്ററിന്റെ പ്രവർത്തനം ഇപ്പോൾ നടന്നുകൊണ്ടിരിക്കുന്നുണ്ട്. ■

*ലേഖകൻ മലപ്പുറം ജില്ലാ പഞ്ചായത്ത് അംഗവും കിഡ്നി പേഷ്യന്റ്സ് വെൽഫെയർ സൊസൈറ്റി സെക്രട്ടറിയുമാണ്*
*ഫോൺ: 9447108827*







# തണൽകൂട്ട്

**സ്വന്തം ജീവിതത്തിന്റെ താളവും തണലും നഷ്ടപ്പെടാതെ സൂക്ഷിക്കുവാനും മറ്റുള്ളവർക്ക് തണൽ നൽകാനുമുള്ള കാമ്പസ് കൂട്ടായ്മ.**

മലപ്പുറം ജില്ലയിലെ ഹയർസെക്കണ്ടറി സ്കൂൾ - കോളേജ് കാമ്പസുകളിലെ കൗമാര പ്രായക്കാർക്ക് വേണ്ടിയുള്ളതാണ് തണൽക്കൂട്ട് പ്രോജക്ട്. അവരുടെ മനസ്സിൽ സഹജീവിസ്നേഹവും കാരുണ്യവും വളർത്തിക്കൊണ്ടുവരാൻ ലക്ഷ്യമിട്ടാണ് ഈ പദ്ധതി തുടങ്ങിയിട്ടുള്ളത്. കാമ്പസുകളിൽ കുട്ടികളെ സംഘടിപ്പിച്ച് തണൽകൂട്ട് യൂണിറ്റ് രൂപീകരിച്ച് അവർക്ക് വിവിധ പരിശീലനങ്ങൾ നൽകി അവരെ പാലിയേറ്റീവ് ക്ലിനിക്കുകൾ നടത്തുന്ന ഹോം കെയർ സംഘത്തിലെ അംഗങ്ങളാക്കിയും വൃദ്ധസദനങ്ങൾ, അബലമന്ദിരങ്ങൾ തുടങ്ങിയവ സന്ദർശിപ്പിച്ചും സാമൂഹ്യ പ്രതിബദ്ധതയുള്ളവരാക്കി വളർത്തുവാൻ ഈ പരിപാടി വഴി ഉദ്ദേശിക്കുന്നു. സൈബർ കുറ്റകൃത്യങ്ങളുടെ വലയിലകപ്പെടാതെ സ്വയം രക്ഷാകവചമൊരുക്കാനും കുറ്റകൃത്യങ്ങൾ ചെയ്യാതിരിക്കാനുമായി ഇവർക്ക് ക്ലാസ്സുകൾ നൽകും. രക്തദാനം, അവയവദാനം തുടങ്ങിയവയിൽ പങ്കാളികളാക്കും. പരിസ്ഥിതി സംരക്ഷണത്തിനുള്ള കർമ്മപരിപാടികൾ നടപ്പിലാക്കും. ഓരോ വിശേഷ ദിവസങ്ങളോടനുബന്ധിച്ച് കുട്ടികളെ അണിനിരത്തി വിവിധ പരിപാടികൾ സംഘടിപ്പിക്കും. വൃക്കരോഗികൾ, കാൻസർ രോഗികൾ തുടങ്ങിയവരെ സഹായിക്കുന്നതിനായുള്ള കാരുണ്യ കൂട്ടായ്മയ്കളിൽ കാമ്പസുകളെയൊന്നാകെ അണിനിരത്തും. ഇത്തരത്തിലുള്ള വിശാല ലക്ഷ്യങ്ങൾ മുന്നിൽ കണ്ടുകൊണ്ട് മലപ്പുറം ജില്ലയിൽ ആവിഷ്കരിച്ച പദ്ധതിയാണ് "തണൽകൂട്ട്".



*മലപ്പുറം ജില്ലാ പഞ്ചായത്തിന്റെ തണൽകൂട്ടിന്റെ ഉദ്ഘാടനം വിദ്യാഭ്യാസ വകുപ്പു മന്ത്രി പി.കെ.അബ്ദുറബ്ബ് നിർവ്വഹിക്കുന്നു.*

2012 ഒക്ടോബർ 1ന് ലോക വൃദ്ധദിനത്തിൽ വിദ്യാഭ്യാസമന്ത്രി പി.കെ. അബ്ദുറബ്ബ് ഈ പരിപാടി ഉദ്ഘാടനം ചെയ്തു. കാമ്പസിനകത്തെ  കൗമാരചാപല്യങ്ങൾക്കപ്പുറത്ത് സമൂഹത്തിന്റെ നോവുകളെക്കുറിച്ച് കുട്ടികളെ ഓർപ്പെടുത്തലും ബോധ്യപ്പെടുത്തലും "തണൽകൂട്ട്" വഴി സാധ്യമാവും.

# സുരക്ഷ

**ഇന്ത്യയിൽ കേരളത്തിൽ മാത്രമാണ് ഒരു പ്രാദേശിക ഭരണകൂടം എയ്ഡ്സ് രോഗികൾക്ക് വേണ്ടിയുള്ള പദ്ധതി ഏറ്റെടുത്തു നടത്തുവാൻ മുന്നോട്ട് വന്നിട്ടുള്ളത്.**

എച്ച്.ഐ.വി. ബാധിതർക്ക് വേണ്ടി ദേശീയ-സംസ്ഥാന തലത്തിലുള്ള എയ്ഡ്സ് കൺട്രോൾ സൊസൈറ്റി സന്നദ്ധ സംഘടനകളുടെ സഹായത്തോടെ നിരവധി പ്രോജക്ടുകൾ രാജ്യത്തിന്റെ വിവിധ ഭാഗങ്ങളിൽ നടപ്പിലാക്കിക്കൊണ്ടിരിക്കുന്നുണ്ട്. ഇന്ത്യയിൽ കേരളത്തിൽ മാത്രമാണ് ഒരു പ്രാദേശിക ഭരണകൂടം എയ്ഡ്സ് രോഗികൾക്ക് വേണ്ടിയുള്ള പദ്ധതി ഏറ്റെടുത്തു നടത്തുവാൻ മുന്നോട്ട് വന്നിട്ടുള്ളത്. മറ്റ് നിരവധി മാതൃകാപരമായ പ്രവർത്തനങ്ങളോടൊപ്പം മലപ്പുറം ജില്ലാ പഞ്ചായത്ത് എയ്ഡ്സ് ബാധിതർക്ക് വേണ്ടി നടത്തുന്ന പദ്ധതിയാണ് "സുരക്ഷ". സ്വവർഗ്ഗരതിക്കാർക്കും സെക്സ് വർക്കേഴ്സായ സ്ത്രീകൾക്കുമുള്ള രണ്ട് പ്രോജക്ടുകളാണ് "സുരക്ഷ"യുടെ ഭാഗമായുള്ളത്. ഈ ഗണത്തിൽ പെടുന്നവരെ അന്വേഷിച്ച് കണ്ടെത്തുകയും അവർക്ക് കൗൺസിലിംഗ് നൽകി സാധാരണ ജീവിതത്തിലേക്ക് മടക്കിക്കൊണ്ടുവരികയും അവരെ പുനരധിവസിപ്പിക്കുകയും ചെയ്യുകയാണ് ഈ പദ്ധതിയിലൂടെ ലക്ഷ്യമിടുന്നത്.

പി. ഫൈസൽ




# കിടപ്പിലായ രോഗികളുടെ തൊഴിൽപരമായ പുനരധിവാസം

## തദ്ദേശ സ്ഥാപനങ്ങളുടെ പങ്ക്

പുനരധിവാസം അഥവാ റീഹാബിലിറ്റേഷൻ എന്ന വാക്ക് നാം സാധാരണയായി കേട്ടുകൊണ്ടിരിക്കുന്നതാണ്. ഇതിന് വിപുലമായ അർത്ഥമാണുള്ളത്. നട്ടെല്ലിന് ക്ഷതം പറ്റിയും മറ്റ് കാരണങ്ങളാലും തളർന്ന് കിടപ്പിലായവർക്ക് നൽകുന്ന സാന്ത്വനപരിചണങ്ങൾക്കുമപ്പുറത്ത് അവരുടെ തൊഴിൽപരമായ പുനരധിവാസവും തുടർപ്രവർത്തനങ്ങളും കൂടുതൽ ചർച്ച ചെയ്യപ്പെടേണ്ടതാണ്.

പല കാരണങ്ങൾ കൊണ്ടും പുനരധിവസിപ്പിക്കേണ്ടത് ദുർബലരായവരുടെ അവകാശമാണ്. അതിന് ആവശ്യമായ സാഹചര്യം ഒരുക്കി കൊടുക്കുക എന്നത് ഭരണകൂടത്തിന്റെ ഉത്തരവാദിത്തമാണ്. പുനരധിവസിപ്പിക്കപ്പെട്ട വ്യക്തിക്ക് അല്ലെങ്കിൽ ഒരു കൂട്ടം പേർക്ക് അവരുടെ വർണ്ണശബളമായ പഴയ ജീവിതത്തിലേക്ക് തിരിച്ചുപോകാൻ ഒരു പക്ഷേ കഴിഞ്ഞു എന്നു വരില്ല. എങ്കിലും അവർ പഴയ ജീവിതത്തോട് ഏറെകുറേ സമരസപ്പെട്ട് ജീവിക്കാൻ ശ്രമിക്കാറുണ്ട്. രോഗം ഒരു വ്യക്തിയെ സംബന്ധിച്ചിടത്തോളം പീഡനമായി തോന്നുന്നത് അതിന്റെ കാഠിന്യം കൊണ്ട് മാത്രമല്ല-മറിച്ച് രോഗിക്ക് തന്റെ സഞ്ചാര സ്വാതന്ത്ര്യവും അഭിപ്രായ സ്വാതന്ത്ര്യവും സമൂഹത്തിൽ ഇടപെടാനുള്ള ശേഷിയും അവസരവും ഇല്ലാതെ വരുമ്പോഴാണ്.

> നമ്മുടെ സഹജീവികൾക്കു വേണ്ടത്
> നാം ഇപ്പോൾതന്നെ ചെയ്യണം
>
> നീട്ടിവയ്ക്കാനോ വേണ്ടെന്നു
> വയ്ക്കാനോ പാടില്ല, കാരണം
>
> നമ്മൾ ഇതുവഴി വീണ്ടും ഒരിക്കൽ
> കൂടി വരികയില്ല...
>
> – സ്റ്റീഫൻ ഗ്രെല്ല

തദ്ദേശ ഭരണ സ്ഥാപനങ്ങളുടെയും സന്നദ്ധ പ്രവർത്തകരുടെയും നേതൃത്വത്തിൽ നടപ്പിലാക്കിക്കൊണ്ടിരിക്കുന്ന പാലിയേറ്റീവ് കെയറിൽ പ്രധാനമായും രജിസ്റ്റർ ചെയ്യുന്നത് രണ്ട് തരം രോഗികളെയാണ്. ക്യാൻസർ പോലുള്ള അസുഖങ്ങൾ ബാധിച്ച് പെട്ടെന്ന് മരിച്ചുപോകുന്നവരാണ് ഒരുകൂട്ടർ. മരത്തിൽ നിന്ന് വീണോ മറ്റ് അപകടങ്ങൾ മൂലമോ നട്ടെല്ലിന് ക്ഷതമേറ്റ് കിടപ്പിലായവരും പക്ഷാഘാതം, പോളിയോ, ജന്മനാലുള്ള വൈകല്യങ്ങൾ മൂലമോ തളർന്ന് ദീർഘകാലം വീടിനകത്ത് കിടക്കാൻ വിധിക്കപ്പെടുന്നവരുമാണ് മറ്റൊരു കൂട്ടർ. ഇത്തരത്തിലുള്ള നാൽപത് പേരെങ്കിലും ഓരോ ഗ്രാമപഞ്ചായത്തിന്റെയും പരിധിയിലുണ്ട്. വീടിന് പുറത്തിറങ്ങാൻ സാധിക്കാത്തതുകൊണ്ടും സ്വന്തമായി ഒരു വരുമാനവുമില്ലാത്ത കാരണത്താലും കടുത്ത മാനസിക പ്രയാസം അനുഭവിച്ചുകൊണ്ടാണ് ഇവർ ഓരോ ദിനവും തള്ളിനീക്കുന്നത്. നമുക്ക് ഊഹിക്കാവുന്നതിനുമപ്പുറം പ്രശ്നങ്ങളുടെ ഊരാക്കുടുക്കിൽ പെട്ടുപോയവരാണ് ഈ രോഗികൾ.





പഞ്ചായത്തുകളുടെയും പി.എച്ച്. സികളുടെയും സന്നദ്ധകൂട്ടായ്മകളുടെയും നേതൃത്വത്തിൽ നടപ്പിലാക്കി കൊണ്ടിരിക്കുന്ന പാലിയേറ്റീവ് ഹോം കെയർ ടീം മാസത്തിലൊരിക്കലെങ്കിലും ഇത്തരം രോഗികളുടെ വീടുകളിലെത്തി രോഗിയുടെ മുറിവ് വെച്ചുകെട്ടികൊടുക്കുകയും മൂത്രട്യൂബ് മാറ്റി കൊടുക്കുകയും ആവശ്യമായ മരുന്ന് ആരോഗ്യ കേന്ദ്രങ്ങൾ വഴി ലഭ്യമാക്കുകയും ചെയ്യുന്നു. സാമ്പത്തികമായി കടുത്ത ബുദ്ധിമുട്ടനുഭവിക്കുന്ന കുടുംബങ്ങൾക്ക് വേണ്ടി പ്രാദേശിക കൂട്ടായ്മയിലൂടെ മാസാമാസം അത്യാവശ്യത്തിനുള്ള പണവും വീട്ടിലേക്കാവശ്യമായ നിത്യോപയോഗ സാധനങ്ങളും എത്തിച്ച് കൊടുത്തിട്ടും, കുട്ടികളുടെ വിദ്യാഭ്യാസം ഏറ്റെടുത്ത് നടത്തിയിട്ടും, പലരുടേയും ആവശ്യം ആഴ്ചയിലൊരിക്കലെങ്കിലും വീട്ടിൽ നിന്ന് പുറത്തിറങ്ങാനും കഴിയാവുന്ന തൊഴിലുകൾ ചെയ്യാനുള്ള സാഹചര്യം ഉണ്ടാക്കണമെന്നതായിരുന്നു. എന്തുകൊണ്ടായിരിക്കാം ഈ രോഗികൾ ഇത്തരം ഒരാവശ്യം മുന്നോട്ടുവെച്ചത്? മാനസികമായി നമ്മെ പോലെ തന്നെ ആഗ്രഹങ്ങളും പ്രതീക്ഷകളുമുള്ള, ഇരുകൈകളും പ്രവർത്തന ശേഷിയുള്ള ഇവർക്ക് മരണാസന്നരായ ക്യാൻസർ രോഗികൾക്കും മറ്റ് മാറാരോഗികൾക്കും നൽകുന്ന തരത്തിലുള്ള പരിചരണമല്ല നൽകേണ്ടത്, മറിച്ച് ഇവരെ ചികിത്സയുടെ ഭാഗമായി പുനരധിവസിപ്പിക്കേണ്ടതാണെന്ന വസ്തുത നാം തിരിച്ചറിയണം.

തൊഴിലില്ലായ്മ എന്നത് ഒരു വ്യക്തിയുടെ ജീവിതത്തെ മുച്ചൂടും മാറ്റിമറിക്കുമെന്ന് പ്രത്യേകം പറയേണ്ടതില്ലല്ലോ. മേൽപ്പറഞ്ഞ തരത്തിലുള്ള രോഗികൾ എല്ലാവരും അവർക്ക് പറ്റാവുന്ന ചെറിയ തൊഴിലുകൾ സംഘടിപ്പിക്കാൻ നിരന്തരമായി ആവശ്യപ്പെടുന്നുണ്ട്. എന്നാൽ ഏത് ജോലിയിലും നൈപുണ്യം നേടണമെങ്കിൽ പരിശീലനം നേടണം. ജോലി ചെയ്യാൻ ആവശ്യമായ ഉപകരണങ്ങൾ വേണം. നിർമ്മാണത്തിനാവശ്യമായ അസംസ്കൃതവസ്തുക്കൾ ലഭ്യമാക്കണം. അതുപോലെ നിർമ്മിക്കുന്ന വസ്തുക്കൾ വിറ്റഴിക്കുന്നതിനുള്ള വിപണിയും കണ്ടെത്തണം. ഇതെല്ലാം തദ്ദേശ സ്ഥാപനവും അധികാരികളും സന്നദ്ധപ്രവർത്തകരും മനസ്സു വെച്ചാൽ നടക്കുന്ന കാര്യമാണ്. മേൽപറഞ്ഞതെല്ലാം തദ്ദേശഭരണ സ്ഥാപനത്തിന്റെ വാർഷിക പദ്ധതിയിൽ ഉൾപെടുത്തി ചെയ്യാൻ സാധിക്കും. തദ്ദേശ സ്ഥാപനങ്ങൾ വഴി നടത്തുന്ന എല്ലാ ക്ഷേമ പ്രവർത്തനങ്ങളുടെയും 3% ഗുണഭോക്താക്കൾ ശാരീരിക -മാനസിക വെല്ലുവിളികൾ നേരിടുന്നവരായിരിക്കണം എന്ന് സർക്കാർ നിഷ്ക്കർഷിച്ചിട്ടുണ്ട്. വികസന ഫണ്ടിന്റെ 5% ൽ കുറയാത്ത തുക വൃദ്ധ-വികലാംഗക്ഷേമ പ്രവർത്തനങ്ങൾക്കായി നിർബന്ധമായും ഉപയോഗിക്കണം എന്നും നിർദ്ദേശമുണ്ട്. വികേന്ദ്രീകരണ ആസൂത്രണം നടപ്പിലാക്കി പതിറ്റാണ്ടുകൾ പിന്നിടുമ്പോഴും, പ്രാദേശിക ആസൂത്രണ പ്രക്രിയയിൽ പാർശ്വവൽക്കരിക്കപ്പെട്ട ഇത്തരം ആളുകളുടെ പങ്കാളിത്തം ഉറപ്പുവരുത്താനും അവരുടെ ആവശ്യങ്ങൾ കണ്ടറിഞ്ഞ് പദ്ധതികൾ ആവിഷ്ക്കരിച്ച് നടപ്പിലാക്കുന്നതിനും എത്രത്തോളം കഴിഞ്ഞു എന്ന് നാം ചിന്തിക്കേണ്ടതുണ്ട്. തദ്ദേശ സ്ഥാപന തലത്തിൽ, ഇത്തരം പരിചരണം ആവശ്യമുള്ള മുഴുവൻ പേരെയും ഉൾപ്പടുത്തി ഓരോരുത്തരുടെയും ആവശ്യങ്ങൾ കണ്ടറിഞ്ഞും പരിഗണിച്ചും സ്ഥായിയായ പ്രയോജനം ഉറപ്പാക്കുന്ന പദ്ധതികൾ ആവിഷ്ക്കരിക്കുന്നതിൽ കുടുതൽ ശ്രദ്ധ പതിയേണ്ടതുണ്ട്.

കേരളത്തിലെ തദ്ദേശ ഭരണ സ്ഥാപനങ്ങളുടെ നേതൃത്വത്തിൽ നടപ്പിലാക്കി കൊണ്ടിരിക്കുന്ന സാന്ത്വന പരിചരണ പദ്ധതി ആരംഭിച്ചത് 15.04.2008 കേരള സർക്കാർ പാലിയേറ്റീവ് കെയർ പോളിസി പ്രഖ്യാപനത്തിലൂടെയാണ്. അതിന് ശേഷം തുടർച്ചയായി തദ്ദേശസ്വയംഭരണ വകുപ്പ് ഇക്കാര്യത്തിനായി സർക്കുലറുകളും ഉത്തരവുകളും പുറപ്പെടുവിക്കുന്നുമുണ്ട്. ഈ രേഖകളിലെല്ലാം തന്നെ പാലിയേറ്റീവ് കെയർ രോഗികളുടെ തൊഴിൽപരമായ പുനരധിവാസ പദ്ധതിയെ പറ്റി ഊന്നിപ്പറയുന്നുമുണ്ട് .




**വികേന്ദ്രീകരണ ആസൂത്രണം നടപ്പിലാക്കി പതിറ്റാണ്ടുകൾ പിന്നിടുമ്പോഴും, പ്രദേശിക ആസൂത്രണ പ്രക്രിയയിൽ പാർശ്വവൽക്കരിക്കപ്പെട്ട ആളുകളുടെ പങ്കാളിത്തം ഉറപ്പുവരുത്താനും അവരുടെ ആവശ്യങ്ങൾ കണ്ടറിഞ്ഞ് പദ്ധതികൾ ആവിഷ്ക്കരിച്ച് നടപ്പിലാക്കുന്നതിനും എത്രത്തോളം കഴിഞ്ഞു എന്ന് നാം ചിന്തിക്കേണ്ടതുണ്ട്. തദ്ദേശസ്ഥാപനതലത്തിൽ, സാന്ത്വന പരിചരണം ആവശ്യമുള്ള മുഴുവൻ പേരെയും ഉൾപ്പെടുത്തി ഓരോരുത്തരുടെയും ആവശ്യങ്ങൾ കണ്ടറിഞ്ഞും പരിഗണിച്ചും സ്ഥായിയായ പ്രയോജനം ഉറപ്പാക്കുന്ന പദ്ധതികൾ ആവിഷ്ക്കരിക്കുന്നതിൽ കുടുതൽ ശ്രദ്ധ പതിയേണ്ടതുണ്ട്.**



അതിനും എത്രയോ മുമ്പ് തന്നെ ശാരീരിക മാനസിക വൈകല്യം നേരിടുന്ന വ്യക്തികൾക്കായി പ്രത്യേക ഗ്രാമസഭകൾ നടത്തി ആവശ്യമായ സഹായം ലഭ്യമാക്കണമെന്ന് സർക്കാർ നിർദ്ദേശവുമുണ്ട്. പാലിയേറ്റീവ് കെയർ പ്രവർത്തകരുടെ നേതൃത്വത്തിൽ നടത്തുന്ന പാരാപ്ലിജിയ രോഗികളുടെ സംഗമം, ശാരീരിക-മാനസിക വെല്ലുവിളികൾ നേരിടുന്ന 18 വയസിൽ താഴെ പ്രായമുള്ള കുട്ടികളുടെ പരിചരണത്തിനായി മലപ്പുറം ജില്ലയിൽ നടപ്പാക്കിവരുന്ന പ്രതീക്ഷ പദ്ധതി എന്നിവയിലെല്ലാം ഇവരുടെ പ്രശ്നങ്ങൾ ചർച്ച ചെയ്യപ്പെടുന്നുണ്ട്. എന്നാൽ ഇവരുടെ ആവശ്യങ്ങൾ എല്ലാം ഏറ്റെടുക്കുന്നതിന് സന്നദ്ധ സംഘടനകൾക്ക് പരിമിതികൾ ഉണ്ട്. ഈ പരിമിതികൾ മറികടന്ന് ആവശ്യമെങ്കിൽ വിവിധ വകുപ്പുകളുടെ പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നതിനും സാമ്പത്തികം ഉൾപ്പടെയുള്ള വിഭവങ്ങൾ സമാഹരിക്കുന്നതിനും പ്രാദേശിക സർക്കാർ എന്ന നിലയിൽ തദ്ദേശസ്ഥാപനങ്ങൾക്ക് വലിയ പങ്കുവഹിക്കാനുണ്ട്.

ഇത്തരം വ്യക്തികൾക്ക് തൊഴിലിനാവശ്യമായ നിർമ്മാണ സാമഗ്രികൾ ലഭ്യമാക്കിയാൽ ഇവരും അധിക മാനസിക പ്രയാസങ്ങളില്ലാതെ സ്വന്തമായി ഒരു തൊഴിൽ ചെയ്ത് ജീവിക്കാൻ സാധിക്കുമെന്ന് തെളിയിച്ചവരാണ്. കോഴിക്കോട് കോർപ്പറേഷനും മലപ്പുറം ജില്ലാ പഞ്ചായത്തും വർഷങ്ങളായി ഈ രംഗത്ത് മാതൃകാ പ്രവർത്തനങ്ങൾ നടത്തുന്നുണ്ട്. മലപ്പുറം ജില്ലയിലെ നിലമ്പൂർ, കാളികാവ്, അരീക്കോട് ബ്ലോക്കുകളും ഈ രംഗത്ത് പ്രൊജക്ടുകൾ ഏറ്റെടുത്ത് നടപ്പിലാക്കുന്നുണ്ട്. സമീപകാലത്ത് ഇടുക്കി, കോഴിക്കോട് ജില്ലാ പഞ്ചായത്തുകൾ പുനരധിവാസ മേഖലയിൽ ശ്രദ്ധ കേന്ദ്രീകരിച്ചിട്ടുണ്ട്.തങ്ങളുടെ പരിധിയിലുള്ള സന്നദ്ധ പ്രവർത്തകർ നടത്തുന്ന പാലിയേറ്റീവ് കെയർ യൂണിറ്റുകളിൽ നിന്നും പ്രചോദനം ഉൾകൊണ്ട് കിടപ്പിലായ രോഗികൾക്കു തൊഴിൽ അഭ്യസിക്കുന്നതിനുള്ള പരിശീലനം സംഘടിപ്പിക്കുകയും, പരിശീലനം കഴിഞ്ഞവർക്ക് വീടുകളിൽ വെച്ച് തൊഴിൽ ചെയ്യുന്നതിന് അസംസ്കൃത സാധനങ്ങൾ വാങ്ങുന്നതിനാവശ്യമായ തുക വകയിരുത്തുകയും ചെയ്യുന്ന തൊഴിലധിഷ്ഠിത പുനരധിവാസ പ്രൊജക്ടാണ് ഏറ്റെടുത്ത് നടപ്പാക്കിയത്. ടോയിലെറ്റ് സോപ്പ്, സോപ്പു പൊടി, ലികിഡ് സോപ്പ്, ഫിനോയിൽ, തുള്ളിനീലം, കുട നിർമ്മാണം, പേപ്പർ ബാഗ് നിർമ്മാണം, സ്ക്രീൻ പ്രിന്റിംഗ് തുടങ്ങിയ അധികം നൈപുണ്യം ആവശ്യമില്ലാത്ത തൊഴിലുകളാണ് ഇവർ തുടക്കത്തിൽ ചെയ്തത്. ഇന്ന് ഇവരിൽ പലരും അസംസ്കൃത വസ്തുക്കൾ വാങ്ങുകയും മികച്ചതരം ഉൽപന്നങ്ങൾ നിർമ്മിക്കുകയും വിപണനം നടത്തുകയും ചെയ്യുന്നുണ്ട്. ആദ്യഘട്ടത്തിൽ വിപണനത്തിന് പ്രയാസങ്ങൾ നേരിട്ടെങ്കിലും ഇന്ന് 'പാലിയം' എന്ന ബ്രാന്റ് രജിസ്റ്റർ ചെയ്ത് ഉൽപന്നങ്ങൾ വിറ്റഴിക്കുന്നതിനുള്ള സംവിധാനം ഉണ്ട്. അതോടൊപ്പം തന്നെ ബ്രാന്റ് ചെയ്ത ഈ ഉൽപന്നങ്ങൾക്ക് കുടുംബശ്രീ സംവിധാനത്തിലൂടെയും സ്കൂൾ-കോളേജ് വിദ്യാർത്ഥികൾ, മറ്റ് സന്നദ്ധ സംഘടനകൾ, ആശാ പ്രവർത്തകർ എന്നിവരുടെ സഹായത്തോടെയും വിപണി കണ്ടെത്തുന്നു. ദൈനംദിനം വീടുകളിൽ ഉപയോഗിക്കുന്ന ഉൽപന്നങ്ങൾ നിർമ്മിക്കുന്നതിലൂടെ രോഗിയുടെ അയൽവാസികൾ തന്നെ ഇവ വാങ്ങി ഉപയോഗിക്കുന്നുണ്ട്.



സാമൂഹ്യക്ഷേമ വകുപ്പും ഇന്ത്യൻ അസോസിയേഷൻ ഓഫ് പാലിയേറ്റീവ് കെയർ - കേരളയും ചേർന്ന് നടപ്പിലാക്കിക്കൊണ്ടിരിക്കുന്ന നട്ടെല്ലിന് ക്ഷതമേറ്റ് കിടപ്പിലായവരുടെ തൊഴിലധിഷ്ഠിത പുനരധിവാസ പ്രോജക്ടും നമുക്ക് മാതൃകയായി മുന്നിലുണ്ട്. മലപ്പുറം, കോഴിക്കോട്, വയനാട്, ഇടുക്കി, എറണാകുളം ജില്ലകളിൽ നിന്നുള്ള 375 രോഗികളെ പുനരധിവസിപ്പിക്കാൻ വേണ്ടിയുള്ള ഒരു പൈലറ്റ് പ്രോജക്ടാണിത്. ഇതിന്റെ നടത്തിപ്പിൽ നിന്നും ബോധ്യമായ കാര്യം കൂടി ഇവിടെ കുറിക്കട്ടെ. ഇവരിൽ ഭൂരിഭാഗം പേരും 35 നും 50 വയസ്സിനും ഇടയിൽ പ്രായമുള്ളവരും കുടുംബനാഥൻമാരാണ്. ഇതിൽ 95% പേരും വീൽചെയറിൽ ഇരുന്ന് ജോലി ചെയ്യാൻ കഴിയുന്നവരാണ്. എസ്.എസ്.എൽ സി, മറ്റു ഉന്നത വിദ്യാഭ്യാസം നേടിയവരും ഇക്കൂട്ടത്തിൽ ഉണ്ട്. ഉദാഹരണത്തിന് എറണാകുളം ജില്ലയിൽ നട്ടെല്ലിന് ക്ഷതമേറ്റ് കിടപ്പിലായവരിൽ 60 ശതമാനം പേരും 30 നും 50 വയസ്സിനും ഇടയിൽ പ്രായമുള്ളവരാണ്.ഇതിൻ 92% പേരും അധ്വാനിച്ച് കുടുംബം പുലർത്തിയിരുന്നവരാണ്. എന്നാൽ രോഗികളായിക്കഴിഞ്ഞപ്പോൾ 15% പേർക്കുപോലും ചെറിയ തൊഴിൽ എടുക്കാനുള്ള സാധ്യത ഇല്ലാതെയായി. പകൽ സമയങ്ങൾ ഫലപ്രദമായി ഉപയോഗപ്പെടുത്തുന്നതിനും ചെറിയ തൊഴിലുകൾ ചെയ്യുന്നതിനും വേണ്ടി പഞ്ചായത്തിന്റെ പരിധിയിൽതന്നെ അവർക്ക് എത്തിപ്പെടാൻ സാധിക്കുന്ന സ്ഥലത്ത് ഒരു പകൽ വീട് (ഡേ കെയർ സെന്റർ)ഉണ്ടാവണമെന്നതായിരുന്നു ഇവരുടെയും ആവശ്യം. ചില ജില്ലയിൽ ഇത്തരം പകൽ വീടുകൾ സന്നദ്ധ പ്രവർത്തകർ നടത്തുന്ന പാലിയേറ്റീവ് കെയർ യൂണിറ്റുകൾ കേന്ദ്രീകരിച്ചും ചുരുക്കം ചില തദ്ദേശ സ്ഥാപനങ്ങളുടെ നേതൃത്വത്തിലും നടത്തി വരുന്നുണ്ട്. ആഴ്ചയിലൊരിക്കൽ ഇവർ ഈ കേന്ദ്രങ്ങളിൽ ഒരുമിച്ചുചേർന്ന് വിശേഷങ്ങൾ അന്വേഷിച്ചും സൗഹൃദം പങ്കുവച്ചും ഭാവി പരിപാടികൾ ചർച്ചചെയ്തും കൊച്ചു കൊച്ചു കലാപരിപാടികൾ അവതരിപ്പിച്ചും പ്രതിസന്ധികൾ നേരിടാനുള്ള കരുത്തും ആത്മവിശ്വാസവും ഇവർ നേടുന്നു.



ഇത്തരക്കാരെ സ്വയം സഹായ സംഘങ്ങളായി സംഘടിപ്പിച്ച് ബാങ്ക് വായ്പയും സബ്സിഡിയും പരിശീലനവും നൽകി ഡി.ടി.പി.സെന്റർ, സ്റ്റേഷനറി ഷോപ്പുകൾ, കൂൾബാറുകൾ, ചെറുകിട തൊഴിൽ യൂണിറ്റുകൾ തുടങ്ങി അനുയോജ്യമായ മേഖലകൾ കണ്ടെത്തി തൊഴിൽപരമായി പുനരധിവസിപ്പിക്കാൻ കഴിയും. വീടുകളിൽ നിന്നും പുറത്തിറങ്ങാനാവാതെ കിടപ്പിലായപ്പോൾ ഇവരുടെ മിനിറ്റുകൾക്ക് മണിക്കൂറുകളുടെ ദൈർഘ്യം ഉണ്ടായിരുന്നു. എന്നാൽ ഇന്ന് പലർക്കും തൊഴിൽ എടുക്കാൻ പകൽസമയങ്ങൾ മതിയാകാതെ വരുന്നു. പഠിച്ച തൊഴിലുകൾ സൂക്ഷ്മതയോടെ ചെയ്യാൻ തുടങ്ങിയപ്പോഴും, ചെറിയ വരുമാനം ലഭിച്ചപ്പോഴും ഇവരുടെ ജീവിതത്തിലും പ്രതീക്ഷയുടെ നാമ്പുകൾ മുളച്ചു, ജീവിതത്തിന് അർത്ഥവും ഉത്തരവാദിത്വബോധവും കൈവന്നു, പലരും വൈകല്യങ്ങൾക്കു മുമ്പുള്ള ഗൃഹനാഥൻമാരായി.

പാലിയേറ്റീവ് പരിചരണരംഗത്ത് നിശബ്ദവിപ്ലവം സൃഷ്ടിക്കാൻ കഴിഞ്ഞ നല്ല പ്രവർത്തന സംസ്കാരം നമുക്കുണ്ട്. മാനസിക രോഗികൾക്കുവേണ്ടി പ്രത്യേക പരിചരണ പദ്ധതി ഏറ്റെടുത്ത് നടപ്പിലാക്കിയ പോലെ വിപുലമായ അർത്ഥത്തിൽ പുനരധിവാസ പ്രവർത്തനങ്ങൾ ഏറ്റെടുത്ത് നടത്തേണ്ടതുണ്ട്. രോഗി കിടക്കുന്ന മങ്ങലേറ്റ നാല് ചുവരുകൾക്കുള്ളിൽ മാത്രമല്ല, ഇരുൾ നിറഞ്ഞ അവരുടെ മനസ്സിന്റെ അറകളിലേക്ക് കൂടി വെളിച്ചം വീശാനും ജീവിതത്തിൽ ഉണർവും പ്രതീക്ഷയും പകർന്ന് സമൂഹത്തിൽ പാർശ്വവൽക്കരിക്കപ്പെട്ടുപോകാതെ, ജീവിതത്തിന്റെ മുഖ്യധാരയിലേക്ക് അവരെയും എത്തിക്കാനുള്ള ധാർമ്മികതയും ഉത്തരവാദിത്വവും നമുക്ക് ഏറ്റെടുക്കാം, എല്ലാ സുരക്ഷിതത്വവും ഉറപ്പാക്കി അവരുടെ അവകാശങ്ങളെ നിറവേറ്റാം.■

*ലേഖകൻ മലപ്പുറം ജില്ല പാലിയേറ്റീവ് കെയർ പ്രൊജക്ടി(പരിരക്ഷ)ന്റെ കോർഡിനേറ്ററാണ്.*
*ഫോൺ: 9446391158*

**പാരാപ്ലീജിയ രോഗികളിൽ വിവിധ ക്ലിനിക്കുകൾ കേന്ദ്രീകരിച്ച് നടത്തിയ പഠനങ്ങളിൽ നിന്നും ലഭിച്ച വിവരങ്ങൾ**

| | |
|---|---|
| 30 വയസ്സിനും 50 വയസ്സിനും ഇടയിൽ പ്രായമുള്ളവർ | - 60% |
| ദാരിദ്ര്യരേഖയ്ക്കു താഴെയുള്ളവർ | - 87% |
| കിടപ്പിലാകുന്നതിന് മുൻപ് ജോലി ചെയ്ത് കുടുംബം പുലർത്തിയവർ | - 92% |
| പ്രാഥമിക വിദ്യാഭ്യാസം ഉള്ളവർ | - 92% |
| ഹൈസ്കൂൾ വിദ്യാഭ്യാസവും അതിനുമുകളിലും ഉള്ളവർ | - 43% |
| മുകളിൽ നിന്ന് വീണ് പരിക്കേറ്റവർ | - 64% |
| റോഡപകടങ്ങളിൽ പരിക്കേറ്റവർ | - 14% |
| പൂർണ്ണമായും കിടപ്പിലായവർ | - 40% |
| പരസഹായത്തോടെ മാത്രം ചലിക്കാൻ കഴിയുന്നവർ | - 40% |
| വികലാംഗ സർട്ടിഫിക്കറ്റ്,വികലാംഗ പെൻഷൻ ലഭിച്ചവർ | - 24% |
| സർക്കാർ,തദ്ദേശ സ്ഥാപനങ്ങൾ വഴി സഹായം ലഭിച്ചവർ | - 38% |
| സന്നദ്ധസംഘടനകൾ വഴി സഹായം ലഭിച്ചവർ | - 53% |

**രോഗി കിടക്കുന്ന മങ്ങലേറ്റ നാല് ചുവരുകൾക്കുള്ളിൽ മാത്രമല്ല, ഇരുൾ നിറഞ്ഞ അവരുടെ മനസ്സിന്റെ അറകളിലേക്ക് കൂടി വെളിച്ചം വീശാനും ജീവിതത്തിൽ ഉണർവും പ്രതീക്ഷയും പകർന്ന് സമൂഹത്തിൽ പാർശ്വവൽക്കരിക്കപ്പെട്ടുപോകാതെ, ജീവിതത്തിന്റെ മുഖ്യധാരയിലേക്ക് അവരെയും എത്തിക്കാനുള്ള ധാർമ്മികതയും ഉത്തരവാദിത്വവും നമുക്ക് ഏറ്റെടുക്കാം, എല്ലാ സുരക്ഷിതത്വവും ഉറപ്പാക്കി അവരുടെ അവകാശങ്ങളെ നിറവേറ്റാം.**

പാലിയേറ്റീവ് കെയർ സ്പെഷ്യൽ

**ആർക്കും തന്നെ തിരിച്ചുപോയി ഒരു തുടക്കം കുറിക്കാനാവില്ല. പക്ഷേ എല്ലാവർക്കും ഇന്നുതന്നെ ആരംഭിച്ച് പുതിയ ഒരു സമാപ്തി കൈവരിക്കാനാവും.**

**– മരിയ റോബിൻസൻ**

അഡ്വ. അലക്സ് കോഴിമല

# പാലിയേറ്റീവ് പരിചരണം

## ഇടുക്കി മാതൃക

ഭൂപ്രകൃതിയാൽ അനുഗൃഹീതമായ ഇടുക്കി ജില്ലയിൽ 53 ഗ്രാമപഞ്ചായത്തും ഒരു മുനിസിപ്പാലിറ്റിയും അഞ്ചു നിയമസഭാ നിയോജകമണ്ഡലവും ഒരു പാർലമെന്റും ഉൾപ്പെടുന്നു. 4517 ച.കി.മീ. വിസ്തൃതിയുള്ള ജില്ലയിൽ 1107453 ജനങ്ങൾ അധിവസിക്കുന്നു. കൃഷി, ക്ഷീരമേഖല, ടൂറിസം, പ്ലാന്റേഷൻ എന്നിവയാണ് ഇടുക്കി ജില്ലയുടെ പ്രധാന പ്രവർത്തനമേഖല.

കേരളത്തിലെ ആരോഗ്യ മേഖലയിൽ കായിക ശേഷിയുടെ കാര്യത്തിൽ പ്രഥമസ്ഥാനം വഹിക്കുന്ന ജില്ലയാണ് ഇടുക്കി. എന്നാൽ മലകൾ നിറഞ്ഞ ഈ ജില്ലയിൽ യാത്രാ സൗകര്യങ്ങളുടെ അപര്യാപ്തത രോഗികൾക്ക് ആശുപത്രിയിലെത്തി വേണ്ട പരിചരണം യഥാസമയം ലഭിക്കുന്നതിന് ബുദ്ധിമുട്ട് സൃഷ്ടിക്കുന്നു.

പക്ഷാഘാതം, നട്ടെല്ലിന് ക്ഷതം, കാൻസർ, എയ്ഡ്സ്, വാർദ്ധക്യജന്യ രോഗങ്ങൾ തുടങ്ങിയ ദീർഘകാല പ്രശ്നങ്ങൾ മൂലം ദുരിതമനുഭവിക്കുന്ന നിരവധി പേർ ഇടുക്കി ജില്ലയിലുണ്ട്. പലരും രോഗ പീഡകളാൽ കിടപ്പിലായവരും സമൂഹത്തിന്റെ മുഖ്യധാരയിൽ നിന്നകന്ന് ഒറ്റപ്പെട്ട് കഴിയുന്നവരുമാണ്. ശാരീരികവും സാമൂഹികവും സാമ്പത്തികവും മാനസികവുമായ ഒട്ടനവധി ദുരിതമനുഭവിച്ചുകൊണ്ടാണ് രോഗികളും അവരുടെ കുടുംബവും ജീവിതം തള്ളി നീക്കുന്നത്. സാമൂഹ്യ പങ്കാളിത്തത്തോടെ ഇത്തരത്തിൽ ദുരിതമനുഭവിക്കുന്ന രോഗികൾക്കും അവരുടെ കുടുംബത്തിനും ആശ്വാസം നൽകുന്ന പാലിയേറ്റീവ് പരിചരണ സംവിധാനം 2008-ലാണ് ജില്ലയിൽ ആരംഭിച്ചത്.

ദീർഘകാലരോഗങ്ങളാൽ ദുരിതമനുഭവിക്കുന്ന നിരവധി രോഗികൾ ഇടുക്കി ജില്ലയിൽ ഉണ്ടെന്ന് ബോധ്യമായതിന്റെ അടിസ്ഥാനത്തിൽ ജില്ലാപഞ്ചായത്ത് 2011-2012 വാർഷിക പദ്ധതിയിൽ "സമ്പൂർണ്ണ പാലിയേറ്റീവ് പരിചരണ ജില്ല - ഇടുക്കി" എന്ന ബൃഹത്തായ പ്രൊജക്ടിനും നട്ടെല്ലിന് ക്ഷതം സംഭവിച്ചവർക്കായുള്ള പുനരധിവാസ പദ്ധതിക്കും (Para Plegia Rehabilitation) രൂപം നൽകി.

### സമ്പൂർണ്ണ പാലിയേറ്റീവ് പരിചരണ പദ്ധതി 2011-2012

സമ്പൂർണ്ണ പാലിയേറ്റീവ് പരിചരണ പദ്ധതിയിൽ താഴെ പറയുന്ന ലക്ഷ്യങ്ങളാണ് ഉൾപ്പെടുത്തിയിരുന്നത്.

1. പാലിയേറ്റീവ് കെയർ ജില്ലാതല ഏകോപനം
2. ദുരിതമനുഭവിക്കുന്ന ജില്ലയിലെ മുഴുവൻ ദീർഘകാല രോഗികളെയും പാലിയേറ്റീവ് പരിചരണ പദ്ധതിയിൽ ഉൾപ്പെടുത്തുക.
3. ജില്ലാ ആശുപത്രിയിൽ പാലിയേറ്റീവ് പരിചരണം ആരംഭിക്കുക.
4. ഇടുക്കിയെ സമ്പൂർണ്ണ പാലിയേറ്റീവ് പരിചരണ ജില്ലയാക്കി മാറ്റുക.








ഇടുക്കിയെ സമ്പൂർണ്ണ പാലിയേറ്റീവ് ജില്ലയായി പ്രഖ്യാപിക്കുന്ന ചടങ്ങിൽ ജലവിഭവ വകുപ്പുമന്ത്രി പി.ജെ. ജോസഫ് ഇടുക്കി ജില്ലാ പഞ്ചായത്ത് പ്രസിഡന്റ് അഡ്വ. അലക്സ് കോഴിമലക്ക് ഉപഹാരം നൽകുന്നു.

### സമ്പൂർണ്ണ പാലിയേറ്റീവ് ജില്ല

ജില്ലാ പഞ്ചായത്തിന്റെ പദ്ധതി ആരംഭിക്കുമ്പോൾ 42 പഞ്ചായത്തുകളിലും ഒരു മുനിസിപ്പാലിറ്റിയിലും മാത്രമാണ് പാലിയേറ്റീവ് പ്രവർത്തനത്തിനു തുടക്കം കുറിച്ചിരുന്നത്. ജില്ലയിലെ മറ്റു 11 പഞ്ചായത്തുകളിൽ കൂടി പാലിയേറ്റീവ് പരിചരണ പ്രവർത്തനം ആരംഭിക്കുന്നതിന് വേണ്ടി പഞ്ചായത്ത് പ്രസിഡന്റുമാരെയും ബന്ധപ്പെട്ട ഉദ്യോഗസ്ഥരെയും നേരിൽകണ്ട് പ്രവർത്തനം തുടങ്ങുവാൻ വേണ്ട സാഹചര്യമൊരുക്കി.

രാജ്യത്തെ ആദ്യത്തെ ആദിവാസി പഞ്ചായത്തായ ഇടമലക്കുടി പഞ്ചായത്തിൽ 21 കിലോമീറ്റർ കാൽനടയായി സഞ്ചരിച്ച് എത്തുകയും മൂന്നു ദിവസം വിവിധ കുടികളിൽ രോഗികളെകണ്ട് പരിചരണം നടത്തിയതുമാണ് പ്രവർത്തനങ്ങളിൽ ഏറ്റവും അവിസ്മരണീയമായത്. ഈ ടീമിൽ സബ്കളക്ടർ രാജമാണിക്യം ഐ.എ.എസ്. (ദേവികുളം), ജില്ലാ പഞ്ചായത്ത് അംഗങ്ങൾ ഗ്രാമപഞ്ചായത്ത് അംഗങ്ങൾ, സെക്രട്ടറി, ആരോഗ്യ വകുപ്പ് ഉദ്യോഗസ്ഥർ, സന്നദ്ധ സംഘടനാ പ്രവർത്തകർ തുടങ്ങിയവർ ഉൾപ്പെട്ടിരുന്നു.

### വിവരശേഖരണം

ഇടുക്കിയെ സമ്പൂർണ്ണ പാലിയേറ്റീവ് കെയർ ജില്ലയാക്കുന്നതിനുവേണ്ടി പാലിയേറ്റീവ് കെയർ ആവശ്യമുള്ള ജില്ലയിലെ മുഴുവൻ രോഗികളെയും കണ്ടെത്തി പഞ്ചായത്തുതലത്തിൽ "Patients Data Register" തയ്യാറാക്കി പ്രിന്റ് ചെയ്ത് നൽകി.

### ജില്ലാ ആശുപത്രി പാലിയേറ്റീവ് പരിചരണ പദ്ധതി

ജില്ലാ ആശുപത്രി ഉൾപ്പെടുന്ന പ്രദേശത്തുള്ള രോഗികളിൽ സ്പെഷ്യൽ കെയർ ആവശ്യമുള്ളവർക്ക് സ്പെഷ്യൽ ഹോം കെയറും OP സംവിധാനവും In-patient Care ഉം reference സംവിധാനവും ആരംഭിച്ചു. കൂടാതെ Nurses Training Centre ആയി ജില്ല ആശുപത്രിയെ മാറ്റാനും സാധിച്ചു.

### ജില്ലാ സന്നദ്ധ പ്രവർത്തകസംഗമം

ജില്ലയിലെ പ്രവർത്തനങ്ങളുടെ ഭാഗമായി രണ്ടു ദിവസം നീണ്ടു നിന്ന ക്യാമ്പ് തൊടുപുഴയിൽവച്ച് നടത്തി. ക്യാമ്പിൽ മുന്നൂറോളം സന്നദ്ധ പ്രവർത്തകർ പങ്കെടുത്തു. പാലിയേറ്റീവ് കെയറിന്റെ പ്രവർത്തനവും സാധ്യതകളും യോഗത്തിൽ സമ്പൂർണ്ണമായി ചർച്ച ചെയ്തു.

ജില്ലയിലെ 53 പഞ്ചായത്തുകളിലെയും തൊടുപുഴ മുനിസിപ്പാലിറ്റിയിലെയും മുഴുവൻ രോഗികളെയും കണ്ടെത്തി തയ്യാറാക്കിയ "Patient's Data Register" പഞ്ചായത്തുതല പ്രോജക്ട് മാനേജ്മെന്റ് കമ്മറ്റിയുടെ അംഗീകാരത്തോടുകൂടി പ്രസിഡന്റുമാർക്ക് ലഭിച്ചതോടുകൂടി ഇടുക്കി സമ്പൂർണ്ണ പാലിയേറ്റീവ് കെയർ ജില്ലയായി മാറി. 2012 ഏപ്രിൽ 13ന് തൊടുപുഴയിൽ നടന്ന പാലിയേറ്റീവ് സംഗമത്തിൽ ജലവിഭവ വകുപ്പ് മന്ത്രി പി.ജെ. ജോസഫ് സമ്പൂർണ്ണ പാലിയേറ്റീവ് ജില്ലയായി ഇടുക്കിയെ പ്രഖ്യാപിച്ചു. പ്രസ്തുത ചടങ്ങിൽ ജില്ലയിലെ 53 ഗ്രാമപഞ്ചായത്തുകൾക്കും മുനിസിപ്പാലിറ്റിക്കും ഷീൽഡ് നൽകി ആദരിച്ചു.

ഇടുക്കി ജില്ലാ പഞ്ചായത്ത് ആവിഷ്കരിച്ചു നടപ്പിലാക്കിയ പദ്ധതിയുടെ വിജയത്തിന് തൊടുപുഴ മുനിസിപ്പൽ ചെയർമാന്റെയും ഗ്രാമ, ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റുമാരുടെയും കമ്മിറ്റി അംഗങ്ങളുടെയും സഹകരണം നിസ്തുലമാണ്. ത്രിതല പഞ്ചായത്ത് ഭരണ സമിതിയോടൊപ്പം ആരോഗ്യവകുപ്പ്, ആരോഗ്യകേരളം ഇടുക്കി, കുടുംബശ്രീ, ആശ വർക്കേഴ്സ് പാലിയേറ്റീവ് കെയർ നേഴ്സസ്, സന്നദ്ധ പ്രവർത്തകരുടെയും കൂട്ടായ പ്രവർത്തനം ഈ വിജയത്തിന് സഹായകരമായി.

### പാരാ പ്ലീജിയ റീഹാബിലിറ്റേഷൻ പ്രോഗ്രാം (2011-12)

ജില്ലാ പഞ്ചായത്തിന്റെ 2011-2012 വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തി നടപ്പിലാക്കുന്ന മറ്റൊരു പ്രോജക്ടാണ് "Para Plegia Rehabilitation Programme 2011-12." അപകടങ്ങൾ മൂലവും ഉയരങ്ങളിൽ നിന്നുമുള്ള വീഴ്ചകൾ മൂലവും നട്ടെല്ലിന് ക്ഷതം സംഭവിച്ച് അരയ്ക്ക് കീഴ്പ്പോട്ട് ചലനശേഷി പൂർണ്ണമായും നഷ്ടപ്പെട്ട് വീടിന്റെ അകത്തളങ്ങളിൽ കിടപ്പിലായി ജീവിതത്തിൽ ഒറ്റപ്പെട്ട് ദുരിതമനുഭവിക്കുന്ന രോഗികളെ പുനരധിവസിപ്പിക്കുക എന്ന ലക്ഷ്യത്തോടുകൂടിയാണ് പ്രൊജക്ട് തയ്യാറാക്കിയത്.

### ലക്ഷ്യം

1. നട്ടെല്ലിന് ക്ഷതംപറ്റി അരയ്ക്ക് കീഴ്പ്പോട്ട് ചലനശേഷി നഷ്ടപ്പെട്ട വീടുകളിൽ കഴിയുന്ന രോഗികളുടെയും അവരുടെ കുടുംബത്തിന്റെയും അവസ്ഥയും പ്രശ്നങ്ങളും മനസ്സിലാക്കി അവർക്ക് പിന്തുണ നൽകുക.
2. ഇത്തരം രോഗികൾക്ക് വീടുകളിൽ തന്നെ ഇരുന്ന് ചെയ്യുവാൻ കഴിയുന്ന കൈത്തൊഴിലുകളിൽ പരിശീലനം നൽകുക.
3. കുട, സോപ്പ്, സോപ്പുപൊടി തുടങ്ങിയ ഉല്പന്നങ്ങൾ വീടുകളിൽ വച്ച് നിർമ്മിക്കുന്നതിനുള്ള സാധന സാമഗ്രികൾ ലഭ്യമാക്കുക.
4. ഇങ്ങനെ നിർമ്മിക്കപ്പെടുന്ന ഉല്പന്നങ്ങൾ വിറ്റഴിക്കുന്നതിന് രോഗിയേയും അവരുടെ കുടുംബത്തെയും സഹായിക്കുക.
5. ഇത്തരം രോഗികളുടെ ശാരീരികവും മാനസികവുമായ പ്രശ്നങ്ങളിൽ ആവശ്യമായ തുടർ പരിചരണം ഉറപ്പാക്കുക.

2011-12 സാമ്പത്തിക വർഷം പദ്ധതി പ്രവർത്തനങ്ങൾ പൂർത്തിയാക്കാനാണ് ലക്ഷ്യമിട്ടിരുന്നതെങ്കിലും ചില സാങ്കേതിക കാരണങ്ങളാൽ അതിനു കഴിയാത്തതിനാൽ ഈ സാമ്പത്തിക വർഷം സ്പിൽഓവറായി പദ്ധതി നടപ്പാക്കി വരുന്നു.■

*ലേഖകൻ ഇടുക്കി ജില്ലാ പഞ്ചായത്ത് പ്രസിഡന്റാണ്.*
*ഫോൺ: 9447054251*

# സജിയുടെ കണ്ണുകളിലെ തിളക്കം മറ്റനേകം കണ്ണുകളിലും ഉണ്ടാവട്ടെ....

**ഡോ. അഞ്ജു മറിയം ജോൺ**

വല്ലപ്പോഴുമൊക്കെ കുശലം പറയാൻ വീട്ടിലെത്തുന്ന സുശീലചേച്ചി പറഞ്ഞാണ് രോഗികളുടെ വീട്ടിൽ ചെന്ന് മൂത്രം പോകാനുള്ള ട്യൂബ് മാറ്റുന്ന ഒരു പരിപാടി പഞ്ചായത്ത് തുടങ്ങിവെച്ചിട്ടുണ്ടെന്ന് സജി അറിഞ്ഞത്. 'ഞാൻ അവരോട് നിങ്ങളുടെ കാര്യം കൂടി പറയട്ടേ? എന്ന് ചേച്ചി ചോദിച്ചപ്പോൾ സജിയും ഭാര്യ സ്മിതയും ഉടൻ ഒരുത്തരം പറഞ്ഞില്ല. 'ആലോചിക്കട്ടെ ചേച്ചീ, ഞാൻ പറയാം' എന്ന് പറഞ്ഞ് സുശീലചേച്ചിയെ മടക്കി അയയ്ക്കുകയാണ് ചെയ്തത്. അവർ പോയിക്കഴിഞ്ഞ് സജിയും സ്മിതയും ആലോചിച്ചു, ഒരു വശത്ത് കഴിഞ്ഞ മൂന്നു വർഷമായി ആദ്യം വള്ളത്തിലും പിന്നെ ആംബുലൻസിലുമായി ട്യൂബ് മാറ്റാനുള്ള യാത്രയുടെ ദുരിതം; കട്ടിലിൽ നിന്ന് പുറത്തേക്കും പിന്നെ വള്ളത്തിലേക്കും വള്ളത്തിൽ നിന്ന് ആംബുലൻസിലേക്കും അതിൽ നിന്ന് ആശുപത്രിയിലേക്കും കയറ്റിയിറക്കാൻ പലരെയും ആശ്രയിക്കേണ്ടി വരുന്നതിലുള്ള വിഷമം; വണ്ടിക്കും വള്ളത്തിനും ട്യൂബിനും ബാഗിനുമൊക്കെയായി ചെലവാകുന്ന വലിയ തുക. മറുവശത്ത്-പഞ്ചായത്തിന്റെ പരിപാടിയല്ലേ, വിശ്വസിക്കാൻ കഴിയുമോ? ഒരു പിടിപാടുമില്ലാത്ത എന്റെ വീട്ടിലും അവർ വരുമോ? അതിന് വേറെ പണം കൊടുക്കേണ്ടി വരില്ലേ? ഇനി കൊടുക്കാൻ കഴിഞ്ഞാൽ തന്നെ വരുന്നവർക്ക് ഇതു ചെയ്യാനുള്ള കഴിവുണ്ടാകുമോ? എല്ലാ പ്രാവശ്യവും ഡോക്ടർ തന്നെ ചെയ്തിട്ടും വിട്ടുമാറാത്ത മൂത്രത്തിൽ പഴുപ്പ് ഇനിയും കൂടിയാലോ?
- അങ്ങനെ ഒരു നൂറ് ചോദ്യങ്ങൾ.

കല്യാണം കഴിഞ്ഞ് ഒരു വർഷം കഴിഞ്ഞ ഉടനെ അപകടത്തിന്റെ രൂപത്തിൽ എത്തിയ ദുർവിധി ഭർത്താവിനെ അരയ്ക്കു താഴെ തളർത്തി കട്ടലിൽ തളച്ചി രിക്കുകയാണെങ്കിലും സ്മിതയ്ക്ക് അയാളോടുള്ള സ്നേഹം ഒട്ടും കുറഞ്ഞിരുന്നില്ല എന്നതുകൊണ്ടാവാം, നമുക്കിതു വേണ്ട ചേട്ടാ.. എത്ര കഷ്ടപ്പെട്ടാലും സാരമില്ല, ചേട്ടന് ഏറ്റവും നല്ല ചികിത്സ തന്നെ വേണം എന്നാണവൾ പറഞ്ഞത്. പക്ഷെ, സജി ചിന്തിച്ചത് അങ്ങനെയായിരുന്നില്ല, ഒരു ദിവസമെങ്കിൽ ഒരു ദിവസം, എന്നെയും കൊണ്ടു പോകുന്ന കഷ്ടപ്പാട് നിനക്കുണ്ടാകില്ലല്ലോ- എന്തായാലും ഇതൊന്ന് പരീക്ഷിച്ചു നോക്കാം എന്നായിരുന്നു അയാളുടെ നിലപാട്. അവസാനം ഒരൊറ്റത്തവണ പരീക്ഷിക്കാമെന്നു തന്നെ അവർ തീരുമാനിച്ചു. സ്മിത സുശീലചേച്ചിയുടെ വീട്ടിൽ പോയി കാര്യം പറഞ്ഞു, അടുത്ത ആഴ്ച തന്നെ അവരെ കൂട്ടിക്കൊണ്ടുവരാമെന്ന് സുശീലചേച്ചിയും സമ്മതിച്ചു. ചൊവ്വാഴ്ച തന്നെ അവർക്കു വരാൻ പറ്റിയില്ലെങ്കിൽ ബുധനാഴ്ച ആശുപത്രിയിൽ കൊണ്ടു പോകാമെന്ന് സ്മിതയും മനസ്സിലുറപ്പിച്ചു.

ചൊവ്വാഴ്ച രാവിലെ തന്നെ സ്മിത സജിയുടെ ദേഹമൊക്കെ തുടച്ചു, വീടു മുഴുവൻ വൃത്തിയാക്കിവെച്ചു. ഏതായാലും പഞ്ചായത്തിൽ നിന്നൊക്കെ വരുന്നതല്ലേ? എന്നായിരുന്നു അവളുടെ ചിന്ത. 10 മണി ആയപ്പോൾ യമഹാ വള്ളത്തിന്റെ ശബ്ദം കേട്ടു. സ്മിത സജിയോടു പറഞ്ഞു, 'കേട്ടോ, അവർ വന്നെന്നു തോന്നുന്നു'. ജനാലയുടെ കമ്പിയിൽ പിടിച്ച് പതിയെ പൊങ്ങി നോക്കിയ സജി നാലു പേർ വീട്ടിലേക്കു വരുന്നതു കണ്ടു. ഒരാൾ സുശീലചേച്ചിയായതുകൊണ്ടും ചേച്ചിയുടെയും മറ്റൊരാളുടെയും കയ്യിൽ ബാഗുകൾ കണ്ടതുകൊണ്ടും ഇതവർ തന്നെ എന്ന് സജിക്കു മനസ്സിലായി. സ്മിത കതകു തുറന്ന് അവരെ സ്വീകരിക്കുന്നതും കണ്ടു. അവർ നേരെ ചെന്നത് സജിയുടെ മുറിയിലേക്കാണ്.

'സജീ, എന്നെ മനസ്സിലായോ?' കൂട്ടത്തിലെ ഏക പുരുഷൻ ചോദിച്ചു. മുഖം പരിചിതമായിരുന്നെങ്കിലും ആരാണെന്ന് സജിക്ക് പെട്ടെന്ന് മനസ്സിലായില്ല. 'ഞാൻ സതീശൻ. ഇവിടുത്തെ മെമ്പറാ. കഴിഞ്ഞ വർഷം കാണാൻ വന്നിരുന്നു. പിന്നെ തിരക്ക് കാരണം വരാൻ പറ്റിയില്ല. സ്മിതയെ കാണുമ്പോഴൊക്കെ വിവരം ചോദി ക്കാറുണ്ട്.' ശരിയാണെന്ന മട്ടിൽ സ്മിത തല കുലുക്കുന്നു ണ്ടായിരുന്നു. ഇന്നിപ്പോൾ നമ്മുടെ പാലിയേറ്റീവുകാരുടെ കൂടെ ഒന്നിറങ്ങാം എന്നു വിചാരിച്ചു.' സജി പെട്ടെന്ന് സ്മിതയെക്കൊണ്ട് മുമ്പിലത്തെ മുറിയിലെ പ്ലാസ്റ്റിക്ക് കസേരകൾ എടുപ്പിച്ച് എല്ലാവരെയും ഇരുത്തി.



'ഷാഹിദ സിസ്റ്ററിനെപ്പറ്റി ഞാൻ പറഞ്ഞിട്ടില്ലേ?' സ്മിത ചോദിച്ചു. രണ്ടര വയസ്സുള്ള കുഞ്ഞിന് കുത്തിവെയ്പ്പെടു ക്കാൻ സഹായിക്കുകയും പനിക്കും മൂത്രത്തിലെ പഴുപ്പിനുമുള്ള മരുന്നുകൾ സർക്കാർ ആശുപത്രിയിൽ നിന്ന് കൊടുക്കുകയും ചെയ്യുന്ന ഹെൽത്തിലെ ഷാഹിദ സിസ്റ്ററിനെ സജിക്ക് അപ്പോഴാണ് മനസ്സിലായത്. ഇതാണ് സീന സിസ്റ്റർ. പാലിയേറ്റീവിലെ നമ്മുടെ നഴ്സാണ് ബാഗുമായി വന്ന നാലാമത്തെയാളെ പരിചയപ്പെടുത്തിയത് സുശീലചേച്ചിയാണ്.

പിന്നെ അധികവും സംസാരിച്ചത് സീന സിസ്റ്ററായിരുന്നു. പണിക്കിടെ നാലാം നിലയിൽ നിന്ന് വീണതും പിന്നെ മെഡിക്കൽ കോളേജിൽ ഒരു മാസം കിടന്നതുമെല്ലാം സജി പറഞ്ഞു. വന്നവരെല്ലാം ശ്രദ്ധയോടെ കേട്ടിരുന്നതു കൊണ്ടാവാം സാധാരണ പറയുന്നതിൽക്കൂടുതൽ കാര്യങ്ങൾ സജി അവരോടു പറഞ്ഞു. പക്ഷെ, ഇപ്പോൾ സ്മിതയുടെ സ്വർണ്ണമെല്ലാം പണയത്തിലാണെന്നോ അന്നന്നത്തേക്കുള്ള അരിക്കു പോലും ബുദ്ധിമുട്ടാണെന്നോ സജിയും സ്മിതയും പറഞ്ഞില്ല. ട്യൂബ് മാറ്റാൻ വന്ന ഇവരോട് എന്തിന് അതൊക്കെ വിസ്തരിക്കണം? സതീശൻ മെമ്പർ പെൻഷൻ കിട്ടുന്നുണ്ടോ എന്നു ചോദിച്ചപ്പോൾ, 'ഇല്ല, അതിനൊക്കെ പുറകെ നടക്കാൻ ആരാ? എന്നു മാത്രം പറഞ്ഞു. സംസാരത്തിനിടയിൽ ഷാഹിദ സിസ്റ്റർ സജിയുടെ ബി.പി.യും എടുത്തു.

എന്നാൽ പിന്നെ ട്യൂബ് മാറ്റണ്ടേ?' എന്ന് സീന സിസ്റ്റർ ചോദിച്ചതോടെ മെമ്പറും സുശീലചേച്ചിയും മുറിക്കു പുറത്തിറങ്ങി. സിസ്റ്റർമാർ സ്മിതയെക്കൂടി വിളിച്ചത് സജിക്കും ആശ്വാസമായി തോന്നി. വാങ്ങിവെച്ചിരുന്ന ട്യൂബും ബാഗുമായി സ്മിത വന്നപ്പോൾ, അയ്യോ, ഇതൊക്കെ ഞങ്ങൾ കൊണ്ടുവന്നിട്ടുണ്ടെന്ന് അവർ പറഞ്ഞു. പിന്നെ കയ്യിൽ കരുതിയിരുന്ന വലിയ ബാഗിൽ നിന്ന് തുണിയിൽ പൊതിഞ്ഞ ചെറിയ പെട്ടിയും ട്യൂബും ബാഗും സിറിഞ്ചുകളും മറ്റും എടുത്തു. ഇതൊക്കെ കണ്ടപ്പോൾ സ്മിതയ്ക്കാണ് കൂടുതൽ ആശ്വാസം തോന്നിയത്, 'ഇവർ ആശുപത്രി തന്നെ വീട്ടിൽ കൊണ്ടുവന്നല്ലോ!. വീട്ടിൽ, തന്റെ കട്ടിലിൽ കിടന്നതുകൊണ്ടാണോ, ഭാര്യ അടുത്തു തന്നെ ഉണ്ടായിരുന്നതുകൊണ്ടാണോ, അതോ സ്നേഹപൂർവ്വം സംസാരിച്ചുകൊണ്ട് ശ്രദ്ധയോടെ ട്യൂബ് ഇട്ടതുകൊണ്ടാണോ-സാധാരണ തോന്നാറുള്ള അസ്വസ്ഥതയും മനപ്രയാസവുമൊന്നും അന്ന് സജിക്കു തോന്നിയില്ല. ഇരുപത് മിനിറ്റിൽ കാര്യം കഴിയുകയും ചെയ്തു. നന്ദിയോടെയാണ്, നാളെ ആശുപത്രിയിൽ പോകേണ്ടി വന്നാൽ ഉണ്ടാകുന്ന ചെലവിനു വേണ്ടി സംഘടിപ്പിച്ചു വെച്ചിരുന്ന തുകയിൽ നിന്ന് ഇരുന്നൂറ് രൂപ സീനാ സിസ്റ്ററുടെ കയ്യിൽ വെച്ചു കൊടുത്തത്. ഇതിനുള്ള ശമ്പളമൊക്കെ പഞ്ചായത്ത് എനിക്കു തരുന്നുണ്ട്, എന്നു ചിരിച്ചുകൊണ്ട് പറഞ്ഞ് സിസ്റ്റർ അതു വാങ്ങിയില്ല. അടുത്ത മാസം വരാം, എന്ന് യാത്ര പറഞ്ഞ് അവരിറങ്ങിയപ്പോൾ സജി ചിന്തിച്ചു- ഒന്നുമില്ലെങ്കിൽ, ഇന്ന് കുറെയധികം പേരെ ബുദ്ധിമുട്ടിക്കാതെയെങ്കിലും കഴിഞ്ഞല്ലോ.

പിറ്റേ മാസവും കൃത്യസമയത്ത് തന്നെ അവരെത്തി, വിളിക്കാതെ തന്നെ. ഇത്തവണ സജി കുറെക്കൂടി സംസാരിച്ചു, കടം വല്ലതുമുണ്ടോ? എന്ന് സതീശൻ മെമ്പർ ചോദിച്ചപ്പോൾ, സത്യാവസ്ഥ പറഞ്ഞു. ഇടയ്ക്കിടെ മനസ്സിനെ കീഴ്പ്പെടുത്തുന്ന നിരാശയും ദുഖവും അല്പം പങ്കു വെച്ചു. അവരാരും ഉപദേശിക്കാനോ, തടസ്സപ്പെടുത്താനോ തുനിയാഞ്ഞതുകൊണ്ട് മനസ്സു തുറന്ന് കുറെയധികം കാര്യങ്ങൾ അന്നു പറയാൻ കഴിഞ്ഞു.

ട്യൂബിൽ പഴുപ്പു കണ്ട സിസ്റ്റർ വെള്ളം കുടിക്കണമെന്ന് നിർബന്ധിച്ചു. ഇനിയും പഴുപ്പ് വരാതിരിക്കാൻ ശ്രദ്ധിക്കേണ്ട കാര്യങ്ങൾ സജിക്കും സ്മിതയ്ക്കും പറഞ്ഞു കൊടുത്തു. ഈ മൂന്നു വർഷത്തിനിടയിൽ ആശുപത്രിയിൽ പോയപ്പോൾ ഒരിക്കലെങ്കിലും ആരെങ്കിലും ഇതൊക്കെ പറഞ്ഞു തന്നിരുന്നെങ്കിൽ തന്റെ ഭർത്താവിന് ഇത്രയധികം മരുന്നുകൾ പഴുപ്പ് മാറ്റാൻ കഴിക്കേണ്ടി വരികയില്ലായിരുന്നല്ലോ എന്ന് സ്മിത ചിന്തിച്ചു. ഇങ്ങനെ വീട്ടിൽ വെച്ച് ട്യൂബ് മാറ്റുന്നതാണ് നല്ലതെന്ന് അവൾ ഉറപ്പിച്ചു.

അതിനടുത്ത മാസം വികലാംഗ പെൻഷനുള്ള അപേക്ഷയുമായാണ് സതീശൻ മെമ്പർ വന്നത്. പൂരിപ്പിച്ചു തന്നാൽ മതി, പിന്നെ ഫോട്ടോയും മറ്റു സർട്ടിഫിക്കറ്റുകളുടെ കോപ്പിയും വേണം. ബാക്കി ഞാൻ നോക്കിക്കൊള്ളാം, എന്ന് മെമ്പർ പറഞ്ഞപ്പോൾ, സജിയുടെ കണ്ണുകൾ നിറഞ്ഞുപോയി. ഇത്രയുമൊക്കെ എന്നെപ്പറ്റി ചിന്തിക്കാൻ ഞാൻ സാറിന്റെ ആരാ? സാറിന് ഒരു വോട്ടു പോലും ചെയ്യാൻ എനിക്കാവില്ലല്ലോ! എന്ന് സജി പറഞ്ഞപ്പോൾ സതീശൻ മെമ്പർ പറഞ്ഞു, എന്റെ സജീ, ഇതിനൊക്കെ വേണ്ടിയല്ലേ ഞങ്ങളൊക്കെ പൊതു പ്രവർത്തനം നടത്തുന്നത്? ഇതിനു വേണ്ടിയല്ലേ ഇവിടെ പാലിയേറ്റീവ് കെയർ തുടങ്ങിയത്? അന്ന് പാലിയേറ്റീവ് കെയറിനെപ്പറ്റിയും പ്രവർത്തനങ്ങളെപ്പറ്റിയുമെല്ലാം സജി മെമ്പറിനോട് ചോദിച്ചറിഞ്ഞു. ട്യൂബ് മാറ്റൽ മാത്രമല്ല പാലിയേറ്റീവ് കെയർ എന്ന് സജി മനസ്സിലാക്കിയത് അങ്ങനെയാണ്.

മാസങ്ങൾ കുറച്ചങ്ങനെ പോയി. ഇതിനിടയിൽ സജിക്ക് പെൻഷൻ ശരിയായി; ഒരു ദിവസം വള്ളത്തിൽ ഒരു വീൽ ചെയർ കൂടി കൊണ്ടുവന്ന് നൽകി. കട്ടിലിൽ നിന്ന് വീൽ ചെയറിലേക്ക് കൈ കുത്തിയിറങ്ങാനും വീട്ടിനുള്ളിലൂടെ തനിയെ അതുരുട്ടിക്കൊണ്ട് പോകാനും സീന സിസ്റ്റർ പഠിപ്പിച്ചുകൊടുത്തു.

വീൽ ചെയർ കിട്ടി ഒരു മാസം കഴിഞ്ഞ് സിസ്റ്റർ വന്നപ്പോൾ സജി ചോദിച്ചു, സിസ്റ്ററേ, എന്റെ പുറത്ത് തൊലി ചെറുതായി പൊട്ടിയിട്ടുണ്ടെന്ന് സ്മിത പറയുന്നു. അതു കൂടി ഒന്നു നോക്കാമോ?' എല്ലാ പ്രാവശ്യവും വരുമ്പോൾ, പൊട്ടിയിട്ടുണ്ടോ എന്ന് ചോദിച്ചിരുന്ന സീന സിസ്റ്റർ മുറിവിന്റെ വലിപ്പം കണ്ടപ്പോൾ കുറച്ചൊന്ന് ഞെട്ടിയെങ്കിലും ബാഗിൽ കരുതിയിരുന്ന മരുന്നുകൾ ഉപയോഗിച്ച് മുറിവ് കഴുകിക്കെട്ടി കൊടുത്തു. പഞ്ഞിയും തുണിയും മരുന്നും സ്മിതയെയും ഏൽപ്പിച്ചു, മുറിവ് വൃത്തിയാക്കുന്ന വിധവും ഡ്രെസ്സിംഗ് ചെയ്യുന്ന വിധവും പഠിപ്പിച്ചുകൊടുത്തു. മുറിവ് കരിയാൻ എന്തൊക്കെ ശ്രദ്ധിക്കണമെന്നും രണ്ടു പേരെയും പറഞ്ഞു മനസ്സിലാക്കി.

മുറിവ് ഉണങ്ങിവന്നതോടെ സീന സിസ്റ്റർ സജിയോട് സ്ഥിരമായി ട്യൂബ് ഇടുന്നതിനു പകരം ഇടയ്ക്കിടെ തനിയെ ട്യൂബ് ഇട്ട് മൂത്രം എടുക്കുന്ന രീതി പറഞ്ഞു കൊടുത്തു, ആവശ്യമായ സാധനങ്ങളും നൽകി. സന്തോഷത്തോടെ സജി അതു പഠിച്ച് അങ്ങനെ ചെയ്യാൻ തുടങ്ങി. അതോടെ താൻ സ്വതന്ത്രനാണെന്നൊരു ബോധം സജിക്കുണ്ടായി. അടുത്തുള്ളവരോടൊക്കെ സംസാരിക്കാനും തന്നാൽ കഴിയുന്ന ചെറിയ ജോലികൾ ചെയ്യാനും തുടങ്ങി. ആറിനിക്കരെ തഴെയുള്ള ഭാസ്കരൻ ചേട്ടന്റെ അമ്മ കിടപ്പിലായപ്പോഴും നേരത്തെ തന്റെ കൂടെ ജോലി ചെയ്ത സുകുമാരന്റെ സഹോദരൻ കരുണാകരന്



പഞ്ചായത്ത് രാജ്

വായിൽ കാൻസർ ആണെന്ന് അറിഞ്ഞപ്പോഴും സജി തന്നെയാണ് സീന സിസ്റ്ററിനോട് അവരുടെ കാര്യം കൂടി പറഞ്ഞത്.

ഭാസ്കരൻ ചേട്ടനും സുകുമാരനും പിന്നെ സജിയുടെ വീട്ടിൽ വന്നത് നന്ദിയോടെയാണ്. സീനാ സിസ്റ്ററും ഷാഹിദ സിസ്റ്ററും സതീശൻ മെമ്പറും അവരുടെ വീടുകളിലും ചെന്നിരുന്നു. അമ്മയുടെ ദേഹം നനച്ചു തുടയ്ക്കുകയും വായ വൃത്തിയാക്കുകയും നഖം വെട്ടിക്കൊടുക്കുകയും ഒക്കെ ചെയ്തു എന്നു മാത്രമല്ല, അതൊക്കെ ചെയ്യാൻ ഭാസ്കരൻ ചേട്ടന്റെ ഭാര്യയെ അവർ പഠിപ്പിക്കുകയും ചെയ്തു. എളുപ്പത്തിൽ തിരിച്ചു കിടത്താനും ഷീറ്റു മാറ്റാനും എല്ലാം പറഞ്ഞു കൊടുത്തു. വയറ്റിൽ നിന്നും പോയിട്ട് പതിനഞ്ച് ദിവസമായെന്നറിഞ്ഞപ്പോൾ ഒരു മടിയും കൂടാതെ മലം എടുത്തുകളയുകയും ചെയ്തു എന്നും ഭാസ്കരൻ ചേട്ടൻ പറഞ്ഞു.

മുകളിൽപ്പറഞ്ഞ കഥയിലെ കഥാപാത്രങ്ങളുടെ പേരുകൾ സാങ്കല്പികമാണെങ്കിലും ഇതിലെ സംഭവങ്ങൾ തികച്ചും യാഥാർത്ഥ്യമാണ്. കേരളത്തിലെ പാലിയേറ്റീവ് കെയറിന്റെ അടിത്തറയായ ഗൃഹകേന്ദ്രീകൃത പരിചരണം ആശ്വാസമേകുന്ന അനേകം കുടുംബങ്ങളുടെ ജീവിതത്തിലെ നേർക്കാഴ്ചകളാണിവ. ദൈനംദിന കാര്യങ്ങൾക്ക് പരസഹായം ആവശ്യമായ ദീർഘകാല രോഗികൾക്ക് മാനസികവും ശാരീരികവും സാമൂഹികവുമായ പരിചരണം അവരുടെ വീടുകളിൽ തന്നെ നൽകാൻ നമ്മുടെ പാലിയേറ്റീവ് പരിചരണ സംവിധാനത്തിന് ഇന്ന് സാധിക്കുന്നുണ്ട്. അടിസ്ഥാന നഴ്സിംഗ് പരിചരണം, മൂത്രത്തിനും ഭക്ഷണത്തിനുമുള്ള ട്യൂബുകൾ മാറ്റിയിടൽ, മുറിവുകൾ കഴുകിക്കെട്ടൽ, എനിമ കൊടുക്കൽ എന്നിങ്ങനെയുള്ള നഴ്സിംഗ് പരിചരണം നൽകാനും നല്ല പരിചരണം നൽകാൻ കുടുംബാംഗങ്ങളെ പരിശീലിപ്പിക്കാനും ഹോം കെയർ ടീമുകൾക്ക് ഇന്ന് സാധിക്കുന്നുണ്ട്. വിദഗ്ധ പരിചരണം ആവശ്യമായി വരുമ്പോൾ അതു ലഭ്യമായ കേന്ദ്രങ്ങളിലേക്ക് റഫർ ചെയ്യുന്ന രീതിയും നടപ്പിലായി വരുന്നു. വിദഗ്ധ പാലിയേറ്റീവ് യൂണിറ്റുകളിലെ ഡോക്ടർമാരും അവരുടെ പരിചരണം ആവശ്യമുള്ള രോഗികളുടെ വീട്ടിൽ ചെന്നുതുടങ്ങിയതോടെ പല രോഗികളും അനുഭവിച്ചുകൊണ്ടിരുന്ന കഠിനമായ വേദനയ്ക്കും മറ്റു ശാരീരിക പ്രയാസങ്ങൾക്കും ഒരു പരിധി വരെയെങ്കിലും ശമനമുണ്ടായിത്തുടങ്ങിയിട്ടുണ്ട്.

പരിചരണം ആശുപത്രിയിലെ ഏകാന്തതയിൽ നിന്ന് സ്വന്തം വീടിന്റെ സ്വാതന്ത്ര്യത്തിലേക്കു മാറുമ്പോൾ അബലൻ ആതിഥേയനാവുന്നു; അയൽക്കാരൻ ബന്ധുവാകുന്നു; പരിചരണം സമൂഹത്തിന്റെ മുഴുവൻ ഉത്തരവാദിത്തമാകുന്നു; സംതൃപ്തമായ ജീവിതവും സുഖകരമായ മരണവും സാധ്യമാകുന്നു.

കേരളത്തിലെ കിടപ്പിലായ ഓരോ രോഗിക്കും അവരുടെ വീട്ടിൽ വെച്ച് മികച്ച പരിചരണം നൽകാൻ നാം ഇനിയും യത്നിക്കേണ്ടതുണ്ട്. സജിയുടെ കണ്ണുകളിലെ തിളക്കം മറ്റനേകം കണ്ണുകളിലും കാണാൻ നമുക്കു ഭാഗ്യമുണ്ടാകട്ടെ!!■

*ലേഖിക കോട്ടയം ജില്ല ആരോഗ്യകേരളം പാലിയേറ്റീവ് കെയർ പ്രോജക്ടിന്റെ മെഡിക്കൽ ആഫീസറാണ്.*
*ഫോൺ: 9995289910*





# പാലിയേറ്റീവ് പരിചരണം

## സന്നദ്ധ – സർക്കാർ മേഖലകളുടെ പ്രാധാന്യം

**ഡോ. മാത്യൂ നമ്പേലി**

പാലിയേറ്റീവ് പരിചരണ രീതിയുടെ സാദ്ധ്യതകൾ മനസ്സിലാക്കിയ ചില ഡോക്ടർമാരുടെയും സന്നദ്ധപ്രവർത്തകരുടെയും നേതൃത്വത്തിൽ കോഴിക്കോട് ആരംഭിച്ച പാലിയേറ്റീവ് പരിചരണ സംവിധാനം കുറച്ചു നാളുകൾ കൊണ്ടു തന്നെ ചികിത്സിച്ചു മാറ്റുവാൻ സാധിക്കാത്ത രോഗങ്ങൾ ബാധിച്ചു പ്രയാസപ്പെടുന്ന കുറെയധികം രോഗികൾക്കും അവരുടെ കുടുംബത്തിനും ആശ്വാസകേന്ദ്രമായി മാറി. ഈ അനുഭവത്തിൽ നിന്നും പ്രചോദനം ഉൾക്കൊണ്ട് വടക്കൻ കേരളത്തിൽ പല സ്ഥലങ്ങളിലും കോഴിക്കോട് നിന്ന് പരിശീലനം ലഭിച്ച ഡോക്ടർമാരുടെ നേതൃത്വത്തിൽ സന്നദ്ധ പ്രവർത്തകരുടെ സഹകരണത്തോടെ പാലിയേറ്റീവ് കെയർ യൂണിറ്റുകൾ ആരംഭിച്ചു. പിന്നീട് പാലിയേറ്റീവ് കെയർ പ്രവർത്തകർ മുന്നോട്ടു വച്ച 'സാന്ത്വനമേകാൻ അയൽക്കണ്ണികൾ' എന്ന ആശയത്തിന്റെ അടിസ്ഥാനത്തിൽ പരിശീലനം ലഭിച്ച സന്നദ്ധപ്രവർത്തകരുടെ പ്രദേശിക കൂട്ടായ്മകൾ പാലിയേറ്റീവ് പരിചരണ പ്രവർത്തനങ്ങൾ ഏറ്റെടുത്തു. ഇന്ന് ഈ രീതിയിൽ പ്രാദേശികമായി പ്രവർത്തിച്ചു വരുന്ന 250–ലധികം സ്വതന്ത്ര സന്നദ്ധ സംഘങ്ങൾ കേരളത്തിലുണ്ട്. ഇങ്ങനെ പ്രവർത്തിക്കുന്ന സന്നദ്ധ സംഘങ്ങൾക്ക് ജില്ലാ അടിസ്ഥാനത്തിലും സംസ്ഥാനാടിസ്ഥാനത്തിലും ഒരുമിച്ചിരുന്ന് ആശയങ്ങൾ പങ്കുവെയ്ക്കുന്നതിനും ഒരുമിച്ച് ചെയ്യേണ്ട പ്രവർത്തനങ്ങൾ ആലോചിച്ച് നടപ്പിലാക്കുന്നതിനുമുള്ള വേദികൾ ഇൻഡ്യൻ അസ്സോസിയേഷൻ ഓഫ് പാലിയേറ്റീവ് കെയർ – കേരളയുടെ ആഭിമുഖ്യത്തിൽ സജീവമായി പ്രവർത്തിക്കുന്നുണ്ട്.







*കോഴിക്കോട് ജില്ലയിലെ നാദാപുരം ഗ്രാമപഞ്ചായത്തിൽ പെയിൻ ആന്റ് പാലിയേറ്റീവ് പ്രവർത്തനത്തിന് തെരഞ്ഞെടുക്കപ്പെട്ട സന്നദ്ധപ്രവർത്തകർക്കുള്ള ശിൽപ്പശാല പ്രസിഡന്റ് സൂപ്പി നരിക്കാട്ടേരി ഉദ്ഘാടനം ചെയ്യുന്നു.*

മേൽ പറഞ്ഞ പ്രവർത്തനങ്ങൾ പാലിയേറ്റീവ് പരിചരണത്തെ ഒരു ജനകീയ ആരോഗ്യ സംവിധാനമായി രൂപാന്തരപ്പെടുത്തി. പാലിയേറ്റീവ് പരിചരണ രീതിയുടെ പ്രാധാന്യവും സാദ്ധ്യതകളും കൂടുതൽ ജനങ്ങൾക്ക് ബോദ്ധ്യമായി. ഇതിന്റെ തുടർച്ചയായി സർക്കാർ സംവിധാനങ്ങൾക്കും പാലിയേറ്റീവ് പരിചരണത്തിന്റെ ആവശ്യവും പ്രാധാന്യവും ബോദ്ധ്യപ്പെട്ടു. 2008 ഏപ്രിൽ മാസത്തിൽ കേരള സർക്കാർ പാലിയേറ്റീവ് കെയർ പോളിസി പ്രഖ്യാപിച്ചു. കേരളത്തിൽ ദീർഘകാല പ്രശ്നങ്ങൾ മൂലം വീടുകളിൽ കിടന്ന് പ്രയാസപ്പെടുന്ന ആയിരക്കണക്കിന് രോഗികൾക്കും അവരുടെ കുടുംബത്തിനും ഗൃഹ കേന്ദ്രീകൃത പരിചരണ സംവിധാനത്തിന്റെ പ്രയോജനം ലഭ്യമാക്കുവാൻ സർക്കാർ പ്രതിജ്ഞാബദ്ധമാണെന്ന് പോളിസിയിൽ വ്യക്തമാക്കിയിട്ടുണ്ട്. സർക്കാർ ആരോഗ്യ സ്ഥാപനങ്ങളിലൂടെയും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലൂടെയും ഇത്തരം പ്രവർത്തനങ്ങൾ സംഘടിപ്പിക്കുവാനുള്ള നിർദ്ദേശങ്ങളും പിന്നീട് പുറത്തിറങ്ങി. തുടർന്ന് നടന്ന പ്രവർത്തനങ്ങളുടെ ഫലമായി ഇന്ന് കേരളത്തിലെ 700–ലധികം തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ തങ്ങളുടെ പരിധിയിൽ പ്രയാസപ്പെടുന്ന രോഗികളുടെ വീടുകളിൽ ചെന്ന് പരിചരണം നൽകുന്ന പ്രാഥമിക പാലിയേറ്റീവ് പരിചരണ യൂണിറ്റുകൾ ആരംഭിച്ച് നല്ല രീതിയിൽ പ്രവർത്തനങ്ങൾ സംഘടിപ്പിച്ചു വരുന്നു. ഈ വർഷം മുതൽ നിർബന്ധിത പദ്ധതിയായതുകൊണ്ട് കേരളത്തിലെ മുഴുവൻ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളും പാലിയേറ്റീവ് കെയർ പ്രോജക്ടുകൾ ഏറ്റെടുത്തിട്ടുണ്ട്.

പ്രാഥമിക പാലിയേറ്റീവ് കെയർ യൂണിറ്റുകൾക്ക് നൽകുവാൻ പ്രയാസമുള്ള വിദഗ്ദ്ധ പാലിയേറ്റീവ് പരിചരണം, ആവശ്യമുള്ള രോഗികൾക്ക് ലഭ്യമാക്കുന്നതിനുവേണ്ടി സെക്കണ്ടറി തല പാലിയേറ്റീവ് കെയർ യൂണിറ്റുകൾ കേരളത്തിലെ പ്രധാനപ്പെട്ട 60–ലധികം സർക്കാർ ആശുപത്രികളിൽ ഈ വർഷം ആരംഭിച്ചിട്ടുണ്ട്. കൂടാതെ ഡോക്ടർമാർ, നേഴ്സുമാർ തുടങ്ങിയ സർക്കാർ ആരോഗ്യ പ്രവർത്തകർക്ക് പാലിയേറ്റീവ് പരിചരണ രീതി പഠിപ്പിച്ചു കൊടുക്കുന്നതിനുള്ള പരിശീലന പരിപാടികൾ എല്ലാ ജില്ലകളിലും ഒരോ പ്രധാന ആശുപത്രി കേന്ദ്രമാക്കി ചിട്ടയായി സംഘടിപ്പിച്ചു വരുന്നു. സർക്കാർ മേഖലയിലെ പാലിയേറ്റീവ് പരിചരണ പ്രവർത്തനങ്ങൾ പഞ്ചായത്ത്, ജില്ലാ, സംസ്ഥാന അടിസ്ഥാനത്തിൽ അവലോകനം ചെയ്ത് മെച്ചപ്പെടുത്തുന്നതിനുള്ള സംവിധാനങ്ങളും രൂപീകരിക്കപ്പെട്ടിട്ടുണ്ട്.

ഇപ്രകാരം സന്നദ്ധ മേഖലയിലും സർക്കാർ മേഖലയിലും ദീർഘ വീക്ഷണത്തോടു കൂടിയ ചിട്ടയായ പ്രവർത്തനങ്ങളാണ് പാലിയേറ്റീവ് പരിചരണ രംഗത്ത് നടന്നു വരുന്നത്. രണ്ടു മേഖലകളും പരസ്പര പൂരകങ്ങളായാണ് പ്രവർത്തിക്കേണ്ടത്. കാരണം പ്രയോജനം ലഭിക്കേണ്ട വിഭാഗം ഒന്നു തന്നെയാണ് – പ്രയാസപ്പെടുന്ന രോഗികളും അവരുടെ കുടുംബവും. പൊതു സമൂഹത്തിന്റെ പങ്കാളിത്തം രണ്ടു മേഖലകൾക്കും അത്യന്താപേക്ഷിതമാണ്. മറ്റൊരു രീതിയിൽ പറഞ്ഞാൽ രണ്ടു തലത്തിലുള്ള പ്രവർത്തനങ്ങളും ഏറ്റെടുത്ത് വിജയിപ്പിക്കുന്നതിനുള്ള ഉത്തരവാദിത്വം പൊതു സമൂഹത്തിനാണ്. സമൂഹം പ്രയാസപ്പെടുന്ന രോഗികൾക്ക് ഗവൺമെന്റ് സംവിധാനത്തിലൂടെ ലഭിക്കുവാൻ കഴിയുന്ന ഏറ്റവും നല്ല പരിചരണം ലഭ്യമാക്കുന്നതിനൊപ്പം പ്രദേശിക കൂട്ടായ്മകൾ വഴി രോഗികൾക്കാവശ്യമായ മാനസികവും, സാമൂഹികവുമായ പിന്തുണയും മറ്റു സഹായങ്ങളും നൽകുവാൻ ശ്രദ്ധിക്കണം.




വീടുകളുടെ മുറികൾക്കുള്ളിൽ കഴിയുന്ന രോഗികളെ സംബന്ധിച്ചിടത്തോളം തങ്ങളെ മനസ്സിലാക്കി ആശ്വാസം നൽകുവാൻ കഴിയുന്ന ആളുകൾ അടുത്തുണ്ടാകുന്നത് ജീവിതം മുന്നോട്ടു കൊണ്ടു പോകുവാനുള്ള വലിയ ധൈര്യമാണ് നൽകുന്നത്. അങ്ങനെ നോക്കുമ്പോൾ സർക്കാർ മേഖലയിലായാലും സന്നദ്ധ മേഖലയിലായാലും നമ്മൾ മാസത്തിലൊരിക്കലോ ആഴ്ചയിലൊരിക്കലോ നടത്തുന്ന ഗൃഹ സന്ദർശനം എത്ര പരിമിതമാണെന്ന് നമുക്ക് തന്നെ ബോദ്ധ്യപ്പെടും. മാത്രമല്ല ആധുനിക വൈദ്യശാസ്ത്രത്തിന്റെ പുരോഗതിക്കനുസരിച്ച് കണ്ടുപിടിക്കപ്പെടുന്ന പുതിയ സംവിധാനങ്ങളുടേയും ഉപകരണങ്ങളുടേയും പ്രയോജനം വീടുകളിൽ കിടക്കുന്ന രോഗികൾക്ക് എത്രത്തോളം ലഭ്യമാക്കുവാൻ കഴിയുന്നു എന്നു നാം ആത്മപരിശോധന നടത്തണം. നമ്മുക്ക് ഒത്തിരി ദൂരം പോകാനുണ്ട് ഒത്തിരി മെച്ചപ്പെടാനുണ്ട് സന്നദ്ധമേഖലയും സർക്കാർ മേഖലയും കൈകോർത്ത് പരസ്പര പൂരകങ്ങളായി മുന്നോട്ട് പോകണം.■

*ലേഖകൻ എറണാകുളം ജില്ലാ ആര്യോഗ്യകേരളം പാലിയേറ്റീവ് കെയർ പ്രോജക്ടിന്റെ മെഡിക്കൽ ആഫീസറാണ്.*
*ഫോൺ: 9446444667*

പഞ്ചായത്ത് രാജ്




# ഒരു നാടിന്റെ ജനകീയ സാന്ത്വന യാത്ര...

## പാലക്കാട് ജില്ലയിലെ പാലിയേറ്റീവ് പരിചരണ പ്രവർത്തനങ്ങളെക്കുറിച്ച്

**ഒ. ജ്യോതിഷ്**

ചില ഓർമ്മകളിങ്ങനെയാണ്... കാലമെത്ര കഴിഞ്ഞാലും മനസ്സിന്റെ കൈവെള്ളയിൽ അതങ്ങനെ തിണർത്തു കിടക്കും. ഇല മുഴുവൻ പ്രാണികൾ തിന്നുതീർത്താലും ബാക്കിയാവുന്ന പച്ച ഞരമ്പുകൾ പോലെ...

സാന്ത്വന പരിചരണവുമായി ബന്ധപ്പെട്ട് കാലം കണ്ണീരുകൊണ്ട് ചില്ലിട്ടു വച്ച അത്തരം ചില ഓർമ്മകളുണ്ട് മനസ്സിൽ....കഥ മുഴുവൻ കണ്ണീരാണെങ്കിലും ആ കണ്ണീർത്തുള്ളികൾ ഇത്തിരിയെങ്കിലും ഒപ്പാനായതിന്റെ സന്തോഷമായിരുന്നു ഞങ്ങൾക്ക്.

രോഗാവസ്ഥയിൽ ബന്ധുക്കളുടെ അവഗണനയേറ്റു കഴിയുന്ന അദ്ദേഹത്തെക്കുറിച്ച് ഞങ്ങളറിയുന്നത് ഫോണിലൂടെ... അവിടെയെത്തിയപ്പോൾ കേട്ടതിനേക്കാൾ കഷ്ടമായിരുന്നു കാര്യങ്ങൾ. കക്കൂസിന്റെ തറയിലാണ് അദ്ദേഹത്തെ കിടത്തിയിരുന്നത്. മലമൂത്ര വിസർജ്ജനം അദ്ദേഹമറിയാതെ നടക്കുന്നതിലാണത്രേ ഇത്. ഭക്ഷണം ഒരു പാത്രത്തിലാക്കി സമീപത്തുവെച്ചിട്ടുണ്ടായിരുന്നു. ഭക്ഷണവും വിസ്സർജ്യവും കൂടിക്കലർന്നതിന്റെ ഇടയിൽക്കിടക്കുന്ന അദ്ദേഹത്തിന്റെ കണ്ണിലെ, പ്രതീക്ഷയുടെ അവസാനത്തെ തരിയും കെട്ടിരുന്നു... അദ്ദേഹം തല ചെരിച്ച് ഞങ്ങളെ നോക്കി. പഴകിയ ഭക്ഷണ സാധനങ്ങളിൽ നിന്ന് ഉറുമ്പുകൾ അദ്ദേഹത്തിന്റെ ശരീരത്തിലേക്ക് അരിച്ചു കയറുന്നുണ്ടായിരുന്നു അപ്പോഴും...

ഹോം കെയർ നഴ്സിന്റെ നേതൃത്വത്തിൽ അദ്ദേഹത്തെ കുളിപ്പിച്ചു. മുറിവുകൾ വെച്ചുകെട്ടി. കിടത്താൻ കട്ടിൽ പോയിട്ട് ഒരു പായപോലും അവിടെ ഉണ്ടായിരുന്നില്ല. അടുത്ത വീട്ടിൽനിന്നും ഒരു പായയും ബെഡ്ഷീറ്റും സംഘടിപ്പിച്ച് അദ്ദേഹത്തെ വൃത്തിയുള്ള ഒരിടത്ത് കിടത്തി. അടുത്ത് താമസിക്കുന്ന സന്നദ്ധ പ്രവർത്തകരോട് ഫോളോ അപ്പ് സന്ദർശനം നടത്താൻ ആവശ്യപ്പെട്ടാണ് ഞങ്ങൾ മടങ്ങിയത്...

ഒരാഴ്ചയ്ക്കു ശേഷം ഹോം കെയർ ടീം അവിടെയെത്തിയപ്പോൾ സ്ഥിതിയാകെ മാറിയിരുന്നു. അദ്ദേഹത്തിന് മെച്ചപ്പെട്ട പരിചരണം ലഭ്യമായി. കട്ടിലും അവശ്യ സാമഗ്രികളും കിട്ടി. സഹായവുമായി ബന്ധുക്കൾ അരികത്ത്. ആ കണ്ണുകളിൽ പ്രതീക്ഷയുടെ പുതിയ തിളക്കം...മനസ്സ് നിറയെ സന്തോഷവുമായാണ് ഞങ്ങൾ അവിടെനിന്ന് മടങ്ങിയത്..അടുത്ത തവണ വരുമ്പോൾ കാര്യങ്ങൾ ഇതിലും നന്നാകുമെന്ന പ്രതീക്ഷയോടെ... പക്ഷേ അടുത്ത ഹോംകെയറിനു മുമ്പായി അദ്ദേഹം മരണപ്പെട്ടു. ദുഃഖവും നിരാശയുമല്ല മറിച്ച് അവസാന നാളുകളിൽ അദ്ദേഹത്തിന് മെച്ചപ്പെട്ട പരിചരണം നൽകാനായതിന്റെ കൃതാർത്ഥത തോന്നി, ആ മരണവാർത്ത കേട്ടപ്പോൾ...ഒടുവിൽ കണ്ടപ്പോൾ അദ്ദേഹത്തിന്റെ കണ്ണുകളിൽ കണ്ട തിളക്കം ഈ ചിന്തയ്ക്കുമേൽ കണ്ണീരൊപ്പു ചാർത്തി...

കൂപ്പുകരങ്ങളുമായി നന്ദിചൊല്ലി നിൽക്കുന്ന ഒരുപിടിയോർമകൾ ഇനിയുമുണ്ട്...

മാറാരോഗികൾക്ക് വീടുകളിൽ പരിചരണമെത്തിക്കുന്നതിനുള്ള 'പാലിയേറ്റീവ് പരിചരണ നയ' ത്തിന്റെ വരവായിരുന്നു എല്ലാത്തിന്റെയും തുടക്കം...

തുടർന്ന് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ വാർഷിക പദ്ധതിയിൽ പാലിയേറ്റീവ് പരിചരണ പദ്ധതിക്കായി തുക വിലയിരുത്തി. പദ്ധതി നടത്തിപ്പിനായി പാലിയേറ്റീവ് മാനേജ്മെന്റ് കമ്മിറ്റികൾ രൂപീകരിച്ചു. തുടർന്ന് ജനപ്രതിനിധികൾ, ആരോഗ്യ പ്രവർത്തകർ, പൊതു പ്രവർത്തകർ, സന്നദ്ധ സംഘടനകൾ, കുടുംബശ്രീ-ആശാ-അംഗൻവാടി പ്രവർത്തകർ, പെൻഷനേഴ്സ്, മെഡിക്കൽഷോപ്പ് ഉടമകൾ, വ്യാപാരികൾ, തൊഴിലാളികൾ എന്നിവരെ ഉൾപ്പെടുത്തി ഓരോ പ്രദേശത്തും ബോധവൽക്കരണ സെമിനാർ നടത്തി. ഇതോടെ സാന്ത്വന പരിചരണത്തിന്റെ ആകാശങ്ങളിലേക്കുള്ള ഒരു നാടിന്റെ ജനകീയ യാത്രയ്ക്ക് തുടക്കമായി.

'ആരോഗ്യകേരളം പാലിയേറ്റീവ് പരിചരണ പദ്ധതി' സാങ്കേതിക സഹായങ്ങൾ നൽകി കൂടെയുണ്ട്.....

പരിശീലനം ലഭിച്ച സന്നദ്ധ പ്രവർത്തകർ പരിചരണം ആവശ്യമായ രോഗികളുടെ വീടുകൾ സന്ദർശിച്ചു വിവരം ശേഖരിച്ചു തുടങ്ങിയതോടെ ഈ വലിയ കൂട്ടായ്മയെക്കുറിച്ച് നാടറിഞ്ഞു. പരിചരണത്തിന്റെ ആവശ്യകതയനുസരിച്ച് രോഗികളെ തരംതിരിക്കുകയായിരുന്നു അടുത്ത ഘട്ടം. പിന്നെ തുടർപ്രവർത്തനത്തിന്റെ നാളുകൾ. സന്നദ്ധ പ്രവർത്തകർക്ക് തുടർപരിശീലനം നൽകിയും രോഗികളുടെ വിവരങ്ങൾ ക്രോഡീകരിച്ചും ഹോം കെയർ റൂട്ടുകൾ നിശ്ചയിച്ചും ഹോം കെയറിന് തുടക്കം കുറിച്ചു. 1800-ലധികം പേർക്ക് കമ്മ്യൂണിറ്റി നഴ്സുമാരുടെ നേതൃത്വത്തിൽ ഹോംകെയർ നൽകി വരുന്നു...

**കേരള സർക്കാർ 2008ൽ പ്രഖ്യാപിച്ച പാലിയേറ്റീവ് പരിചരണ നയത്തിന് അനുസൃതമായി തദ്ദേശ ഭരണസ്ഥാപനങ്ങളുടെ ആഭിമുഖ്യത്തിൽ നടപ്പാക്കേണ്ട പ്രവർത്തനങ്ങളെ സംബന്ധിക്കുന്ന പരിഷ്ക്കരിച്ച മാർഗ്ഗരേഖ സർക്കാർ പുറപ്പെടുവിച്ചു. (സ.ഉ.(എം.എസ്.) നം. 228/2012/തസ്വഭവ, തീയതി: 23-8-12)**

**തദ്ദേശ ഭരണ സ്ഥാപനങ്ങൾ വഴിയുള്ള പ്രവർത്തനങ്ങൾ ഒറ്റനോട്ടത്തിൽ...**

- ദൈനംദിന കാര്യങ്ങൾക്ക് പരസഹായം ആവശ്യമായ നിലയിൽ വീടുകളിൽ ദുരിതമനുഭവിക്കുന്നവർക്ക് നഴ്സിന്റെ സേവനം (ഹോംകെയർ) ലഭ്യമാക്കുക, അവരെ ആശ്വസിപ്പിക്കുക.
- മരുന്നുകൾ, വാട്ടർബെഡ്, വീൽചെയർ, വാക്കർ മുതലായവ ലഭ്യമാക്കുക
- ഇവരുടെ ദൈനംദിന പരിചരണ രീതി വീട്ടുകാർക്ക് പഠിപ്പിച്ച് കൊടുക്കുക.
- ഇത്തരക്കാർക്ക് അർഹതയുള്ള പെൻഷൻ ലഭ്യമാക്കാൻ സഹായിക്കുക.
- കുട്ടികളുടെ പഠനം, ഭക്ഷണം തുടങ്ങിയ കാര്യങ്ങളിൽ സഹായിക്കുക.
- ഇത്തരം പ്രവർത്തനങ്ങളിൽ താൽപ്പര്യമുള്ള സന്നദ്ധ പ്രവർത്തകർക്ക് പരിശീലനം നൽകി അവരെ ഹോംകെയറിൽ പങ്കാളികളാക്കുക.
- പ്രത്യേക ബാങ്ക് അക്കൗണ്ട് ആരംഭിച്ച് മറ്റുള്ള സഹായങ്ങൾ ലഭ്യമാക്കുക.

എല്ലാ പ്രവർത്തനങ്ങളും പൂർണ്ണ ഫലപ്രാപ്തി കണ്ടെത്തിയെന്ന അമിത ആത്മവിശ്വാസമൊന്നുമില്ല. ജില്ലയെ സമ്പൂർണ്ണമാക്കാൻ ഇനിയുമുണ്ട് കുറച്ച് ദൂരം ബാക്കി...എങ്കിലും ഒന്നുറപ്പിച്ചു പറയാം. ആത്മവിശ്വാസം നഷ്ടപ്പെട്ട് മരണത്തിന്റെ കൈകളിലാടിയിരുന്ന അവരിപ്പോൾ ജീവിതത്തെ സ്നേഹിച്ചു തുടങ്ങിയിരിക്കുന്നു...ഇവരെ സ്നേഹിക്കാൻ സമൂഹത്തിൽ നിന്ന് ഒട്ടേറെപ്പേർ ഉയർന്നു വരുന്നു....

സ്വകാര്യ ചാനൽ വഴി ഹോം കെയർ പ്രവർത്തനങ്ങൾ സംപ്രേഷണം ചെയ്തതു കണ്ട് വിദേശത്തു നിന്നു ഒരു ഗ്രാമ പഞ്ചായത്തിന് ലഭിച്ച സംഭാവനയും, ഒരു ഗ്രാമപഞ്ചായത്ത് ഭരണ സമിതി അംഗങ്ങൾ അവരുടെ ഒരു മാസത്തെ മുഴുവൻ വേതനവും പാലിയേറ്റീവ് കെയറിലേക്ക് മാറ്റി വെയ്ക്കാൻ കാണിച്ച ഇച്ഛാശക്തിയും, സ്കൂൾ അധ്യയന വർഷമാരംഭിക്കുമ്പോൾ ഇവരുടെ കുട്ടികൾക്ക് സമൂഹം നൽകി വരുന്ന പഠനോപകരണങ്ങളും, വർഷംതോറും പാലിയേറ്റീവ് കെയർ ദിനത്തോടനുബന്ധിച്ച് വിദ്യാർത്ഥികൾ നടത്തുന്ന വർണ്ണശബളമായ റാലിയും, ഒരുദിവസം ഒരു പെട്ടി ഓട്ടോ നിറയെ വീൽച്ചെയറും- ട്രൈസൈക്കിളും- മറ്റു ഉപകരണങ്ങളുമായി ആശുപത്രിയിൽ കയറിവന്ന മനുഷ്യനും, ഓണം-വിഷു-റംസാൻ-ക്രിസ്മസ് തുടങ്ങിയ വിശേഷങ്ങൾക്ക് സ്പോൺസർഷിപ്പ് വഴി നൽകുന്ന പ്രത്യേക ഭക്ഷ്യധാന്യ വിതരണവും, ഓണ സദ്യയും-ഓണപ്പുടവയും, വിഷുക്കൈനീട്ടവും... വിവിധ ഗ്രാമപഞ്ചായത്തുകൾക്ക് സ്വന്തമായി ലഭ്യമായ ഹോം കെയർ വാഹനങ്ങളും, സ്കൂൾ കുട്ടികൾ നാണയശേഖരണം വഴി വാങ്ങി നൽകിയ വീൽചെയറും വാട്ടർ ബെഡും വാക്കറും, ഹോം കെയറിലെ മാതൃകാ വാളണ്ടിയർമാരായി ഇതിനോടകം മാറിക്കഴിഞ്ഞ ആശ പ്രവർത്തകരും, പ്രതിഫലേച്ഛയില്ലാതെ പ്രവർത്തിക്കുന്ന അംഗൻവാടി, കുടുംബശ്രീ, സന്നദ്ധ-ആരോഗ്യ പ്രവർത്തകരുടെ പിന്തുണയുമെല്ലാം പറയാതെ പറഞ്ഞ് വെയ്ക്കുന്നത് മറ്റെന്താണ്.... മരിക്കും മുമ്പേ ഒട്ടേറെ പേരുടെ മുഖത്ത് കണ്ട തിളക്കം നിശ്ശബ്ദമയി മൊഴിഞ്ഞിരുന്നതെന്താണ്....ഒന്നും വെറുതെയാവില്ല....ഒന്നും.

ഒറ്റപ്പെടലിൽ നിന്ന് സമൂഹത്തിലേക്ക്...ഇരുട്ടറകളിൽ നിന്ന് പ്രകാശ ഗോപുരങ്ങളിലേക്ക്...ദുഃസ്വപ്നങ്ങളിൽ നിന്ന് കിനാവിലേക്ക്...ഭൂമിയിൽ നിന്ന് ആകാശത്തേക്ക്....മടുപ്പും അറപ്പുമില്ലാതെ... ഇവരെ കൈപിടിച്ചുയർത്താൻ.... സാന്ത്വന പരിചരണ പ്രവർത്തനങ്ങൾക്ക് ആഴ്ചയിൽ ഒരു ദിവസം രാവിലെ ഒൻപതിന് സർക്കാർ ആശുപത്രികളിൽ/ഗ്രാമ പഞ്ചായത്തുകളിൽ നിന്ന് യാത്ര തുടങ്ങുന്ന ഹോം കെയർ സംഘം (പാലിയേറ്റീവ് നഴ്സ്, ജനപ്രതിനിധി, സർക്കാർ ആരോഗ്യ പ്രവർത്തകർ, സന്നദ്ധ പ്രവർത്തകർ) ദൈനംദിന കാര്യങ്ങൾക്ക് പരസഹായം ആവശ്യമായ രോഗികളെ സന്ദർശിച്ച് പരിചരണം നൽകാൻ തുടങ്ങി. വൈകിട്ട് അഞ്ചുമണി വരെ നീളുന്ന ഈ സാന്ത്വന യാത്രയിൽ ഓരോ ദിവസവും എട്ടോളം രോഗികൾക്കാണ് സംഘം സഹായം പകരുന്നത്... കൂട്ടിന് തങ്ങളുണ്ടാവുമെന്ന് ഉറപ്പു കൊടുക്കുന്നത്....

ഒട്ടേറെ ജീവിതങ്ങളിൽ സാന്ത്വനത്തിന്റെ കയ്യൊപ്പു പതിപ്പിച്ച ആത്മവിശ്വാസത്തിൽ സാന്ത്വന പരിചരണത്തിൽ പുതിയ കാൽവെയ്പാകുന്ന ചില പ്രവർത്തനങ്ങൾക്കും പിന്നീട് തുടക്കം കുറിച്ചു. ഇതിന്റെ ഭാഗമായി സർക്കാർ ആശുപത്രികളിൽ പാലിയേറ്റീവ് കെയറിനായി പ്രത്യേക ഒ.പി. ആരംഭിച്ചു. രാവിലെ ഒൻപതു മണിമുതൽ പരിശോധന തുടങ്ങുന്നു. കിടപ്പിലായ രോഗികളുടെ ബന്ധുക്കളാണ് ആശുപത്രിയിൽ വരുന്നത്. രോഗിയെ വീട്ടിൽ പോയി കണ്ട നഴ്സും ബന്ധുവും ഡോക്ടറോട് കാര്യങ്ങൾ വിശദീകരിക്കും. തുടർന്ന് ആശുപത്രി വഴി ഒന്ന് ഒന്നരമാസത്തേക്ക് മരുന്ന് സൗജന്യമായി നൽകും. ആഴ്ചയിൽ ഒരു ഹോം കെയർ എന്നത് ചിലയിടങ്ങളിൽ രണ്ടു ദിവസമാക്കി. ചില യൂണിറ്റുകൾക്ക് സ്വന്തം വാഹനമായി. രോഗികളുടെയും വാളണ്ടിയർമാരുടെയും കുടുംബസംഗമം നടത്തി. വിത്തെറിഞ്ഞ ഒരു കുടുംബമെന്ന വികാരം ഓണത്തിന് ഇവരുടെ കുടുംബത്തിന് ഓണക്കിറ്റും ഓണപ്പുടവയും സദ്യയും നൽകിയതോടെ പൂത്തു വിടർന്നു... ജില്ലയിലെ ആരോഗ്യപ്രവർത്തകർക്ക് മനഃസംതൃപ്തിയുടെ നല്ല നാളുകൾ...




47 തദ്ദേശ ഭരണ സ്ഥാപനങ്ങൾക്കായി 4200-ഓളം രോഗികളെ ഇതിനോടകം പദ്ധതിയുടെ ഭാഗമായി രജിസ്റ്റർ ചെയ്തു. തുടർ പരിചരണം ആവശ്യമുള്ള കാവലാളാവാൻ.. നമുക്കും പങ്കുചേരാം... "ആകാശങ്ങളിലേക്കുള്ള ഒരു നാടിന്റെ ജനകീയ സാന്ത്വന യാത്രയിൽ.."■

*ലേഖകൻ പാലക്കാട് പാലിയേറ്റീവ് പരിചരണ പദ്ധതി ജില്ലാ കോ-ഓർഡിനേറ്ററാണ്.*
*ഫോൺ: 9446646811*

* അശോകൻ പി.ജി
** രാജപ്പൻ



# തണലിന്റെ സാന്ത്വനങ്ങളിലൂടെ....

**നാഗലശേരി ഗ്രാമപഞ്ചായത്തിന്റെയും നാഗലശേരി പ്രാഥമികാരോഗ്യ കേന്ദ്രത്തിന്റെയും സംയുക്താഭിമുഖ്യത്തിൽ 2009 നവംബറിലാണ് തണൽ എന്ന പേരിൽ പാലിയേറ്റീവ് പരിചരണ പദ്ധതി പഞ്ചായത്തിൽ ആരംഭിച്ചത്. ഇന്ന് പാലിയേറ്റീവ് പരിചരണ പദ്ധതിയിൻ കീഴിൽ ചികിത്സ ലഭിക്കുന്ന 156 രോഗികളുണ്ട്. ആദ്യവർഷം 50,000 രൂപ വകയിരുത്തി തുടങ്ങിയ പദ്ധതിക്ക് 2.05 ലക്ഷം രൂപ ഇപ്പോൾ നീക്കിവെയ്ക്കുന്നു.**

പാലിയേറ്റീവ് കെയർ യൂണിറ്റിന്റെ മൂന്നാം വാർഷികം വിപുലമായി ആചരിക്കണം എന്ന് പാലിയേറ്റീവ് മാനേജ്മെന്റ് കമ്മിറ്റിയിൽ ആലോചിച്ചു. ഏവരും വളരെ താൽപ്പര്യം പ്രകടിപ്പിക്കുകയുണ്ടായി. ആലോചനയുമായി മുന്നോട്ട് പോകുകയാണ്. 450 പേർ പ്രതീക്ഷിക്കണം ഗംഭീര സദ്യയാകണം. അന്ധ ഗായകൻ നയിക്കുന്ന ഗാനമേള, വാളണ്ടിയർമാരുടെ കൈക്കൊട്ടിക്കളി. സിനിമാരംഗത്തെ പ്രശസ്തരെക്കൊണ്ട് ഉൽഘാടനം, പാലിയേറ്റീവ് ദീപം തെളിയിക്കൽ ചടങ്ങ്, അങ്ങനെ വിശദമായ പരിപാടി തയ്യാറാക്കി. ഓരോന്നിനും സ്പോൺസർമാരെ കണ്ടെത്തണം, അതിനായി ശ്രമിച്ചുക്കൊണ്ടിരിക്കുകയായിരുന്നു. ആ സമയത്ത് കമ്മിറ്റിയിലെ അംഗങ്ങളും ഞങ്ങളും കൂടി ഭക്ഷണം സ്പോൺസർ ചെയ്യുന്നതിന് പെരിങ്ങോട്ടെ പ്രശസ്തമായ ഒരു പ്രവാസിയുടെ വീട്ടിലെത്തി. എന്താണ് ചെയ്യേണ്ടത്? ഭക്ഷണമാകാം എന്ന് ഞങ്ങളുടെ മറുപടി. 'അത് ഓർമ്മകളിൽ നിലനിൽക്കുമോ? ആശങ്ക. എന്നും ഓർക്കുന്ന വളരെ ഉപകാരപ്രദമായ വേറെ എന്തെങ്കിലും? എന്നാൽ നമുക്ക് പരിചരണത്തിന് പോകാൻ ഉപകരിക്കുന്ന ഒരു വാഹനമാണ് വേണ്ടത്. സാന്ത്വന പദ്ധതി നടപ്പിലാക്കുവാൻ ഏറ്റവും കൂടുതൽ പൈസ ചെലവാകുന്നത് വാഹനം വാടകയ്ക്ക് എടുക്കുന്നതിനാണ്. ഞങ്ങൾ വിശദീകരിച്ചു.

"സർക്കാർ മേഖലയിൽ ഇത്രയും ഭംഗിയായി നടത്തുന്ന പാലിയേറ്റീവ് കെയറിന് എന്റെ വക ഇതാ ചെക്ക്. 8 ലക്ഷം രൂപവരെ നിങ്ങൾക്ക് ഇതിൽ നിന്നെടുക്കാം. വാഹനം വാങ്ങിച്ചോളൂ. കോരിത്തരിച്ചുപോയി. ഞങ്ങൾ നടത്തുന്ന പ്രവർത്തനങ്ങൾക്ക് ഇത്രയും വലിയ അംഗീകാരമോ! കണ്ണുനീർത്തുള്ളിയായി സന്തോഷം. മൂന്ന് ലക്ഷം രൂപ മാത്രം വാങ്ങിച്ചുകൊണ്ട് വാഹനം വാങ്ങി.

### ഹോം കെയർ സംവിധാനം

കാലങ്ങളായി ആശ്രയമറ്റുകിടക്കുന്നവർക്ക് ആശ്വാസമേകുകയാണ് ഹോം കെയറിലൂടെ. പാലിയേറ്റീവ് നഴ്സും വാളണ്ടിയർമാരും കൂടി ചില രോഗികളെ കുളിപ്പിച്ച് വൃത്തിയാക്കേണ്ട സാഹചര്യങ്ങളും ഉണ്ടാകാറുണ്ട്. ഒരു ദിവസം 25 വയസ് പ്രായമായ മാനസിക വളർച്ചയില്ലാത്ത പെൺകുട്ടിയെ (പത്ത് പതിനഞ്ചുദിവസമായി) അടച്ചിട്ടിരുന്നത് പാലിയേറ്റീവ് സംവിധാനത്തിന്റെ ഹോംകെയർ നടത്തുന്നതിനിടയ്ക്ക് അറിയുകയും അവിടെയെത്തി വേണ്ടത് ചെയ്യാനും സമൂഹത്തെ ബോധവൽക്കരിക്കാനും സാധിച്ചു. കത്തീറ്ററൈസേഷൻ, റൈസ് ട്യൂബ്, ഡ്രസ്സിംങ്ങ് എന്നിവയെല്ലാം തന്നെ കൃത്യമായി ചെയ്യാൻ ഹോംകെയറിന് സാധിക്കുന്നു. ഹോംകെയറിന്റെയും ഹോംകെയർ നൽകുന്ന നഴ്സിന്റെയും പ്രാധാന്യം നേരിട്ടുകണ്ട് ബോധ്യപ്പെട്ട പെരിങ്ങോട്ടെ ഒരു പ്രശസ്ത കുടുംബത്തിലെ അംഗങ്ങൾ, സർക്കാർ നൽകുന്ന ഓണറേറിയത്തിനു പുറമെ, മാസത്തിൽ പാലിയേറ്റീവ് നഴ്സിന് പ്രത്യേക പ്രോത്സാഹനമായി ഒരു തുക നൽകി വരുന്നു.

ഒരു ദിവസം പാലിയേറ്റീവ് പരിചരണ പദ്ധതിയുടെ ഭാഗമായി ഒരു ഹോംകെയർ നടത്തുകയായിരുന്നു. ഒരു വീട്ടിൽ തീരെ കിടപ്പിലായ ഉമ്മ. ഉമ്മയുടെ ഒരാഗ്രഹം എനിക്ക് കിടക്കാൻ ഒരു കട്ടിൽ വേണം". അവരുടെ ആഗ്രഹം ഉടൻ ഞങ്ങൾ പഞ്ചായത്ത് ഭരണസമിതിയും ചേർന്ന് മരക്കമ്പനി നടത്തുന്ന ഒരു സഹൃദയനെ വിവരമറിയിച്ചു. പിറ്റേന്ന് തന്നെ ആ ഉമ്മയുടെ ആഗ്രഹത്തിനൊത്ത കട്ടിൽ ആ നല്ല മനുഷ്യൻ എത്തിച്ചു കൊടുത്തു. അങ്ങനെ എത്രയെത്ര അനുഭവങ്ങൾ....






പാലിയേറ്റീവ് കെയർ സ്പെഷ്യൽ



മാസത്തിലൊരിക്കൽ അവസാനത്തെ ബുധനാഴ്ച നടക്കുന്ന പഞ്ചായത്ത് തല റിവ്യൂ മീറ്റിംഗിലാണ് പാലിയേറ്റീവ് പരിപാടിയുടെ ഒരുമാസത്തെ പ്ലാനിംങ്ങ് നടക്കുന്നത്. ഓരോ ദിവസത്തെയും പങ്കെടുക്കേണ്ട വാളണ്ടിയർമാരെയും സ്റ്റാഫിനെയും നിശ്ചയിക്കുന്നു. ഒരു മാസത്തിൽ 7 ഹോം കെയർ ആണ് നടത്തുന്നത്. പരിചരണ വാഹനത്തിന് പെട്രോൾ ചാർജ് മാത്രമേ വേണ്ടി വരുന്നുള്ളൂ. നാഗലശേരി ഗ്രാമപഞ്ചായത്ത് പ്രദേശത്ത് വിവിധ വാഹനങ്ങൾ ഓടിക്കുന്നവർ, വാളണ്ടിയർ സേവനം നൽകാൻ തയ്യാറുള്ളവർ എന്നിവരുടെ പാനൽ തയ്യാറാക്കിയിട്ടുണ്ട്. അവരും ഗ്രാമപഞ്ചായത്ത് തലത്തിൽ നടക്കുന്ന റിവ്യൂ മീറ്റിങ്ങിൽ പങ്കെടുക്കുന്നു. അവിടെവച്ച് ഓരോ ദിവസത്തെയും ഡ്രൈവർമാരെയും നിശ്ചയിക്കുന്നു. ഓരോ തലവും എത്രത്തോളം ജനകീയമാക്കാൻ സാധിക്കുമെന്നുള്ളതാണ് ഞങ്ങൾ ആലോചിക്കുന്നത്. നാഗലശേരി ഗ്രാമപഞ്ചായത്ത് പ്രദേശത്തെ ഡ്രൈവർമാർ നൽകുന്ന സേവനങ്ങൾ നിസ്തുലമാണ്.

ഗ്രാമപഞ്ചായത്ത് പ്രദേശത്തെ ഹോംകെയർ നടത്തുമ്പോൾ ഡോക്ടർ നിർബന്ധമായും എത്തേണ്ട രോഗികളെ മുൻഗണനാക്രമം അനുസരിച്ച് നിശ്ചയിക്കുന്നു. അതിനുശേഷം മെഡിക്കൽ ഓഫീസറുമായി ഒത്തു ചേർന്നുള്ള സന്ദർശനം നിശ്ചയിക്കുന്നു. അങ്ങനെ ഡോക്ടറുടെ സേവനവും എത്തിക്കാൻ സാധിക്കുന്നു.

### പാലിയേറ്റീവ് ഒ.പി.

തിങ്കളാഴ്ച ദിവസങ്ങളിലാണ് പാലിയേറ്റീവ് ഒ.പി. പാലിയേറ്റീവ് പരിചരണ പദ്ധതിപ്രകാരം രജിസ്റ്റർ ചെയ്ത രോഗികളുടെ ബന്ധുക്കൾ ഒരു മാസത്തേക്കുള്ള മരുന്നിന് എത്തുന്നു. ഡോക്ടറുടെ നിർദ്ദേശപ്രകാരം മരുന്നുകൾ വിതരണം ചെയ്യുന്നു.

### ശാരീരിക ഉപകരണങ്ങൾ

ആവശ്യമായ ശാരീരിക ഉപകരണങ്ങൾ രോഗികൾക്ക് എത്തിച്ചുകൊടുക്കുന്നു. വീൽചെയറുകൾ, വാക്കറുകൾ, ക്രച്ചസുകൾ, വാട്ടർ ബെഡുകൾ എന്നിവ ആവ്യത്തിനനുസരിച്ച് കൊടുക്കാൻ കഴിയുന്നു.

### സ്കൂൾ പഠനോപകരണങ്ങൾ

പാലിയേറ്റീവ് പരിചരണ പദ്ധതിയുടെ ഭാഗമായി കിടപ്പിലായവരുടെ ആശ്രിതരായ പഠിക്കുന്ന കുട്ടികൾക്ക് പഠനോപകരണങ്ങൾ നൽകാൻ സാധിച്ചു. വളരെ നല്ല പ്രതികരണമുണ്ടാക്കിയ സംഭവമായിരുന്നു അത്. പ്രാഥമികാരോഗ്യകേന്ദ്രത്തിലെ സ്റ്റാഫ് വിഹിതം നീക്കിവെച്ച് മാതൃകയായി. ഗ്രാമപഞ്ചായത്ത് തലത്തിലെ ആശ്രയപദ്ധതിയും കൂടി ഒത്തുചേർന്നപ്പോൾ പ്ലാൻ ചെയ്തതിലും ഭംഗിയാക്കാൻ സാധിച്ചു. എല്ലാവർഷവും മെയ്മാസത്തിൽ പഠനോപകരണങ്ങൾ വിതരണം ചെയ്യാൻ സാധിക്കുന്നു.

### പാലിയേറ്റീവ് സമ്പാദ്യപ്പെട്ടി

25 സമ്പാദ്യപ്പെട്ടികൾ വിവിധ സ്ഥാപനങ്ങളിലായി സ്ഥാപിച്ചിട്ടുണ്ട്. ആരോഗ്യവകുപ്പിലെ ഒരു ഉദ്യോഗസ്ഥനും പഞ്ചായത്ത് ഭരണസമിതിയിലെ അംഗങ്ങളും ചേർന്ന് മാസത്തിലൊരിക്കൽ കളക്ഷൻ നടത്തുന്നു. പാലിയേറ്റീവ് മാനേജ്മെന്റ് കമ്മിറ്റിയുടെ പേരിൽ ഡോക്ടറുടെയും ഗ്രാമപഞ്ചായത്ത് പ്രസിഡന്റിന്റെയും ജോയിന്റ് അക്കൗണ്ട് നാഗലശേരി കോ ഓപ്പറേറ്റീവ് ബാങ്കിൽ തുടങ്ങിയിട്ടുണ്ട്. ഇതിൽ നിക്ഷേപിക്കുന്നു. ഇതിന്റെ വരവു ചെലവു കണക്കുകൾ റിവ്യൂ മീറ്റിങ്ങിൽ സോഷ്യൽ ഓഡിറ്റിങ്ങിന് വിധേയമാക്കുന്നു.



### ഓണക്കിറ്റ്-ഓണക്കോടി

കിടപ്പിലായ, ഹോംകെയറിന് വിധേയമായിക്കൊണ്ടിരിക്കുന്ന സാമ്പത്തികമായി തീരെ പുറകിൽ നിൽക്കുന്ന കുടുംബങ്ങൾക്ക്, ഭക്ഷണ സാധനങ്ങൾ അടങ്ങിയ ഓണക്കിറ്റ് നൽകാൻ സാധിക്കുന്നു. രോഗികൾക്ക് ഓണക്കോടികളും വിതരണം ചെയ്യുന്നു. ഈ വർഷം 36 കുടുംബങ്ങൾക്ക് ഇതിന്റെ പ്രയോജനം എത്തിക്കാൻ സാധിച്ചു.

### പ്രതീക്ഷയ്ക്കൊത്ത്

സ്വകാര്യ മേഖലയിൽ പ്രതീക്ഷ പാലിയേറ്റീവ് പരിചരണ പദ്ധതി നടക്കുന്നുണ്ട്. തൃത്താല ബ്ലോക്ക് പരിധിയിലാണ് പ്രസ്തുത പദ്ധതി പ്രവർത്തിക്കുന്നത്. നാഗലശേരി ഗ്രാമപഞ്ചായത്ത് പ്രദേശത്തെ മോർഫിൻ ആവശ്യമായ രോഗികൾ അവരുമായി സഹകരിച്ച് കൊടുക്കുന്നതിന് സാധിക്കുന്നു.

ഈ സംവിധാനത്തിന്റെ നട്ടെല്ല് എന്ന് പറയുന്നത് 'വാളണ്ടിയർ' ആണ്. ജനകീയ പങ്കാളിത്തത്തിലൂടെ വാളണ്ടിയർമാരെയും പ്രവർത്തനമൂലധനമൊരുക്കുന്നതിന് സ്പോൺസർമാരെയും കണ്ടെത്താൻ സാധിക്കുന്നു എന്നുള്ളതാണ് തണലിന്റെ വിജയം.■

*ലേഖകർ*
**ജൂനിയർ ഹെൽത്ത് ഇൻസ്പെക്ടർ, നാഗലശ്ശേരി പ്രാഥമികാരോഗ്യ കേന്ദ്രം*
**വികസനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി ചെയർമാൻ, നാഗലശ്ശേരി ഗ്രാമപഞ്ചായത്ത്*

# ഇ-ഗവേണൻസ് ന്യൂസ്
## E-GOVERNANCE NEWS



## പദ്ധതി വിവരങ്ങൾ ഓൺലൈനിൽ



*തദ്ദേശ സ്ഥാപനങ്ങളുടെ 12-ാം പഞ്ചവത്സര പദ്ധതി വിവരങ്ങൾ ഓൺലൈനാക്കുന്നതിന്റെ ഉദ്ഘാടനം പഞ്ചായത്ത് സാമൂഹ്യക്ഷേമ വകുപ്പുമന്ത്രി ഡോ. എം.കെ. മുനീർ നിർവ്വഹിക്കുന്നു.*

പന്ത്രണ്ടാം പഞ്ചവത്സര പദ്ധതിയുടെ ഭാഗമായി തദ്ദേശഭരണസ്ഥാപനങ്ങളുടെ പദ്ധതി രൂപീകരണം, അംഗീകാരം, നിർവ്വഹണം, പുരോഗതി രേഖപ്പെടുത്തൽ തുടങ്ങിയ മുഴുവൻ പ്രക്രിയകളും ഈ വർഷം മുതൽ സുലേഖ സോഫ്റ്റ്വെയർ വഴി പൂർണ്ണമായും ഓൺലൈനായി (www.plan.lsgkerala.gov.in) സാധ്യമാകുന്നതിന്റെയും, സംസ്ഥാനത്തെ തദ്ദേശഭരണസ്ഥാപനങ്ങളെ തമ്മിൽ ബന്ധിപ്പിക്കുന്ന ഡിജിറ്റൽ സൂപ്പർ ഹൈവേയുടെയും ഉദ്ഘാടനം പഞ്ചായത്ത് സാമൂഹ്യക്ഷേമ വകുപ്പ് മന്ത്രി ഡോ. എം.കെ. മുനീർ നിർവ്വഹിച്ചു.

ബി.എസ്.എൻ.എല്ലിന്റെ സഹായത്തോടെയാണ് ഡിജിറ്റൽ സൂപ്പർ ഹൈവേ സാധ്യമാക്കിയത്. എത്ര വിപുലമായ ഡേറ്റയും കൂടുതൽ സുരക്ഷിതത്വത്തോടെ കൈമാറ്റം ചെയ്യാൻ കഴിയുന്ന വിർച്ചൽ പ്രൈവറ്റ് നെറ്റ്വർക്ക് (വി.പി.എൻ) അധിഷ്ഠിതമായ ബ്രോഡ്ബാൻഡ് സംവിധാനമാണ് ഇപ്രകാരം പ്രവർത്തനസജ്ജമായത്. ഇന്ത്യയിൽ ആദ്യമായാണ് ഒരു സംസ്ഥാനത്ത് പഞ്ചായത്തുകളെ തമ്മിൽ ബന്ധിപ്പിക്കുന്ന ഇത്തരമൊരു ശൃംഖല സ്ഥാപിതമാവുന്നത്. ഡിജിറ്റൽ സൂപ്പർ ഹൈവേ സ്ഥാപിതമായതോടെ സാമൂഹ്യ സുരക്ഷ പെൻഷനുകൾ, വിവിധ ടാക്സുകൾ, ലൈസൻസുകൾ, കെട്ടിട നിർമ്മാണ പെർമിറ്റ്, തുടങ്ങിയവയ്ക്കുള്ള നിലവിലുള്ള ആപ്ലിക്കേഷൻ സോഫ്റ്റ്വെയറുകൾ പൂർണ്ണമായും വെബ് അധിഷ്ഠിതമാക്കാനുള്ള അവസരമാണ് കൈവന്നിരിക്കുന്നത്.

### ഗ്രാന്റ് കേരള ഷോപ്പിംഗ് ഫെസ്റ്റിവൽ – ഓൺലൈൻ രജിസ്ട്രേഷൻ ആരംഭിച്ചു

ഗ്രാന്റ് കേരള ഷോപ്പിംഗ് ഫെസ്റ്റിവലിന്റെ അക്ഷയ സെന്ററുകൾ വഴിയുള്ള ഓൺലൈൻ രജിസ്ട്രേഷൻ ആരംഭിച്ചു. സിൽവർ, ഗോൾഡ് കാറ്റഗറികളിൽ രജിസ്റ്റർ ചെയ്യുന്ന വ്യാപാരികൾക്കാണ് ഓൺലൈൻ രജിസ്ട്രേഷൻ സൗകര്യം ലഭ്യമാക്കിയിട്ടുള്ളത്. ഇൻഫർമേഷൻ കേരള മിഷന്റെ പേയ്മെന്റ് ഗേറ്റ്വേ സാങ്കേതികതയാണ് ഇതിനു പ്രയോജനപ്പെടുത്തുന്നത്.

### സാംഖ്യ വിന്യാസം 616 സ്ഥാപനങ്ങളിൽ പൂർത്തിയായി

പതിനാല് ജില്ലാ പഞ്ചായത്തുകൾ, 17 ബ്ലോക്ക് പഞ്ചായത്തുകൾ, 520 ഗ്രാമപഞ്ചായത്തുകൾ, 60 മുനിസിപ്പാലിറ്റികൾ, 5 കോർപ്പറേഷനുകൾ എന്നിവിടങ്ങളിലായി 616 തദ്ദേശഭരണ സ്ഥാപനങ്ങളിൽ അക്രൂവൽ അടിസ്ഥാനമാക്കിയുള്ള ഡബിൾ എൻട്രി സംവിധാനത്തിന്റെ കമ്പ്യൂട്ടർവൽക്കരണം പൂർത്തിയാക്കി. സാംഖ്യയുടെ ഇംപ്ലിമെന്റേഷനുമായി ബന്ധപ്പെട്ട് സെപ്റ്റംബർ മാസം വരെ 3673 ജീവനക്കാർക്ക് പരിശീലനം നൽകി.

## ചെറുന്നിയൂർ ഗ്രാമപഞ്ചായത്ത് എം-ഗവേണൻസിലേക്ക്

ജനന-മരണ-വിവാഹ രജിസ്ട്രേഷൻ സംബന്ധമായ വിവരങ്ങൾ എസ്.എം.എസിലൂടെ നൽകുന്നതിനുള്ള സംവിധാനം ചെറുന്നിയൂർ ഗ്രാമപഞ്ചായത്തിൽ നിലവിൽ വന്നു. സംസ്ഥാനത്ത് ഈ സംവിധാനം നിലവിൽ വരുന്ന ആദ്യത്തെ ഗ്രാമപഞ്ചായത്താണ് ചെറുന്നിയൂർ. ഐ.കെ.എം രൂപകൽപ്പന ചെയ്ത സോഫ്റ്റ്വെയർ ഉപയോഗിച്ചാണ് സംവിധാനം നടപ്പാക്കുന്നത്.

- ജനന-മരണ-വിവാഹ രജിസ്ട്രേഷൻ സംബന്ധമായ വിവരങ്ങൾ എസ്.എം. എസിലൂടെ നൽകുന്നതിനുള്ള സംവിധാനം ഉൾപ്പെടുത്തിക്കൊണ്ടുള്ള സോഫ്റ്റ്വെയർ ഗ്രാമപഞ്ചായത്തിൽ വിന്യസിച്ചിട്ടുണ്ട്. ബന്ധപ്പെട്ടവരുടെ മൊബൈൽ നമ്പർ ഇതിൽ രേഖപ്പെടുത്താൻ കഴിയുന്നതാണ്.
- രജിസ്ട്രേഷൻ നടപടികൾ ഗ്രാമപഞ്ചായത്തിൽ പൂർത്തിയാക്കി വിവരങ്ങൾ ഡാറ്റാ സെന്ററിലേക്ക് അപ്ലോഡ് ചെയ്യുന്ന മുറയ്ക്ക് തന്നിട്ടുള്ള മൊബൈൽ നമ്പറിലേക്ക് രജിസ്ട്രേഷൻ സംബന്ധമായ വിവരങ്ങൾ എസ്.എം.എസ്. ആയി ലഭ്യമാകും.
- ചെറുന്നിയൂർ ഗ്രാമപഞ്ചായത്തിൽ പൊതുവിവാഹ രജിസ്ട്രേഷനുള്ള അപേക്ഷകളുടെ ഇ-ഫയലിംഗിനുള്ള സംവിധാനവും നടപ്പാക്കിയിട്ടുണ്ട് (www.cr.lsgkerala.gov.in).
- പിഴവുകൾ ഇല്ലാതെ വേഗത്തിൽ വിവാഹ രജിസ്ട്രേഷൻ നടപടി പൂർത്തിയാക്കുന്നതിന് ഈ സംവിധാനം സഹായകരമാണ്.
- ഇൻഫർമേഷൻ കേരള മിഷൻ വികസിപ്പിച്ചിട്ടുള്ള ഫയൽ ട്രാക്കിംഗ് സംവിധാനമായ സൂചിക സോഫ്റ്റ്വെയർ ചെറുന്നിയൂർ ഗ്രാമപഞ്ചായത്തിൽ പൂർണ്ണതോതിൽ ഉടൻതന്നെ പ്രവർത്തനക്ഷമമാകുന്നതാണ്. പ്രസ്തുത സോഫ്റ്റ്വെയർ പ്രവർത്തനക്ഷമമാകുമ്പോൾ ഗ്രാമപഞ്ചായത്തിൽ ലഭിക്കുന്ന അപേക്ഷകളുടെ തൽസ്ഥിതി വെബ്സൈറ്റിലൂടെയും. ഫയൽ തീർപ്പാകുന്ന മുറയ്ക്ക് എസ്.എം.എസ് അലർട്ടിലൂടെയും അറിയാൻ കഴിയും.





# പെൺകൂട്ടായ്മയുടെ വിജയപഥം

## കുടുംബശ്രീയുടെ പതിനാലാം വാർഷിക സംഗമം

**അജിത് വെണ്ണിയൂർ**

പെൺകൂട്ടായ്മയുടെ പെരുമ ചരിത്രത്തിൽ എഴുതിച്ചേർത്ത് കേരളത്തിന്റെ കുടുംബശ്രീ പതിനഞ്ചാം വർഷത്തിലേക്ക്. പിന്നിട്ട പതിനാലു വർഷങ്ങൾ രാജ്യത്തിന്റെ സാമൂഹിക സാമ്പത്തിക ഭൂപടത്തിൽ അടയാളപ്പെടുത്തിയ മുന്നേറ്റങ്ങൾ അയവിറക്കിയും മുന്നോട്ടുള്ള വഴികൾ തെളിച്ചും കുടുംബശ്രീ മറ്റൊരു വാർഷികം കൂടി ആഘോഷിച്ചു.

കൊച്ചിയിലെ മറൈൻഡ്രൈവിൽ സെപ്റ്റംബർ 27 മുതൽ ഒക്ടോബർ 2 വരെ നടന്ന പതിനാലാം വാർഷികം കുടുംബശ്രീയുടെ ചരിത്രനാൾവഴിയിൽ പുതിയ കാൽവയ്പായി. കേരളീയ സ്ത്രീസമൂഹത്തിന്റെ വിധിയും ഗതിയും തിരുത്തിക്കുറിച്ച സാധാരണ സ്ത്രീകൾ അക്ഷരങ്ങളിൽ പകർത്തിയ സ്വന്തം അനുഭവങ്ങൾ സമൂഹത്തിന് സമർപ്പിച്ചുകൊണ്ടാണ് കുടുംബശ്രീ പതിനാലാം വാർഷികത്തിന് നാന്ദികുറിച്ചത്.

അയൽക്കൂട്ടങ്ങളിൽ അംഗങ്ങൾ എഴുതി വായിച്ച് പഞ്ചായത്തുതലത്തിൽ സമാഹരിച്ച 1072 പുസ്തകങ്ങൾ ശേഖരിച്ച് സംസ്ഥാനമെമ്പാടും നടത്തിയ പുസ്തകയാത്രയായിരുന്നു ഇക്കൊല്ലം കുടുംബശ്രീ വാർഷികത്തിന്റെ പ്രധാന സവിശേഷത. സെപ്റ്റംബർ 9ന് ഭാഷാസംഗമഭൂമിയായ കാസർഗോട്ടെ ഹൊസങ്കടിയിൽ നിന്നും 10ന് തിരുവനന്തപുരത്തെ അതിർത്തിഗ്രാമമായ ഉദിയൻകുളങ്ങര നിന്നും 'ഭേരി'യുടെ അകമ്പടിയോടെ ആരംഭിച്ച പുസ്തകയാത്രകൾ 132 കേന്ദ്രങ്ങളിൽനിന്ന് പുസ്തകങ്ങൾ ശേഖരിച്ച് ഒക്ടോബർ 1ന് എറണാകുളത്ത് സംഗമിച്ചപ്പോൾ കുടുംബശ്രീയുടെ വാർഷികവേദി ആവേശച്ചൂടിൽ തിളച്ചുമറിഞ്ഞു.

തീക്ഷ്ണമായ അനുഭവങ്ങൾ അക്ഷരങ്ങളായി പുനർജനിച്ച കുടുംബശ്രീ അനുഭവ സമാഹരണ പുസ്തകങ്ങൾ പുതിയ ചരിത്രം എഴുതി വേദിയിൽ പ്രകാശനം ചെയ്തപ്പോൾ പതിനയ്യായിരത്തിൽപ്പരം സ്ത്രീകൾ തിങ്ങിനിറഞ്ഞ സദസ്സ്




*കുടുംബശ്രീ വാർഷികത്തോടനുബന്ധിച്ചു നടന്ന മാധ്യമ സെമിനാർ പഞ്ചായത്ത് സാമൂഹ്യക്ഷേമ വകുപ്പ് മന്ത്രി ഡോ. എം.കെ. മുനീർ ഉദ്ഘാടനം ചെയ്യുന്നു.*

അനുഭവദീപം തെളിയിച്ച് ആ ചരിത്രമുഹൂർത്തത്തെ ഹൃദയത്തിലേറ്റി. വാർഷിക സംഗമവേദിയിൽ ഇരുവശത്തുമായി അടുക്കി അലങ്കരിച്ചുവെച്ച 1072 പുസ്തകങ്ങളെ മൂടിയ തിരശ്ശീല കേന്ദ്രമന്ത്രി പ്രൊഫ കെ.വി.തോമസ് റിമോട്ട് അമർത്തി അനാവരണം ചെയ്തപ്പോൾ അത് പുസ്തകരചനയുടേയും പ്രകാശനത്തിന്റെയും ചരിത്രത്തിൽ പുതിയൊരു നാഴികക്കല്ലായി.

മുഖ്യമന്ത്രി ഉമ്മൻ ചാണ്ടിയാണ് വീഡിയോ കോൺഫറൻസിലൂടെ വാർഷിക സംഗമം ഉദ്ഘാടനം ചെയ്തത്. സംസ്ഥാനത്ത് കുടുംബശ്രീയുടെ വിപുലീകരണത്തിനും പുതിയ പദ്ധതികൾ ആവിഷ്കരിക്കുന്നതിനുമായി ആവശ്യമെങ്കിൽ കൂടുതൽ ഫണ്ട് അനുവദിക്കുമെന്ന് മുഖ്യമന്ത്രി ഉദ്ഘാടനപ്രസംഗത്തിൽ വ്യക്തമാക്കി. പതിനഞ്ചാം വർഷത്തിലേക്ക് പ്രവേശിക്കുമ്പോൾ കേരളത്തിന്റെ സാമ്പത്തിക, സാമൂഹിക മേഖലകളിൽ ഏറ്റവും വലിയ സ്വാധീനം ചെലുത്തുന്ന ഘടകമായി കുടുംബശ്രീ മാറിയെന്ന് മുഖ്യമന്ത്രി അഭിപ്രായപ്പെട്ടു.

സർക്കാരിന്റെ ഔദ്യോഗിക സംഘടനയാണ് കുടുംബശ്രീ. അതിനുള്ള പിന്തുണ ഔദാര്യമല്ല, അവകാശമാണ്. അർഹിക്കുന്ന അംഗീകാരം നൽകും. കുടുംബശ്രീയെ തകർക്കാൻ ആരെയും അനുവദിക്കില്ല, മുഖ്യമന്ത്രി പറഞ്ഞു.

**ഏറ്റവും വലിയ സാമൂഹിക വിപ്ലവം**

ഇന്ത്യയിൽ നടന്ന ഏറ്റവും വലിയ സാമൂഹിക വിപ്ലവത്തിന് നേതൃത്വം നൽകിയ പ്രസ്ഥാനമാണ് കുടുംബശ്രീയെന്ന് പുസ്തകയാത്രാ സംഗമം ഉദ്ഘാടനം ചെയ്ത ധന, നിയമ മന്ത്രി കെ.എം മാണി പറഞ്ഞു. കേരളത്തിൽ പാർശ്വവത്ക്കരിക്കപ്പെട്ട സ്ത്രീകളുടെ ഉന്നമനത്തിനായി കുടുംബശ്രീ



പഞ്ചായത്ത് രാജ്



കുടുംബശ്രീ പതിനാലാം വാർഷിക സമ്മേളനം: ഉദ്ഘാടനസമ്മേളനത്തിൽ കേന്ദ്രമന്ത്രി കെ.വി. തോമസ് പ്രസംഗിക്കുന്നു.

വഹിച്ച പങ്ക് അത്ഭുതാവഹമാണ്. ഗ്രാമീണ മേഖലയിലെ സ്ത്രീകളെ മുഖ്യധാരയിൽ എത്തിച്ച്, അവർക്ക് തൊഴിൽ വിതരണവും തൊഴിലുറപ്പും സാധ്യമാക്കിയത് കുടുംബശ്രീയിലൂടെ മാത്രമാണ്. കൊച്ചി കോർപ്പറേഷന്റെ നേതൃത്വത്തിൽ കുടുംബശ്രീ യൂണിറ്റുകൾ ചേർന്നു തയ്യാറാക്കിയ പുസ്തക യാത്രകളുടെ സംഗമവും പ്രകാശന കർമ്മവും മന്ത്രി നിർവഹിച്ചു. പഞ്ചായത്ത് സാമൂഹ്യക്ഷേമ വകുപ്പുമന്ത്രി ഡോ.എം.കെ. മുനീർ അദ്ധ്യക്ഷത വഹിച്ചു.

**അയൽക്കൂട്ട അംഗങ്ങൾക്ക് പെൻഷൻ പരിഗണനയിൽ**

കുടുംബശ്രീ അയൽക്കൂട്ടങ്ങളിൽ അംഗങ്ങളായ 60 കഴിഞ്ഞ സ്ത്രീകൾക്ക് പെൻഷൻ നൽകുന്ന കാര്യം സർക്കാരിന്റെ പരിഗണനയിലെന്ന് കുടുംബശ്രീ വാർഷിക സംഗമങ്ങളുടെ സമാപന സമ്മേളനത്തിൽ അധ്യക്ഷ പ്രസംഗം നടത്തവെ മന്ത്രി ഡോ. എം.കെ. മുനീർ പറഞ്ഞു. അംഗങ്ങൾക്ക് ഇൻഷുറൻസ് നൽകുന്ന കാര്യവും പരിഗണിക്കും. സമൂഹത്തിലെ അതിദരിദ്രരായവരെ പൂർണ്ണമായി കുടുംബശ്രീയുടെ ഗുണഭോക്താക്കളാക്കാൻ കഴിഞ്ഞിട്ടില്ല. പട്ടിക ജാതി/വർഗ്ഗങ്ങൾ, ഭാഷാ ന്യൂനപക്ഷങ്ങൾ, മതന്യൂനപക്ഷങ്ങൾ, അശരണരും അതിദരിദ്രരായവരെയും പാർശ്വവൽകൃതരെയും ഉൾപ്പെടുത്തുന്നതിന് സി.ഡി.എസ് വരും വർഷം മുൻഗണന നൽകണം. 2013ൽ എത്ര പാർശ്വവൽകൃതരെ ഉൾപ്പെടുത്തുന്നു എന്നതായിരിക്കും പ്രധാന ലക്ഷ്യം. ഇതിൽ മുന്നേറുന്നവർക്ക് പ്രത്യേക പാരിതോഷികം നൽകും. തള്ളക്കോഴി കുഞ്ഞുങ്ങളെ സംരക്ഷിക്കുന്നതു പോലെ കുടുംബശ്രീയെ സർക്കാർ സംരക്ഷിക്കും. ദാരിദ്ര്യത്തിന്റെ കാര്യത്തിൽ രാഷ്ട്രീയം മറന്ന് എല്ലാവരും ഒരുമിച്ച് നിൽക്കണം. അയൽക്കൂട്ടങ്ങളിൽ രാഷ്ട്രീയം കുടുംബശ്രീയാവണം. സംസ്ഥാന ബജറ്റിൽ കുടുംബശ്രീക്ക് 84 കോടി രൂപയാണ് വകയിരുത്തിയിട്ടുള്ളത്. കൂടാതെ കുടുംബശ്രീ അംഗങ്ങളുടെ ഭവനശ്രീ വായ്പാ കുടിശ്ശിക എഴുതി തള്ളുന്നതിന് 24കോടിയും അനുവദിച്ചിട്ടുണ്ട്. സഹകരണ ബാങ്കുകളിലെ വായ്പാ കുടിശ്ശികയും എഴുതിതള്ളും, അദ്ദേഹം കൂട്ടിച്ചേർത്തു.



കൊച്ചി കോർപ്പറേഷന്റെ നേതൃത്വത്തിൽ കുടുംബശ്രീ യൂണിറ്റുകൾ തയ്യാറാക്കിയ പുസ്തകങ്ങളുടെ പ്രകാശന കർമ്മം ധനവകുപ്പുമന്ത്രി കെ.എം. മാണി നിർവ്വഹിക്കുന്നു.

**കേരളത്തിന്റെ ചാലകശക്തി**

കേരള സമൂഹത്തിന്റെ ചാലക ശക്തിയായി വനിതകൾ മാറുന്നതിന് കുടുംബശ്രീ സുപ്രധാന പങ്ക് വഹിച്ചിട്ടുണ്ടെന്ന് സാംസ്ക്കാരികമേളയും കുടുംബശ്രീ ഉത്തരവാദിത്വ ടൂറിസം സുവനീർ ഉത്പന്ന ബ്രാന്റും ഉദ്ഘാടനം ചെയ്ത യുവജന കാര്യ-പട്ടികവർഗ്ഗ ക്ഷേമ വകുപ്പ് മന്ത്രി പി.കെ. ജയലക്ഷ്മി പറഞ്ഞു.

നാല് ചുവരുകൾക്കുള്ളിൽ മാത്രം ഒതുങ്ങി നിന്നിരുന്ന വനിതകൾ ജനാധിപത്യ സംവിധാനത്തിലേക്കും, സാംസ്ക്കാരിക മേഖലകളിലേക്കും കടന്നുവന്നത് കുടുംബശ്രീയിലൂടെയാണ്. സ്വന്തമായി വരുമാനം ഉണ്ടാക്കുന്നതിലും കുടുംബത്തിന്റെ സാമ്പത്തിക ഭദ്രത ഉറപ്പുവരുത്തുന്നതിലും കുടുംബശ്രീ വളരെയധികം പങ്കുവഹിച്ചിട്ടുണ്ട്, മന്ത്രി കൂട്ടിചേർത്തു.

**മാധ്യമങ്ങളിലെ സ്ത്രീ സംവാദം**

മാധ്യമങ്ങളിലെ സ്ത്രീ എന്ന വിഷയത്തെ ആസ്പദമാക്കിയുള്ള സംവാദമായിരുന്നു കുടുംബശ്രീ വാർഷികത്തിലെ ശ്രദ്ധേയമായ ഒരു പരിപാടി. സാമൂഹിക ജീവിതത്തിന്റെ സർവമേഖലകളിലും സജീവ സാന്നിദ്ധ്യമായി മാറിയ കേരളീയ സ്ത്രീകളുടെ മുന്നേറ്റങ്ങൾ, പ്രശ്നങ്ങൾ, വെല്ലുവിളികൾ, വിജയങ്ങൾ എന്നിവയെ മാധ്യമലോകം എങ്ങനെ കാണുന്നു, എങ്ങനെ അവതരിപ്പിക്കുന്നു എന്നതായിരുന്നു സംവാദത്തിന്റെ മുഖ്യ പ്രമേയം.

സ്ത്രീ ശാക്തീകരണത്തിനും സാമൂഹിക ഉത്പാദന രംഗത്തും മികച്ച പങ്ക് വഹിക്കാൻ കുടുംബശ്രീക്ക് കഴിഞ്ഞതായി എറണാകുളം ചിൽഡ്രൻസ് പാർക്കിൽ നടന്ന സംവാദം അഭിപ്രായപ്പെട്ടു. നാല് ചുവരുകൾക്കുള്ളിലെ ചട്ടക്കൂടിനുള്ളിൽ ഒതുക്കാനാണ് മാധ്യമങ്ങൾ ശ്രമിക്കുന്നതെന്ന് സംവാദത്തിൽ അഭിപ്രായമുയർന്നു.

സോഷ്യൽ മീഡിയയുടെ സാധ്യതകൾ സ്ത്രീ ശാക്തീകരണത്തിന് ഫലപ്രദമായി പ്രയോജനപ്പെടുത്തണമെന്ന് സംവാദം ഉദ്ഘാടനം ചെയ്ത മന്ത്രി ഡോ. എം.കെ. മുനീർ പറഞ്ഞു.

പത്രപ്രവർത്തകനും ലളിതകലാ അക്കാദമി ചെയർമാനുമായ കെ.എ.ഫ്രാൻസിസ് മോഡറേറ്ററായിരുന്നു. മുതിർന്ന പത്രപ്രവർത്തകൻ പി. രാജൻ, മാധ്യമ പ്രവർത്തകരായ ഗീതാ ബക്ഷി, ഉഷാ മനോഹർ, ജിഷാ എലിസബത്ത്, ഗീതാകുമാരി എം.കെ., ജ്യോതി നാരായണൻ എന്നിവർ സംവാദത്തിന് നേതൃത്വം നൽകി.

**ഭക്ഷ്യമേള**

തിരുവിതാംകൂർ, കൊച്ചി, മലബാർ എന്നിങ്ങനെ മൂന്നു വിഭാഗങ്ങളിലായി തരംതിരിച്ച് ക്രമീകരിച്ച ഭക്ഷ്യമേളയും കലാസാംസ്ക്കാരിക പരിപാടികളും പ്രദർശനവും നഗരവാസികൾക്ക് തനിമയുടെയും വൈവിധ്യത്തിന്റെയും പുത്തൻ അനുഭൂതി സമ്മാനിച്ചു. പൊതുമരാമത്ത് മന്ത്രി വി.കെ. ഇബ്രാഹിംകുഞ്ഞാണ് മേള ഉദ്ഘാടനം ചെയ്തത്.

ആറുനാൾ നീണ്ട ആഘോഷങ്ങൾ അവസാനിച്ച ഒക്ടോബർ രണ്ടിന് മേള



യുടെ അവശിഷ്ടങ്ങൾ നിശേഷം നീക്കി സമ്പൂർണശുചീകരണം നടത്തിയാണ് കുടുംബശ്രീ പ്രവർത്തകർ ഗാന്ധിജയന്തി ആചരിച്ചത്.

**കുടുംബശ്രീ വിശേഷാൽ പത്രിക**

കുടുംബശ്രീയുടെ 14-ാം വാർഷികവും അനുഭവ സമാഹരണ പുസ്തക യാത്ര സംഗമവും പ്രമാണിച്ച് സംസ്ഥാന കുടുംബശ്രീ മിഷൻ പ്രസിദ്ധീകരിച്ച പ്രത്യേക വാർത്താ പത്രിക വാർഷിക സംഗമത്തിന്റെ സമാപന ചടങ്ങിൽ കെ.പി. ധനപാലൻ എംപി, പി. രാജീവ് എം.പിക്കു നൽകി പ്രകാശനം ചെയ്തു. അനുഭവ സമാഹരണ പുസ്തകങ്ങളിൽ നിന്നുള്ള ശ്രദ്ധേയമായ അനുഭവങ്ങൾ പുസ്തക യാത്രയുടെ വാർത്തകളും ചിത്രങ്ങളും പത്രവിശേഷങ്ങൾ തുടങ്ങിയവ ഉൾക്കൊള്ളിച്ചാണ് പ്രത്യേക പതിപ്പ് പ്രസിദ്ധീകരിച്ചത്.

കുടുംബശ്രീ ബാങ്ക് ലിങ്കേജിൽ മികച്ച സേവനം കാഴ്ചവെച്ച ബാങ്കുകൾ, കുടുംബശ്രീ മൈക്രോ സംരംഭങ്ങൾക്ക് ഏറ്റവും കൂടുതൽ വായ്പ നൽകിയ ബാങ്കുകൾ, സംഘകൃഷി സംരംഭങ്ങൾക്ക് ഏറ്റവും കൂടുതൽ വായ്പ നൽകിയ ബാങ്കുകൾ എന്നിവയെ മന്ത്രിമാരായ കെ. ബാബു, വി.കെ. ഇബ്രാഹിംകുഞ്ഞ് എന്നിവർ ചടങ്ങിൽ ആദരിച്ചു.

കുടുംബശ്രീ മുഖേന സംസ്ഥാനത്ത് നടപ്പാക്കുന്ന രാജീവ് ആവാസ് യോജനയുടെ മാനേജ്മെന്റ് ഇൻഫർമേഷൻ സിസ്റ്റത്തിന്റെ സംസ്ഥാനതല ഉദ്ഘാടനം, കുടുംബശ്രീ ബാലസഭാ പ്രവർത്തനത്തിന്റെ ഭാഗമായി നടത്തുന്ന മീന റേഡിയോ പരിപാടിയുടെ സിഡി പ്രകാശനം കുടുംബശ്രീയുടെ മുൻസാരഥികളായ ടി.കെ.ജോസ്, ശാരദാമുരളീധരൻ എന്നിവരെ ആദരിക്കൽ, കലാജാഥാ അംഗങ്ങളെ അനുമോദിക്കൽ എന്നീ ചടങ്ങുകളും വാർഷികസംഗമത്തിൽ നടന്നു.

എംപി മാരായ കെ.പി. ധനപാലൻ, പി.ടി. തോമസ്, ജോസ് കെ മാണി, ചാൾസ് ഡയസ്, പി രാജീവ്, എം.എൽ.എ.മാരായ ഹൈബി ഈഡൻ, വി.ഡി. സതീശൻ, എസ്.ശർമ്മ, ഡൊമനിക് പ്രസന്റേഷൻ, ബെന്നി ബഹനാൻ, വി.പി. സജീന്ദ്രൻ, ടി.യു. കുരുവിള, സാജു പോൾ, ജോസ് തെറ്റയിൽ, അൻവർ



കുടുംബശ്രീ മിഷൻ പ്രസിദ്ധീകരിച്ച പ്രത്യേക വാർത്താ പത്രിക കെ.പി. ധനപാലൻ എംപി, പി. രാജീവ് എം.പി ക്കു നൽകി പ്രകാശനം ചെയ്യുന്നു.

സാദത്ത്, ലൂഡി ലൂയിസ്, ടി.എൻ. പ്രതാപൻ, കെ.എം. ഷാജി, ഷാഫി പറമ്പിൽ, വി.ടി. ബൽറാം, പ്രൊഫ. സി. രവീന്ദ്രനാഥ്, ഡോ. എൻ. ജയരാജ്, മേയർ ടോണി ചമ്മിണി, ഡെപ്യൂട്ടി മേയർ ബി. ഭദ്ര, കോഴിക്കോട് കോർപ്പറേഷൻ മേയർ പ്രൊഫ. എ.കെ. പ്രേമജം, ജില്ലാ പഞ്ചായത്ത് പ്രസിഡന്റ് എൽദോസ് കുന്നപ്പിള്ളി, ചീഫ് സെക്രട്ടറി കെ. ജയകുമാർ, ജില്ലാ കളക്ടർ ഷേയ്ക് പരീത്, കേരള ഗ്രാമ പഞ്ചായത്ത് അസ്സോസിയേഷൻ പ്രസിഡന്റ് പി.ടി. മാത്യൂ, മുനിസിപ്പൽ ചേമ്പർ ചെയർമാൻ ജമാൽ മണക്കാടൻ എന്നിവരും കുടംബശ്രീ ഉദ്യോഗസ്ഥരും വിവിധ കമ്മിറ്റി അംഗങ്ങളും ആറുനാൾ നീണ്ട ആഘോഷത്തിന്റെ വിവിധ പരിപാടികളിൽ പങ്കെടുത്തു. ■

*ലേഖകൻ കുടുംബശ്രീ മിഷനിൽ പബ്ലിക് റിലേഷൻസ് ആഫീസറാണ്.*





പ്രത്യക്ഷ ജനാധിപത്യത്തിന്റെ നേർകാഴ്ചകൾ തീർത്ത് കണ്ണൂരിലെ കൂത്തുപറമ്പ്, തളിപ്പറമ്പ്, അഴീക്കോട് നിയമസഭാ നിയോജകമണ്ഡലങ്ങളിലും തിരുവനന്തപുരത്ത് നെടുമങ്ങാട്, അരുവിക്കര, കോവളം നിയമസഭാ നിയോജകമണ്ഡലങ്ങളിലും ഗ്രാമയാത്ര നടന്നു. ഇതോടുകൂടി ഗ്രാമയാത്ര 18 നിയമസഭാ നിയോജകമണ്ഡലങ്ങൾ പിന്നിട്ടു.

**കുന്നോത്തുപറമ്പ്, 24.9.2012, രാവിലെ 9.30 മണി**

കണ്ണൂരിന്റെ തനത് കലാരൂപങ്ങൾ അണിനിരന്ന ഗ്രാമീണശൈലിയിലുള്ള ഘോഷയാത്രയോടെയാണ് കുന്നോത്തുപറമ്പിൽ ഗ്രാമയാത്ര ആരംഭിച്ചത്. വേദിക്ക് തൊട്ടടുത്തുള്ള നെൽവയലിൽ നെല്ലിക്കുന്ന് യൂസഫ് കാളപ്പൂട്ട് നടത്തിയത് വേറിട്ട കാഴ്ചയായി. പഴയകാല കാർഷിക ഉപകരണ പ്രദർശനവും കളപ്പുര, കാലിത്തൊഴുത്തുകൾ എന്നിവയും ഗ്രാമീണകലാപരിപാടികളും ചേർന്നൊരുക്കിയ പ്രത്യേക ഗ്രാമാന്തരീക്ഷം ഹൃദ്യമായ അനുഭവമായി. കുന്നോത്തുപറമ്പ് പഞ്ചായത്താഫീസ് പരിസരത്തുള്ള വയൽക്കരയിൽ അരയാൽതറയുടെ മാതൃകയിൽ തീർത്ത തുറന്ന വേദിയിലായിരുന്നു വിശേഷാൽ ഗ്രാമസഭ യോഗം ചേർന്നത്. മന്ത്രിമാരായ ഡോ. എം. കെ. മുനീറും കെ.പി. മോഹനനും മറ്റു വിശിഷ്ടാതിഥികളും പാളത്തൊപ്പി ധരിച്ച് വേദിയിലിരുന്ന് പ്രദേശവാസികളോടും മറ്റു ജനപ്രതിനിധികളുമായും ഗ്രാമസംവാദത്തിലേർപ്പെട്ടു.

# ഗ്രാമോത്സവമായി ഗ്രാമയാത്ര



കുന്നോത്തുപറമ്പിൽ നടന്ന ഗ്രാമയാത്ര



കൊളച്ചേരിയിൽ നടന്ന ഗ്രാമയാത്ര

സമൂഹത്തിലെ പാർശ്വവൽക്കരിക്കപ്പെട്ടവന്റെ ആശയാഭിലാഷങ്ങൾ സഫലീകരിക്കുമ്പോൾ മാത്രമേ അധികാരവികേന്ദ്രീകരണം അർത്ഥപൂർണ്ണമാവുകയുള്ളുവെന്ന് ഗ്രാമയാത്രയുടെ ലക്ഷ്യം വിശദീകരിച്ചുകൊണ്ട് മന്ത്രി മുനീർ ആമുഖമായി പറഞ്ഞു.

അശാന്തിയുടെ നാളുകളിൽ ശാന്തിമന്ത്രവുമായെത്തുന്ന പഴയകാല പഞ്ചായത്ത് അധികാരികളുടെ തിരിച്ചുവരവാണ് ഗ്രാമയാത്രയിലൂടെ സഫലമാകുന്നതെന്ന് മന്ത്രി കെ.പി. മോഹനൻ പറഞ്ഞു. ഗതകാല നന്മകൾ തിരിച്ചുപിടിക്കാനുള്ള വലിയ ശ്രമമാണ് ഗ്രാമയാത്രയിലൂടെ നടത്തുന്നതെന്ന് കണ്ണൂർ ജില്ലാ പഞ്ചായത്ത് പ്രസിഡന്റ് പ്രൊഫ. കെ. എ. സരള അഭിപ്രായപ്പെട്ടു. കേരള ഗ്രാമപഞ്ചായത്ത് അസോസിയേഷൻ പ്രസിഡന്റ് പി.റ്റി. മാത്യു, കുന്നോത്തുപറമ്പ, തൃപ്രങ്ങോട്ടൂർ, പാനൂർ, മൊകേരി, പാട്യം, പെരിങ്ങളം, കരിയാട്, കോട്ടയം ഗ്രാമപഞ്ചായത്ത് പ്രസിഡന്റുമാർ, ജില്ലാ, ബ്ലോക്ക് പഞ്ചായത്ത് ഭാരവാഹികൾ, ജനപ്രതിനിധികൾ തുടങ്ങിയവർ പങ്കെടുത്തു.

**കൊളച്ചേരി 24.9.2012, ഉച്ചയ്ക്ക് 2.30 മണി**

കാർഷിക സംസ്കൃതിയുടെ ഓർമ്മകളുണർത്തുന്ന ദൃശ്യങ്ങളും കലാരൂപങ്ങളും ഉത്സവചാരായ പകർന്ന ഗ്രാമയാത്ര കൊളച്ചേരിയിലെ പാമ്പുരുത്തിയിൽ വളപട്ടണം പുഴയുടെ മധ്യത്തായി പത്തു ഹെക്ടറോളം വരുന്ന ആൾ










പൂവച്ചൽ നടന്ന ഗ്രാമയാത്ര

വളപട്ടണത്ത് നടന്ന ഗ്രാമയാത്ര



വെമ്പായത്ത് നടന്ന ഗ്രാമയാത്ര

പ്പാർപ്പില്ലാത്ത തുരുത്തിൽ (സി.എച്ച്. ഐലന്റ്) ഓലമേഞ്ഞ, പ്രത്യേകം സജ്ജീകരിച്ച വേദിയിലായിരുന്നു നടന്നത്.

പാമ്പുരുത്തി പാലത്തിനു സമീപത്തുനിന്ന് തോണികൾ ചേർത്തുകെട്ടിയ ചങ്ങാടത്തിലാണ് മന്ത്രി മുനീറും വിശിഷ്ടാതിഥികളും പുഴ കടന്ന് വേദിയിലെത്തിയത്. ഗ്രാമവാസികളിൽ പലരും തോണിയിലും വള്ളങ്ങളിലുമായി തുരുത്തിൽ നേരത്തെ ഇടം പിടിച്ചിരുന്നു.

ഓരോ പഞ്ചായത്തിന്റെയും സൗന്ദര്യവും ശക്തിയുമായി ഗ്രാമസഭകൾ മാറണമെന്ന് വിശേഷാൽ ഗ്രാമസഭയിൽ അദ്ധ്യക്ഷത വഹിച്ച ജെയിംസ് മാത്യു എം.എൽ.എ അഭിപ്രായപ്പെട്ടു. ഗ്രാമയാത്രയിലുണ്ടാകുന്ന ആവേശകരമായ പങ്കാളിത്തം ഇനിയുള്ള ഗ്രാമസഭകളിലും നിലനിർത്താൻ കഴിയണമെന്ന് മന്ത്രി മുനീർ പറഞ്ഞു.

ഗ്രാമസഭയ്ക്ക് മുന്നോടിയായി മനോഹരൻ കുറ്റ്യാട്ടൂർ അവതരിപ്പിച്ച സാഹസിക പ്രകടനം ശ്രദ്ധേയമായി. കൊളച്ചേരി, മയ്യിൽ, മലപ്പട്ടം, കുറ്റ്യാട്ടൂർ, പരിയാരം, കൂറുമാത്തൂർ, ചപ്പാരപ്പടവ് ഗ്രാമപഞ്ചായത്തുകളിലെ ജനപ്രതിനിധികളും ബ്ലോക്ക് പഞ്ചായത്ത് ഭാരവാഹികളും ഗ്രാമയാത്രയിൽ പങ്കെടുത്തു.

**വളപട്ടണം 24.09.2012, വൈകുന്നേരം 6.30 മണി**

അഴീക്കോട് നിയോജകമണ്ഡലത്തിലെ വളപട്ടണം ഗ്രാമപഞ്ചായത്തിൽ കെ.കെ. ഷാജി എം.എൽ.എയുടെ അദ്ധ്യക്ഷതയിൽ ചേർന്ന വിശേഷാൽ ഗ്രാമസഭ ജനപങ്കാളിത്തം



കൊണ്ട് ശ്രദ്ധേയമായി. വളപട്ടണം, പാപ്പിനിശ്ശേരി, ചിറയ്ക്കൽ, പുഴാതി, പള്ളിക്കുന്ന്, അഴിക്കോട്, നാറാത്ത് പഞ്ചായത്ത് പ്രസിഡന്റുമാരും ബ്ലോക്ക്, ജില്ല പഞ്ചായത്ത് ഭാരവാഹികളും ജനപ്രതിനധികളും പങ്കെടുത്തു. കളരിപ്പയറ്റ്, തെയ്യം, ഫുട്ബോൾ, കലാപ്രദർശനങ്ങളും അരങ്ങേറി. നാടൻകലകളും സാംസ്കാരിക ചരിത്രപ്രദർശനവും ഒരുക്കിയിരുന്നു.

**വെമ്പായം 8.10.2012 രാവിലെ 9 മണി**

തിരുവനന്തപുരം ജില്ലയിൽ ഗ്രാമയാത്രയോടനുബന്ധിച്ച് ആദ്യ വിശേഷാൽ ഗ്രാമസഭയോഗം ചേർന്നത് നെടുമങ്ങാട് നിയമസഭാ നിയോജകമണ്ഡലത്തിലെ വെമ്പായം ഗ്രാമപഞ്ചായത്തിലായിരുന്നു. മന്ത്രി മുനീറിനോടൊപ്പം പാലോട് രവി എം.എൽ.എ, എ. സമ്പത്ത് എം.പി., ജില്ലാ പഞ്ചായത്ത് പ്രസിഡന്റ് രമണി പി. നായർ എന്നിവർ ഗ്രാമസഭയ്ക്ക് നേതൃത്വം നൽകി.

തേക്കട പൊട്ടൻപാറ തടത്തരികത്ത് വീട്ടിൽ രാധയുടെ പട്ടയം സംബന്ധിച്ച കേസ് അടിയന്തരമായി പരിഹരിക്കാൻ നിർദ്ദേശം നൽകിയതും, സരളയുടെ ആവശ്യപ്രകാരം താൽക്കാലിക കെട്ടിടത്തിൽ അംഗൻവാടി കെട്ടിടം ആരംഭിക്കാൻ അനുമതി നൽകിയതും, രോഗം ബാധിച്ച വെമ്പായം സ്വദേശി സുരേഷിന് യന്ത്രം പിടിപ്പിച്ച വീൽചെയർ അനുവദിച്ചതും നാടിന്റെ ആവശ്യങ്ങൾ മന്ത്രിയുടെ മുന്നിൽ നേരിട്ട് അവതരിപ്പിക്കാനെത്തിയവർക്ക് പുതിയ അനുഭവമായി മാറി.

വെമ്പായം, മാണിക്കൽ, കരകുളം, അണ്ടൂർക്കോണം, പോത്തൻകോട് ഗ്രാമപഞ്ചായത്ത് ഭാരവാഹികളും ബ്ലോക്ക്, ജില്ലാ പഞ്ചായത്ത് ഭാരവാഹികളും ചടങ്ങിൽ പങ്കെടുത്തു

**പൂവച്ചൽ 8.10.2012, വൈകുന്നേരം 3 മണി**

അരുവിക്കര മണ്ഡലത്തിൽ പൂവച്ചൽ പുന്നാംകരിക്കകത്താണ് ഗ്രാമയാത്ര നടന്നത്. ചെറുതായി പെയ്തുകൊണ്ടിരുന്ന മഴയത്തും നൂറുകണക്കിന് ജനങ്ങളും ജനപ്രതിനിധികളും ആവേശത്തോടെ വിശേഷാൽ ഗ്രാമസഭയിൽ പങ്കെടുത്തത് മന്ത്രി മുനീറിനും വിശിഷ്ടാതിഥികൾക്കും കൗതുകമായി. നിയമസഭാ സ്പീക്കർ ജി. കാർത്തികേയൻ വിശേഷാൽ ഗ്രാമസഭ ഉദ്ഘാടനം ചെയ്തു. ജില്ലാപഞ്ചായത്ത് പ്രസിഡന്റ് രമണി പി. നായർ അദ്ധ്യക്ഷയായി. എ. സമ്പത്ത് എം.പി., പൂവച്ചൽ, അരുവിക്കര, കുറ്റിച്ചൽ, വെള്ളനാട്, ആര്യനാട്, ഉഴമലയ്ക്കൽ ഗ്രാമപഞ്ചായത്തു പ്രസിഡന്റുമാരും ജില്ല, ബ്ലോക്ക് പഞ്ചായത്ത് ഭാരവാഹികളും ചടങ്ങിൽ പങ്കെടുത്തു.■

*പഞ്ചായത്ത് ന്യൂസ് സർവ്വീസ്*







പഞ്ചായത്ത് രാജ്

# വാർത്തകളും വിശേഷങ്ങളും

## വിവാഹ ധനസഹായം വർദ്ധിപ്പിച്ചു

നിർധനരായ പട്ടികജാതി കുടുംബങ്ങളിലെ പെൺകുട്ടികളുടെ വിവാഹത്തിന് നൽകുന്ന ധനസഹായം 20,000 രൂപയിൽ നിന്ന് 50,000 രൂപയായി വർദ്ധിപ്പിച്ചു. ധനസഹായം ലഭിക്കുന്നതിനുള്ള വാർഷിക കുടുംബവരുമാന പരിധി 22,000 രൂപയിൽ നിന്നും 50,000 രൂപയായും ഉയർത്തിയിട്ടുണ്ട്. ഇതുസംബന്ധിച്ച ഉത്തരവിന് ഈ വർഷം ഏപ്രിൽ മുതൽ പ്രാബല്യമുണ്ടായിരിക്കും.

## ഇന്ദിരാ ആവാസ് യോജന : 75,000 രൂപ സംസ്ഥാന സർക്കാർ നൽകും

ദാരിദ്ര്യരേഖയ്ക്ക് താഴെയുള്ളവർക്ക് സൗജന്യമായി വീട് നിർമ്മിച്ചുകൊടുക്കുന്ന ഇന്ദിരാ ആവാസ് യോജന പദ്ധതിയിൽ 75,000 രൂപ ഈ സാമ്പത്തിക വർഷം മുതൽ സംസ്ഥാന സർക്കാർ വഹിക്കാൻ തീരുമാനിച്ചു. പദ്ധതിക്ക് കേന്ദ്രസർക്കാർ 48,500 രൂപ നൽകും. ജനറൽ വിഭാഗങ്ങൾക്കും പട്ടികജാതിക്കാർക്കും വീടുനിർമ്മിക്കുന്നതിനുള്ള സഹായം രണ്ടു ലക്ഷം രൂപയായി വർദ്ധിപ്പിച്ചിരുന്നു. പട്ടികവർഗക്കാർക്കുള്ള ധനസഹായം 2.5 ലക്ഷം രൂപയായും ഉയർത്തിയിട്ടുണ്ട്. കേന്ദ്രസർക്കാർ നൽകുന്ന 48,500 രൂപയിൽ അധികരിക്കുന്ന തുകയിൽ 75,000 രൂപ സംസ്ഥാന ഗവൺമെന്റ് വഹിക്കും. ശേഷിക്കുന്ന തുക ഗ്രാമ/ബ്ലോക്ക്/ജില്ലാ പഞ്ചായത്തുകൾ 25:50:25 എന്ന അനുപാതത്തിലാണ് വഹിക്കുന്നത്.

## നിർഭയ ടോൾഫ്രീ നമ്പർ നിലവിൽ നിന്നു

ലൈംഗിക പീഡനത്തിന് ഇരയാകുന്ന സ്ത്രീകളുടെയും കുട്ടികളുടെയും സുരക്ഷ മുൻനിർത്തി കേരള സർക്കാർ ആവിഷ്ക്കരിച്ചിട്ടുള്ള നിർഭയ പദ്ധതിയുടെ ഭാഗമായി 24 മണിക്കൂറും പ്രവർത്തിക്കുന്ന ടോൾഫ്രീ നമ്പർ നിലവിൽ വന്നു. (നമ്പർ 1800 425 1400).

## പുസ്തകങ്ങൾ വാങ്ങുമ്പോൾ ബുക്ക് മാർക്കിന് മുൻഗണന നൽകണം

തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ പുസ്തകങ്ങൾ വാങ്ങുമ്പോൾ സർക്കാർ സ്ഥാപനമായ ബുക്ക് മാർക്കിന് മുൻഗണന നൽകണമെന്നും, ബുക്ക് മാർക്കിൽ ലഭ്യമല്ലാത്ത പുസ്തകങ്ങൾ മാത്രമേ പുറമെനിന്നു വാങ്ങാവൂ എന്നും എല്ലാ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്കും നിർദ്ദേശം നൽകി. (സർക്കുലർ നമ്പർ: 38156/ഡിഎ2/12/തസ്വഭവ, തീയതി 05.09.2012)

## ഓഡിറ്റ് റിപ്പോർട്ടുകൾക്ക് വസ്തുനിഷ്ഠമായ മറുപടി സമർപ്പിക്കണം

എല്ലാ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളും ഓഡിറ്റു റിപ്പോർട്ടുകൾക്ക് വ്യക്തവും വസ്തുനിഷ്ഠവുമായ മറുപടി സമയബന്ധിതമായി തയ്യാറാക്കി സർക്കാരിൽ സമർപ്പിക്കേണ്ടതാണെന്ന് കർശന നിർദ്ദേശം നൽകി സർക്കുലർ പുറപ്പെടുവിച്ചു. ഇക്കാര്യം വകുപ്പദ്ധ്യക്ഷൻമാർ ശ്രദ്ധിക്കേണ്ടതാണെന്നും നിർദ്ദേശിച്ചിട്ടുണ്ട്.

കേരള നിയമസഭയുടെ ലോക്കൽ ഫണ്ട് അക്കൗണ്ട്സ് കമ്മിറ്റി 16.08.2012 ൽ യോഗം ചേരുകയും കംപ്ട്രോളർ ആന്റ് ഓഡിറ്റർ ജനറൽ ഓഫ് ഇന്ത്യയുടെ 2007 മാർച്ച് 31ന് അവസാനിച്ച വർഷത്തെ റിപ്പോർട്ടിലെ പരാമർശങ്ങളിന്മേൽ സ്വീകരിച്ച നടപടികൾ സംബന്ധിച്ച് പരിശോധന നടത്തുകയും ചെയ്തു. പ്രസ്തുത യോഗത്തിൽ സമർപ്പിക്കപ്പെട്ട മറുപടി വസ്തുനിഷ്ഠമായിരുന്നില്ലെന്ന് സമിതി അഭിപ്രായപ്പെടുകയും ഇതിന്മേൽ കടുത്ത അതൃപ്തി രേഖപ്പെടുത്തുകയും ചെയ്തു. മാത്രമല്ല, സമയബന്ധിതമായി മറുപടി ലഭ്യമാക്കിയിരുന്നില്ല എന്നും അഭിപ്രായപ്പെട്ടു. ഇതിനെ തുടർന്നാണ് സർക്കുലർ പുറപ്പെടുവിച്ചത്. (സർക്കുലർ നമ്പർ: 8821/എസി2/09/തസ്വഭവ, തീയതി 1.09.2012).

## 2011 – 12 വാർഷികപദ്ധതി പരിഹാര വകയിരുത്തലുകൾ: നിർദ്ദേശങ്ങൾ പുറപ്പെടുവിച്ചു

2011-12 സാമ്പത്തിക വർഷത്തെ പരിഹാര വകയിരുത്തലുകൾ സംബന്ധിച്ച് ചുവടെ വിവരിക്കുന്ന നിർദ്ദേശങ്ങൾ പുറപ്പെടുവിക്കുന്നു. 1) 11-ാം പഞ്ചവത്സര പദ്ധതിയുടെ മാർഗ്ഗരേഖ നിർദ്ദേശപ്രകാരം നിശ്ചിത ശതമാനം തുക ഉല്പാദന മേഖലയിൽ വകയിരുത്തുകയും എന്നാൽ അത്രയും തുക ചെലവാക്കാതിരിക്കുകയും ചെയ്ത തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ നടപ്പു സാമ്പത്തികവർഷം (2012-13) ഉൽപ്പാദന മേഖലയിൽ അത് പരിഹരിക്കേണ്ടതില്ല. 2) എസ്.സിപി/റ്റി.എസ്.പി. ഫണ്ടുകളിൽ നിന്നും ജനറൽ വിഭാഗത്തിൽ ചെലവഴിച്ചിട്ടുണ്ടെങ്കിൽ അത് നടപ്പുവർഷം പരിഹരിക്കേണ്ടതാണ്. 3) 2011-12 സാമ്പത്തിക വർഷത്തിൽ വനിതാ ഘടക പദ്ധതിക്ക് 10% തുകയും ശിശുക്കൾ-വൃദ്ധർ, ശാരീരിക മാനസിക വെല്ലുവിളികൾ നേരിടുന്നവർക്കായുള്ള പ്രത്യേക പദ്ധതിയിൽ 5% തുകയും വകയിരുത്തുകയും എന്നാൽ അത്രയും തുക ചെലവഴിക്കാതിരിക്കുകയും ചെയ്ത തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ ആ തുക നടപ്പു സാമ്പത്തിക വർഷം (2012-13) പരിഹരിക്കേണ്ടതാണ്. (സർക്കുലർ നമ്പർ : 52757/ഡിഎ1/12/തസ്വഭവ, തീയതി 06.09.2012.)

## പഞ്ചവത്സരപദ്ധതി: സബ്സിഡി മാർഗ്ഗരേഖ പരിഷ്ക്കരിച്ചു

പന്ത്രണ്ടാം പഞ്ചവത്സരപദ്ധതിയിലെ സബ്സിഡിയും ബന്ധപ്പെട്ട വിഷയങ്ങളും സംബന്ധിച്ച മാർഗ്ഗരേഖ ഭേദഗതികളോടെ പരിഷ്ക്കരിച്ച് ഉത്തരവായി. (സ.ഉ. (എ.എസ്) നം. 248/2012/തസ്വഭവ, തീയതി 29.09.2012)

## തൊഴിലുറപ്പ് പദ്ധതി: പട്ടികവർഗ്ഗ വിഭാഗക്കാരായ മേറ്റുകൾക്ക് യാത്രാ ചെലവ് നൽകും

സംസ്ഥാനത്തെ മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പു പദ്ധതി മേറ്റായി പ്രവർത്തിക്കുന്ന പട്ടികവർഗ്ഗ വിഭാഗക്കാർക്ക് വാസസ്ഥലത്തു നിന്നും 8 കിലോമീറ്ററിൽ കൂടുതൽ യാത്രചെയ്ത് ഗ്രാമ/ബ്ലോക്ക് പഞ്ചായത്ത് ഓഫീസിൽ എത്തുന്നതിന് യാത്രാചെലവിനായി ഒരു അവിദഗ്ദ്ധ തൊഴിലാളിയുടെ ദിവസ വേതനമായ 164/- രൂപ, പരമാവധി ഒരു മാസം 500 രൂപ എന്ന നിരക്കിൽ നൽകുന്നതിന് അനുമതി നൽകി ഉത്തരവായി. (സ.ഉ. (ആർ.റ്റി)നം. 2707/2012/തസ്വഭവ, തീയതി 26.09.2012)

## പദ്ധതി അംഗീകാര നടപടിക്രമങ്ങൾക്ക് മാർഗ്ഗരേഖ പുറപ്പെടുവിച്ചു

തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ പദ്ധതി അംഗീകാര നടപടിക്രമങ്ങൾ സംബന്ധിച്ച മാർഗ്ഗരേഖ പുറപ്പെടുവിച്ച് ഉത്തരവായി. (സ.ഉ.(എം.എസ്.)നം. 243/2012/തസ്വഭവ, തീയതി 24.09.2012).

തദ്ദേശസ്വയംഭരണ വകുപ്പുമായി ബന്ധപ്പെട്ട സർക്കാർ ഉത്തരവുകൾ, സർക്കുലറുകൾ, ഗസറ്റ് വിജ്ഞാപനങ്ങൾ എന്നിവയുടെ പൂർണ്ണരൂപം www.lsgkerala.gov.in വെബ്സൈറ്റിൽ ലഭ്യമാണ്.








ഗ്രാമ നഗര ഭരണത്തിന്റെ
നേർക്കാഴ്ചകളുമായി

# പഞ്ചായത്ത് രാജ്

- ലേഖനങ്ങൾ
- ഫീച്ചറുകൾ
- മാതൃകകൾ
- അവലോകനങ്ങൾ
- അനുഭവങ്ങൾ
- വാർത്തകൾ

വായിക്കുക വരിക്കാരാകുക

## പരസ്യ നിരക്ക്

| | | തുക (രൂപയിൽ) |
|---|---|---|
| കവർ (അവസാനപുറം) കളർ | : | 12000/- |
| കവർ (ഉൾവശം) കളർ | : | 10000/- |
| കവർ (ഉൾവശം) ബ്ലാക്ക് & വൈറ്റ് | : | 8000/- |
| മറ്റു പേജുകൾ (കളർ) | : | 8000/- |
| മറ്റു പേജുകൾ (ബ്ലാക്ക് & വൈറ്റ്) | : | 6000/- |
| അര പേജ് (കളർ) | : | 5000/- |
| അര പേജ് (ബ്ലാക്ക് & വൈറ്റ്) | : | 3000/- |

**വാർഷിക വരിസംഖ്യ : 120 രൂപ**
ഡിമാന്റ് ഡ്രാഫ്റ്റായോ,
മണിഓർഡറായോ അയയ്ക്കുക.

വിലാസം:
**എഡിറ്റർ / പഞ്ചായത്ത് ഡയറക്ടർ,**
**പഞ്ചായത്ത് രാജ് മാസിക**
**പഞ്ചായത്ത് ഡയറക്ടറേറ്റ്,**
**മ്യൂസിയം പി.ഒ., തിരുവനന്തപുരം-695033**

**PANCHAYATRAJ** (Monthly) October 2012
Annual Subscription ₹120/-
Posted at Trivandrum RMS on 25th & 26th of every month

RNI. No.: 7959/66
Postal Reg. No. KL/TV(N) 391/2012-14
Licensed to Post without Prepayment No. KL/TV(N) WPP-85/2012-14

www.ammini.com



ammini
partnering with tomorrow

ഊർജ്ജസംരക്ഷണത്തിന്റെ
വിജയഗാഥയുമായി
അമ്മിണി എനർജി സിസ്റ്റംസിന്റെ
ലൈട്രോൺ
CFL വഴിവിളക്കുകൾ

BIS CERTIFIED

- കേരളത്തിൽ മാത്രം 2 ലക്ഷത്തിൽ പരം ഇൻസ്റ്റലേഷൻസ്
- 700 ൽപരം ലോക്കൽ ബോഡി കസ്റ്റമേഴ്സ്
- ഇന്ത്യയിലെ ഏക ISI മാർക്ക്ഡ് CFL സ്ട്രീററ്ലൈററ്
- ISO 9001:2008 സർട്ടിഫൈഡ് ഉത്പാദനപ്രക്രിയ
- 15 മാസം വാറന്റി; കുറഞ്ഞ പരിപാലന ചെലവ്
- വാറന്റിക്കുശേഷം AMC മുഖാന്തിരം മെയിന്റനൻസ്
- മൊബൈൽ സർവ്വീസ് യൂണിറ്റുകൾ
- സ്റ്റോർ പർച്ചേസ് രജിസ്റ്റേർഡ്
- NSIC രജിസ്റ്റേർഡ്
- SIDCO രജിസ്റ്റേർഡ്

സട്രീററ്മെയിൻ ഇല്ലാത്ത സ്ഥലങ്ങളിൽ
ഉപയോഗിക്കാവുന്ന
ഓട്ടോമാററിക് സെൻസറോടു കൂടിയ
മോഡലുകൾ

കൂടാതെ
അമ്മിണി സൗരോർജ്ജ ഉത്പന്നങ്ങൾ
(DGS&D Approved)

സോളാർ ലാന്റേൺ
സോളാർ ഹോം ലൈററിംഗ് സിസ്ററം
സോളാർ സ്ട്രീററ് ലൈററിംഗ് സിസ്ററം

ഇന്നുതന്നെ ബന്ധപ്പെടുക

**അമ്മിണി എനർജി സിസ്റ്റംസ്**
ഇൻഡസ്ട്രിയൽ എസ്റ്റേറ്റ്, പാപ്പനംകോട്,
തിരുവനന്തപുരം – 695 019
ഫോൺ: 0471-3060200 ഫാക്സ്: 3060201
മാനേജർ-സെയിൽസ്: 9387160200
ഇ–മെയിൽ: mail@ammini.com

ammini
partnering with tomorrow
അമ്മിണി എനർജി സിസ്റ്റംസ്

ലൈറ്റിംഗ് രംഗത്ത്
15 വർഷത്തെ
സേവന പാരമ്പര്യം

STQC Certification QMS
MGMT. SYS. RvA C 286
भारतीय मानक ब्यूरो IS/ISO 9001
QMS
BUREAU OF INDIAN STANDARDS
ISO 9001: 2008 CERTIFIED

एन. एस. आई. सी
NSIC
REGISTERED

ONICRA
We Secure Trust
NSIC - ONICRA CREDIT RATED:SE1B

CONTACT : 1800 300 00 600 (TOLL FREE)

Printed & Published by S. Lalithambika IAS, Director, Dept. of Panchayats on behalf of Govt. of Kerala and Printed at Akshara Offset (for GLM), Vanchiyoor, Thiruvananthapuram, Kerala - 695 035 and Published at Directorate of Panchayats, Museum P.O., Thiruvananthapuram - 695 033, Kerala. Editor: S. Lalithambika IAS